A SELECTION OF OFFICIAL DOCUMENTS IN THE MALAYALAM LANGUAGE.

A

SELECTION

OF

OFFICIAL MALAYÁLAM DOCUMENTS,

CONSISTING OF 'ARZIS AND OTHER PAPERS.

COMPILED, ANNOTATED AND TRANSLATED

FOR THE USE OF CANDIDATES FOR THE INDIAN CIVIL SERVICE,

BY ORDER OF THE

RIGHT HON'BLE THE SECRETARY OF STATE FOR INDIA,

BY

L. GARTHWAITE,

INSPECTOR OF SCHOOLS IN MALABAR AND CANARA,
MALAYALAM EXAMINER TO THE UNIVERSITY OF MADRAS,
ACTING CANARESE TRANSLATOR TO GOVERNMENT, AND
LATE ACTING MALAYÁLAM TRANSLATOR TO GOVERNMENT.

COTTAYAM:

Lithographed for the Government of Madras,

AT THE CHURCH MISSION PRESS.

1868.

A SELECTION OF

MALAYA'LAM 'ARZI'S

BY L. GARTHWAITE.

(1)

മലെയാം ജില്ലാ കൽക്ടരായ[1] ജി. എ. ബെല്ലാൎഡ (*G.A. Ballard*) സാഹിബ[2] അവൎകളുടെ സംമുഖത്തിങ്കലെക്ക.

ഇങ്ക്ലിഷ റിക്കാൎഡകിപ്പർ[3] എഴുതിയ ഹരജി. ഒരം റിക്കാൎഡിൽ പണിഎടുക്കുന്ന അറ്റെണ്ടർ[4] കണ്ടക്കുട്ടിക്ക ഗുരുവായൂൎക്ക പൊയി വരുവാനായി ഒരം ദിസെമ്പ്ര[5] 3-ാംന്തി[6] ശനിയാഴ്ച മുതൽ 15 ദിവസത്തെക്ക കല്പന ബദലിന്മെൽ[7] കിട്ടെണമെന്ന മെപ്പടിയാൻ അപെക്ഷിച്ചിരിക്കുന്നു. അവൻ ഗുരുവായൂൎക്ക പുറപ്പെടുന്നത ശരിയാകകൊണ്ടു അപെക്ഷപ്രകാരം 15 ദിവസത്തെ കല്പന കൊടുപ്പാൻവെണ്ടി ഒരം വസ്തുത ബൊധിപ്പിച്ചിരിക്കുന്നു. എന്ന കൊല്ലം 1864-ാമത ദിസെമ്പ്രമാസം 1-ാംന്തി എഴുതിയത.

---

1. *English. Collector.*
2. *Arabic. Sáhib — lord, master. Here used for "Esquire." In Malabar all respectable Englishmen are styled Sáhibs.*
3. *E. English Record Keeper*
4. *E. Attender.* 5. *E. December.* 6. ന്തി. തിയ്യതി.
7. *Arabic. Badal, exchange, substitution, here substitute.*

(2) മലയാം കൽക്കട്ടർ ശ്രീ. ഹെ. ബെല്ലായ് സായ്പു അവർകളുടെ സംസ്ഥാനത്തിങ്കലെക്കു.

കൊഴിക്കൊട്ട താലൂക്ക അബ്കാരി കുത്തക ഷുക്കൂറ പ്രാംജി നസ്സർവാൻജി വക ദൊറൊബ്ജി മാനക്ജി ബൊധിപ്പിക്കുന്ന ഹരജി. മെപ്പടി കുത്തകയിലെക്കു വിൽപ്പാനായി മയ്യഴിനിന്നു 200 ഡജൻ[1] ബ്രാണ്ടി[2] കൊഴിക്കൊട്ടു ചുങ്കത്തു ഇറക്കിവെച്ചതു ക്രമപ്രകാരം ഉള്ള സർക്കാർ[3] ചുങ്കം വാങ്ങി വിട്ടുകിട്ടുവാൻ ഒരു രഹദാരി[4] കിട്ടുവാൻ അപെക്ഷിക്കുന്നു. 1864 നവെമ്പ്ര[5] 4-ാംനു.

---

1. *E.* *Dozen.*

2. *E.* *Brandy.*
3. Persian. Sarkár, Government. (Sar, head; kár, business.)
4. Persian. Rahdari, passport, Permit.
5. *E.* *November.*

(3)

മലയാം ജില്ലാ കൽക്കട്ടർ അവർകളായ
വാൾഹൌസ്സ[1] സായ്പു അവർകളുടെ സം
ക്ഷമത്തിങ്കലെക്കു.

കെഴിക്കൊട്ടു താലൂക്കു താസിൽദാർ രാമന് എഴുതിയ ഹരജ്ജി. ജനവരി 14—ാംനു തെ 20—ാം നമ്പ്ര[2] കല്പനയിൽ പറയുന്ന ശിരസ്തദാർ കുഞ്ഞികൊമൻനായർ ഠരം ജനവരി[3] 19 നു പണിയിൽ ഹാജരായിരിക്കകൊണ്ടു വസ്തുത ബൊധിപ്പിച്ചിരിക്കുന്നു. എന്നു കൊല്ലം 1864—ാമതു ജനവരി മാസം 20 നു ചെവായൂർനിന്നു എഴുതിയതു.

---

1. 'Walhouse'
2. E. Number.
3. E. January.

(4)

മലയാം ജില്ലാ കൽക്കട്ടർ അവർകളായ ബല്ലാൎഡ് സായ്പു അവർകൾ സമക്ഷത്തിങ്കലെക്ക.

കൊഴിക്കൊട്ട താലൂക്ക താസിൽദാർ രാമൻ എഴുതിയ ഹർജ്ജി. ജനവരി 12 ൹ത്തെ 17 ാം നമ്പ്ര കല്പന എത്തി.

അതിൽ പറയുന്ന തെക്കമരംപലകയുടെയും മറ്റും കാൎയ്യത്തിൽ ജനവരി 9 ൹ 5 ാം നമ്പ്രായി റിപ്പൊൎട്ട്[1] അയച്ചിരിക്കകൊണ്ടു ഒരം വസ്തുത ബൊധിപ്പിച്ചിരിക്കുന്നു. എന്ന കൊല്ലം 1864 ാമത ജനവരി മാസം 15 ാം൹ എഴുതിയത.

---

1. *E. Report.*

(5) മലയാം ജില്ലാ കൽക്കട്ടർ അവർക
ളായ ശ്രീ. എ. ബല്ലാൎഡ സായ്പു അ
വർകളുടെ സംകമുഖത്തിങ്കലെക്കു.

തലശ്ശെരി. അക്ടിങ്ങ[1] സബ്ബമജിസ്ത്രെട്ട. പെരുമാൾ പി
ള്ള എഴുതിയ ഹറജി. ആഗസ്തു[2]മാസം 15-ാംനു തെ
163-ാംനമ്പ്രായി ഉണ്ടായ കല്പനയും അതൊടുകൂടി
അയച്ച ലയിസൻസും[3] എത്തി.

ലയിസൻസു തയ്യിൽ കണ്ടിക്കുന്ന
തൊട്ടുതിരിക്കുന്നു. മുമ്പെ തൊട്ടുതായി അവൻ ഹാ
ജരാക്കിയ[4] ലയിസൻസു ഇതൊടുകൂടി മടങ്ങി അയ
ച്ചു വസ്തുത ബൊധിപ്പിച്ചിരിക്കുന്നു. എന്ന 1864
ആഗസ്തു 19-ാംനു.

---

1. E. *Ag: Sub Magistrate.* 2. E. *August.* 3. E. *License.*
4. Arabic. *Házir*, *present.*

(6) മലയാം കൽക്കട്ടർ കച്ചെരിയിലെക്കു.

ഏറനാട്ടു തുക്കിടി[1] മുൻസിഫ ബൊധിപ്പിക്കുന്നതു. ൧൦ം
കൊൎട്ടിൽ[2] ഫയൽ[3] 1862ൽ 544-ാംനമ്പ്രു വിധികടത്തി
ന്ന പ്രതിവക മതൻ ഹാജി[4] ചെയ്ത വിവരത്തിന്നു

എഴുതിയ ഒരു പരസ്യം ആ കച്ചേരിയിൽ പതിപ്പാൻവെണ്ടി ഇതൊടുകൂടി അയച്ചു ഠ ഠം വിവരം ബൊധിപ്പിച്ചിരിക്കുന്നു. എന്ന 1864 നവെംബ്ര 11 ന എഴുതിയത.

---

1. *Hindustáni*. (?) Tukri, a piece, — division; a district as opposed to a Zila. 2. E. Court.
3. E. File. 4. Arabic. Zabt, seizure.

(7) മലയാം കൽക്കട്ടർ കച്ചേരിയിലെക്കു.

പയ്യനാട്ടു തുക്കടി മുൻസിഫ ബൊധിപ്പിക്കുന്നത. ഠ ഠം കൊടതി ഫയൽ[1] 1354—ാം നമ്പ്ര വിധി നടത്തുന്ന കാര്യത്തിൽ പ്രതിവാദി മുതൽ വിൽപ്പാൻ നിശ്ചയിച്ചു എഴുതിയ പരസ്യം ഒന്നം 59ൽ 8—ാം നമ്പ്ര ആക്ടു[2] 249—ാം വകുപ്പ പ്രകാരം ആ കച്ചേരി[3]യിൽ പതിപ്പാനായി ഇതൊടുകൂടി അയച്ചിരിക്കുന്നു. എന്ന 1864 നവെംബ്ര 9—ാം തിയ്യതി എഴുതിയത.

---

1. E. File. 2. E. Act. 3. Hindustáni. Kachhari, an office.

(8) മലയാം കൽക്കട്ടർ കച്ചെരിയിലെക്കു.

വെട്ടത്തുനാട്ടു ഇക്കണ്ടി മുൻസിഫു ബൊധിപ്പിക്കുന്നതു.

൦രം കൊടതി ഫയൽ 62ൽ 2_ം 62ൽ 1070_ം 64ൽ 230_ം 64ൽ 304_ം നമ്പ്ര വിധികൾക്കു വെണ്ടി ഭൂമികൾ വില്പാൻ തയ്യാറാക്കിരിക്കുന്നതിൽ നാലു പതുപ്പങ്ങൾ 59ലെ 8_ാം നമ്പ്ര ആക്ട 249_ാം വകുപ്പിലെ താല്പൎയ്യപ്രകാരം നടത്തിപ്പാൻവെണ്ടി ഇതൊടു കൂടി അയച്ചിരിക്കുന്നു. എന്നു 64 ദിസെമ്പ്ര 10ൻ.

---

(9) മലയാം കൽക്കട്ടർ അവർകളായ ശ്രീ.
ഏ. ബെല്ലാൎഡ സായ്പു അവർകൾ
സംക്ഷമത്തിങ്കലെക്കു.

കൊഴിക്കൊട്ടു താലൂക്ക താസിൽദാർ രാമൻ എഴുതിയ ഹരജി. ജനവരി 14_ാം൹ത്തെ 22_ാം നമ്പ്ര കല്പനയിൽ പറയുന്ന സൎവ്വെയർമാർ 1. ശെഷൻ പട്ടർ 2. കൃഷ്ണ പട്ടർ 3. വെങ്കശെണായി ഇവർ സംക്ഷമം മുമ്പാകെ ഹാജരാവാനായി 16_ാം തിയ്യതി ഇവിടെ നിന്നു താക്കീത ചെയ്തു അയച്ചിരിക്കകൊണ്ടു ൦രം വ

സ്തത ബൊധിപ്പിച്ചിരിക്കുന്നു. എന്നു കൊല്ലം 1864-ാമതു ജനുവരി മാസം 18-ാം൹ എഴുതിയതു.

---

1. E. Surveyors. 2. Arabic. Tákíd, injunction-order.

(10) മലയാം ജില്ലാ കൽക്കട്ടർ ജി. എ. ബല്ലാർഡ് സായ്പു അവർകളുടെ സം
ക്ഷമത്തിങ്കലെക്കു.

കല്ലായിക്കൽ സൎക്കാരുവക മരം ഡിപ്പൊട്ടിൽ[1] ആക്ടിങ്ങ്ക്ലാൎക്ക്[2] കൊന്തിമെനൊൻ ബൊധിപ്പിക്കുന്നതു. ഈ മാസം 2-ാം൹ത്തെ ചിട്ടി 197-ാം നമ്പ്ര കല്പനപ്രകാരം കല്ലായിൽ ഉള്ള മരം മുള റിക്കാൎഡുകൾ[3] ഇതുകൾ എല്ലാം ലിസ്തു[4] പ്രകാരം ശരി കാണുകയും ക്രമപ്രകാരം പാറാവു കൊൽക്കാരനെ മരങ്ങളും മുളകളും ഏല്പിക്കുകയും റിക്കാൎഡുകൾ ഞാൻ തന്നെ സൂക്ഷിക്കുകയും ചെയ്തിരിക്കകൊണ്ടു ഈ വിവരം ബൊധിപ്പിച്ചിരിക്കുന്നു. എന്നു 1864 ഡിസമ്പ്ര 6-ാം തിയ്യതി എഴുതിയതു.

---

1. E. Depôt. 2. E. Acting-Clerk. 3. E. Records. 4. E. List.

(11) മലയാം കൽക്കട്ടർ അവർകളായ
ശ്രീ. എച. വെല്ലസ്ലി സായ്പു അവർ
കളുടെ സംക്ഷേപത്തിങ്കലേക്കു.

കൊഴിക്കൊട്ടു താലൂക്ക താസിൽദാർ രാമൻ എഴുതിയ ഹരജി. കഴിഞ്ഞ [1]ജൂൻ 23-ാം൹യിലെ 161-ാം നമ്പ്ര കല്പനയിൽ പ്രസാദിച്ച പ്രകാരം ഒരം താലൂക്ക കൊൽക്കാരൻ ഗ്രദ്ധവിന പകരം [2]ഹജൂര ക്ലിൎക്ക്സ്റ്റു [3]ശിപായി പണിയിൽ നിന്ന പുതിയ നിശ്ചയത്തിൽ പിരിഞ്ഞുപൊയ കയമ്പള്ളി കൃഷ്ണൻ നായരെ നിശ്ചയിച്ചിരിക്കകൊണ്ടു ഒരം വസ്തുത ബൊധിപ്പിച്ചിരിക്കുന്നു. എന്ന 1864 [4]ജൂലായി മാസം 9 ൹ എഴുതിയതു.

---

1. E. June
2. Arabic. Huzúr, presence; a term applied to the office of the Head Collector and Magistrate.
3. Persian. Sipáhi, a soldier; — but here a policeman, or rather, a peon i.e, an attendant to carry messages &c.
4. E. July.

(12) മലയാം ജില്ലാ കലക്കട്ടർ ബെല്ലാ
ർവ്വ സായ്വു അവർകളുടെ സംക്ഷ
ത്തിങ്കലെക്കു.

ചൊന്നാനി ചുങ്കത്തു ദഫ്ത്രിന്റ [1]റയിട്ടർ തൃക്കാവിൽ തെക്കെമഠത്തിൽ രാമപട്ടർ ബൊധിപ്പിക്കുന്നത. ഞാൻ പരിക്ഷക്കു ഹാജരാകാൻ ബൊദ്ധ്യതപ്പെട്ടിരിക്കുന്ന [2]ഡാക്തർ അവർകളുടെ [3]സട്ടിഫിക്കെറ്റു ഈ മാസം 23-ാംനു ഹാജരാക്കെണമെന്ന ഇന്നലെ ഡിസെമ്പ്ര 18-ാംനു [4]നൊട്ടിസ്സു കിട്ടി വിവരം അറിഞ്ഞിരിക്കുന്നു.

ആ സട്ടിഫിക്കെറ്റു കൊഴിക്കൊട്ടുള്ള ഡാക്തർ അവർകളൊടു ഈ മാസം 12-ാംനു വാങ്ങി 13-ാംനു തന്നെ ഹജൂര [5]ഹെഡ അക്കൊണ്ടാണ്ടു പിള്ളെക്കണ്ണിയവർകൾ മുഖാന്തരമായി ഹജൂർകച്ചെരിയിൽ ഹാജരാക്കിയിരിക്കകൊണ്ടു ഈ വിവരം സംക്ഷത്തിങ്കൽ ബൊധിപ്പിച്ചിരിക്കുന്നു. എന്ന 1864 ഡിസെമ്പ്ര 19 നു.

---

1. *E. Writer.*
2. *E. Doctor.*
3. *E. Certificate.*
4. *E. Notice.*
5. *E. Head Accountant.*

(13) മലയാം ജില്ലാ കൽക്ടർ അവ
ർകളായ പെല്ലാഡ്യ സായ്പ അവ
ർകളുടെ സംക്ഷത്തിങ്കലെക്ക.

കൊഴിക്കൊട്ട താലൂക്ക തഹശിൽദാർ രാമൻ എഴുതിയ ഹർജ്ജി. ഈ മാസം 12-ാംനു തൊ 14-ാം നമ്പ്ര കല്പന എത്തി.

2-ാം ഗുമസ്തൻ കൃഷ്ണമെനൊൻ രണ്ടുമാസത്തെ കല്പന വെണം എന്നതിനെയാണ ആയാൾ ഇപ്പൊഴും അപെക്ഷിക്കുന്നത. എന്നാൽ അവശ്യകാര്യങ്ങളും അതിനുള്ള സമയവും കൊണ്ട ഇതിൽ കുറയാതെ വെണ്ടിവരുമെന്ന തൊന്നിയിരിക്കുന്നു.

ഈ ഗുമസ്തൻ നടത്തുന്ന പ്രവൃത്തി 2-ാം ഇൻസ്പെക്ടർ[1] രാമുണ്ണിയെ കൊണ്ടു കുഴക്ക കൂടാതെ നിവൃത്തിച്ചുകൊള്ളാവുന്നതാകയാൽ ഈ വസ്തുത ബൊധിപ്പിച്ചിരിക്കുന്നു. എന്ന കൊല്ലം 1864-ാമത ജനവരിമാസം 15-ാംനു എഴുതിയത.

---

1. *E. Inspector.*

(14) മലയാം ജില്ലാ അ-ധാൽമദർ അ
വർകളായ വാൽഹൌസ്സ സായ്പു
അവർകളുടെ സംക്ഷത്തിക്കലെക്ക.

കൊഴിക്കൊട്ട താലൂക്ക തഹശിൽദാർ രാമൻ എ
ഴുതിയ ഹരജി. ഠം മാസം 11-ാംനു തന്ന 53-ാം
നമ്പ്ര കല്പനയിലെ വിവരം ഗുമസ്തൻ സൂര്യ
നാരായണനെന്നവനെ കല്പനമൂലം അറിയിച്ചാറെ
അയാൾ ഇന്നലെ ഞായറാഴ്ചതന്നെ പൊന്നാ
നി താലൂക്കിലെക്ക ഹാജരാവാൻ പുറപ്പെട്ടു
പൊകുന്ന പ്രകാരം [1]റിപ്പൊർട്ട വന്നിരിക്കകൊണ്ടു
ആയതു ഇതൊടുകൂടി അയച്ചു വരുന്ന ബൊ
ധിപ്പിച്ചിരിക്കുന്നു. 64 [2]ഫിബ്രവരി 15-ാംനു
എഴുതിയതു.

---

1. E. Report. 2. E. February.

(15) കൊഴിക്കൊട്ടു താലൂക്കു കച്ചെരിയിലെക്കു.

ഗുമസ്തൻ സൂൎയ്യനാരായണയ്യൻ ബൊധിപ്പിക്കുന്നതു.

ഹജൂരു സന്നിധാനത്തിങ്കലെ പിബ്രവരി 11—ാംതി യെ 53—ാംനമ്പ്ര കല്പനയൊടുകൂടി 13—ാംതി താലൂക്കിൽനിന്നു ഉണ്ടായ കല്പന 14—ാംതി ഞായറാഴ്ച പകൽ 4 മണിക്കു കിട്ടി.

കല്പനകൊണ്ടു എന്നെ പൊന്നാനിക്കു തിരിച്ചിരിക്കുന്നതായി കാണുന്നതിനാൽ അപ്രകാരം പൊന്നാനി താലൂക്കിലെക്കു ഹാജരാവാൻ ഇന്നു തന്നെ പുറപ്പെട്ടുപൊകുന്ന വിവരം ബൊധിപ്പിച്ചിരിക്കുന്നു. എന്നു 1864 പിബ്രവരി 14—ാംതി എഴുതിയതു.

(16) മലയാം കൽകട്ടരവൎകളായ പെല്ലാ
വ്യ സാഹെബവൎകളുടെ സമക്ഷത്തി
ങ്കലെക്കു.

കണ്ണൂരു സബ്ബമജിസ്ത്രെട്ടു രാമുണ്ണിയും ക്രാഷകി
ഷ്ടർ കുഞ്ഞുകുറുപ്പും കൂടി ബൊധിപ്പിക്കുന്ന ഹരജി-കൊഴി

ക്കൊട്ടിൽ ഉണ്ടാവാൻ പൊകുന്ന [2]നൊട്ടു വക പുതിയ
നിശ്ചയങ്ങളിൽ തനിക്കു ഒരു [3]ജാസ്തി കിട്ടുവാൻ [4]ശിപാ
ൎശി ചെയ്യെണമെന്നു ൟ [5]ഖജാന രണ്ടാം [6]അക്കൌ
ണ്ടാണ്ടു കൃഷ്ണയ്യൻ ഞങ്ങളൊടു ബൊധിപ്പിച്ചിരിക്കു
ന്നു.

അദ്ദെഹം എഴുത്തിന്നും കണക്കിന്നും ന
ല്ല പ്രാപ്തനും [7]അങ്കവനണ്ടു പരിക്ഷ കൊടുക്കയും ഇ
ങ്ക്ലീഷ അറിവുള്ള ആളും ആകകൊണ്ടു അയാളുടെ
യൊഗ്യത നിമിത്തം അപെക്ഷപ്രകാരം ൟ നിശ്ചൊ
ട്ടുപ്രകാരം ശിപാൎശി ചെയ്യുന്നു. എന്നു 1864 ാമ
ത [8]ഒക്കടൊബ്രമാസം 26 ാംനു എഴുതിയതു.

---

1. E. *Cash-keeper.*
2. E. *Note.*
3. Pers. *Ziyádati*, increase.
4. Pers. *Sifárish*, recommendation.
5. Pers. *Khazána*, treasuary.
6. E. *Accountant.*
7. E. *Uncovenanted.*
8. E. *October.*

(17) മലയാം ജില്ലാ കലക്കട്ടരവർകളായ
ജി. എ. ബല്ലാർഡ് സായ്പവർകളുടെ
സമക്ഷമത്തിങ്കലെക്കു.

കോഴിക്കൊട്ടു താലൂക്ക തഹശിൽദാർ രാമൻ എഴുതിയ ഹരജി. ടി താലൂക്ക കൊൽക്കാരൻ തൊട്ടശ്ശെരി ഇക്കിരിനായക്ക പനി ദീനം നിമിത്തം കഴിഞ്ഞ മെയി 29-ാംനു മുതൽക്കു ഉമെദവാരൻ പരുത്തൊളി ചാത്തുവിനെ ബദൽവെച്ചു ഒരു മാസത്തെ കല്പന കൊടുത്ത അവധി ടി മാസം 28-ാംനയൊടു കൂടി തീന്നിരിക്കുന്നു.

ദീനം ഭെദമായിട്ടില്ലെന്നും ഇനിയും 15 ദിവസത്തെ കല്പന കൂടി കൊടുക്കെണമെന്നും ആയാൾ റിപ്പൊൎട്ടു മൂലം അപെക്ഷിച്ചിരിക്കുന്നു. ഇക്കിരി നായക്ക ദീനം ഉള്ളതു ശരിയാണെന്നു അറിയുന്നതിനാൽ ആയാൾ അപെക്ഷിക്കുന്ന പ്രകാരം മുൻബദലിന്മെൽതന്നെ 15 ദിവസത്തെ കല്പന കൂടി അനുവദിപ്പാൻ

കല്പന ഉണ്ടാവാൻ ൟ വസ്തുത ബൊധിപ്പിച്ചിരിക്കു
ന്നു. എന്ന 1864 ജൂൺ 30 നു എഴുതിയത്.

---

1. (Arabic, Ummēd - Expectation - Wār, Persian personal affix) = an expectant; here, one who serves without pay merely to learn the work.

(18) മലയാം ജില്ലാ കൽക്കട്ടരവർകളായ
ഇ. എ. ബെല്ലാസ്സ സായ്പവർകളുടെ
സമക്ഷത്തിങ്കലെക്കു.

കൊഴിക്കൊട്ടു താലൂക്കു തഹശിൽദാർ രാമൻ എഴുതി
ച ഹരജി. ൟ മാസം 10 നു ലെ 88 നംബ്ര
കല്പനയിൽ പറയുന്ന [1]പയനീർ പട്ടാളം ൟ താലൂ
ക്കിന്റെ അതിരിൽ എത്തിയാൽ വെണ്ടുന്ന സാമാനങ്ങ
ളും മറ്റും തയ്യാറാക്കി കൊടുക്കുവാൻ 3 നംബ്ര ഉൻ
ബ്ബെക്ടർ ഉഴത്ര വാരിയർക്കും കൊഴക്കൂരു, കൂടത്തായി
കുന്ദമംഗലം, നഗരം, കസബ, കച്ചേരി, എടക്കാട്ടു
എലത്തൂരു, ൟ അംശം അധികാരികൾക്കും വെണ്ടു
ന്ന കല്പനയും ഢഫെദാർ കോൽക്കാരെയും അയച്ചു

അവെക്കു വെണ്ടുന്ന സകല സാമാനങ്ങളും തയ്യാർ[2] ചെയ്തു കൊടുപ്പിക്കുകയും യാതൊരു കുഴക്കും താമസവും കൂടാതെ ൟ മാസം 14_ാംനു ൟ താലൂക്കിന്റെ അതിർ കടത്തി വെയക്കുകയും ചെയ്തിരിക്കകൊണ്ടു ൟ വസ്തുത ബോധിപ്പിച്ചിരിക്കുന്നു- എന്ന 1864_ാമത മാർച്ചിമാസം 18_ാംനു എഴുതിയതു-

---

1. E. *Pioneer.* 2. Ar. *Taiyár,* ready.

(19) മലയാം ജില്ലാ കൽക്കട്ടരവർകളായ വാൽഹൌസ്സ സായ്പവർകളുടെ സമക്ഷമത്തിങ്കലെക്കു-

കൊഴിക്കൊട്ടു താലൂക്കു തഹശിൽദാർ രാമൻ എഴുതിയ ഹരജി- കഴിഞ്ഞ ജനവരി 28_ാംനുത്തെ 35_ാംനമ്പ്ര കല്പനയിൽ പറയുന്ന മംഗല അംശം അധികാരി കൊമനെ പണിയിൽനിന്നു മൂന്നു മാസം സസ്പെണ്ടു[1] ചെയ്തു വിവരം അവനെ കല്പന മൂലം അറിയിച്ചിരിക്കുന്നു-

ഇപ്പോൾ പണം പിരിവു മുത

ളായ വ്യക്തരെ പണിതിരക്കുന്ന സമയം ആകയാൽ
തദ്ദേശവാസിയും അധികാരി പണി നടത്തുവാൻ
യോഗ്യതയുള്ളവനുമായ ഉള്ളാട്ടിൽ നാരായണനെ
ഫിബ്രുവരി 1-ാംതി മുതൽക്ക തൽക്കാലം വെച്ച
പണി നടത്തിവരുന്നതാകകൊണ്ടു അത സമ്മതിച്ച
കല്പന ഉണ്ടാവാൻ വേണ്ടി വസ്തുത ബോധിപ്പിച്ചി
രിക്കുന്നു - 1864 - ഫിബ്രുവരി 3-ാംനു എഴുതി
യത -

---

1. E. *Suspend* -

(20) മലയാം ജില്ലാ കൽക്ടരവർകളായ
ജി - എ - ബല്ലാൎഡ സായ്പവർകളുടെ
സമക്ഷത്തിങ്കലെക്ക -

കോഴിക്കോട താലൂക്ക തഹശിൽദാർ ചൂഷ്മി രാമ
ൻ എഴുതിയ ഹരജി - ഠാം മാസം 9-ാംനു മജി
സ്ത്രെട്ട വക 44-ാംനമ്പ്ര കല്പന പ്രകാരം ഒരു
കൊല്ലം സസ്പെണ്ടാക്കിയ കൊല്ലം അംശം അധികാരി
പണിക്ക തദ്ദേശവാസിയും പണി നടത്തുവാൻ ശെഷി

യുള്ളവനം ആയ പാറക്കൽ ശങ്കരമെനൊനെ തൽ
ക്കാലത്തെക്കു വെച്ചു പണി നൊക്കുവാൻ കല്പന
കൊടുത്തിരിക്കകൊണ്ടു ഒരു കൊല്ലം പരെക്കു ആ ശ
ങ്കരമെനൊനെ തന്നെ അധികാരി പണിക്കു വെപ്പാൻ
കല്പന ഉണ്ടാവാൻ വെണ്ടി വസ്തുത ബൊധിപ്പിച്ചി
രിക്കുന്നു- 64 മെയിമാസം 20_ാംനു എഴുതിയതു-

I. *E. May*.

(21) മലയാം കൽക്കട്ടർ ഇ- എ- ബെല്ലും
സ്സ സായ്പവർകളുടെ സമക്ഷത്തിങ്ക
ലെക്കു-

കെഴിക്കൊടു രണ്ടാം ക്ലാസ്സ സബൊഡിനെററു മജി
സ്ത്രെട്ട സപ്രായമുതലിയാരു എഴുതിയ ഹർജ്ജി- സ
ത്തെമ്പ്രു 8_ാംനത്തെ ചിട്ടി 172_ാംനമ്പ്രു
കല്പന ഇന്നലെ കിട്ടി-

അതിൽ പറയുന്ന പ്രകാരം സ
ർക്കാർ വക മരങ്ങളും കഴുക്കളും പുഴയിൽനിന്നു ക
രക്കു കയററിവെക്കാനുള്ള പ്രവൃത്തിക്കു ദക്കാസ്സു

ചെയ്യാൻ മനസ്സുള്ളവർ ഉണ്ടെങ്കിൽ സമക്ഷമം
മുമ്പാകെ ഹാജരായി ദർഖാസ്തു ചെയ്യാൻ ആവക
ആളുകൾ ഉള്ളെടത്തായ ക്ലാസ്സായി കൂട്ടങ്ങൾ മുതലായ
പ്രദേശങ്ങളിലും നഗരങ്ങളിലും ടംടം[2] അടിപ്പിച്ചു
പ്രസിദ്ധപ്പെടുത്തിരിക്കകൊണ്ടു പസ്തുത ബോധി
പ്പിച്ചിരിക്കുന്നു - എന്ന 1864 സപ്തെമ്പ്രു[3] മാസം
10 — ാം തി എഴുതിയത.

---

1. *E. Class.* 2. *Bengálí, tan-tan, a small drum.*
3. *E. September.*

(22) മലയാം ജില്ലാ കൽക്ടരവർകളാ
യ ബെയ്ലി സായ്പവർകളുടെ സ
മക്ഷമത്തിങ്കലെക്കു.

സബ്കൽക്ടർ കച്ചേരി അ. ശിരസ്തെദാർ ശങ്ക
രമാരാർ എഴുതിയ ഹരജി - തലശ്ശേരി ജില്ലാ
സെഷൻ[1] കോടതിയിൽ 1865 —ാമത കൊല്ലത്തിൽ
ജൂറിയായിട്ടും[2] അസെസ്സരായിട്ടും[3] ഇരിപ്പാൻ
ബെണ്ടുന്ന ആളുകളുടെ വിവരം പട്ടിക ഉണ്ടാക്കി

അയക്കെണമെന്നുള്ള ഡെപ്പിടി കൊടതിയിലെ ൧൨൦
ദിസമ്പ്ര 8 — ൦ തിയതി 182 — ൦ നമ്പ്ര കത്തി
ന്റെ പകൎപ്പിന്മെൽ അസിസ്താണ്ടു കൽക്കട്ടർ സാ
യ്പവർകൾ എഴുതിയ [5]എണ്ടൊൎസ്സു എത്തി-

ഡെപ്പുട്ടി അസ്സെസ്സൎമ്മാരെ പെ
ർ വിവരം കാണിച്ചു തയ്യാറാക്കിയ ഒരു പട്ടികയും
നാലു പരസ്യങ്ങളും ഇതൊടുകൂടി അയച്ചിരിക്കുന്നു-
അതുകളിൽ ഒപ്പും മുദ്രയും വെച്ചു ഒരു പരസ്യ
വും പട്ടികയും സെഷൻകൊടതിക്കു അയക്കെണ്ടതും
മൂന്നു പരസ്യം ഇവിടെക്കു അയക്കെണ്ടതുമാകകൊ
ണ്ടു ൟ വസ്തുതയും ബൊധിപ്പിച്ചിരിക്കുന്നു- എന്നു
1864 ദിസമ്പ്രമാസം 22 — ൦ തി തലശ്ശെരിനിന്നു
എഴുതിയതു-

---

1. *E. Session.*
2. *E. Jurors.*
3. *E. Assessors.*
4. *E. Assistant.*
5. *E. Endorse = endorsement.*

(23) മലയാം ജില്ലാ കലക്ടരവർ
കളായ ജി. ഏ. ബല്ലാർഡ സാ
യ്പവർകളുടെ സമക്ഷത്തിങ്ക
ലെക്ക.

കോഴിക്കോട്ട താലൂക്ക ശിരസ്തദാർ കോമൻനായ
ർ എഴുതിയ ഹരജി. കഴിഞ്ഞ മെയി 29-ാംനു
ത്തെ 134-ാം നമ്പ്ര കല്പനയിൽ പ്രസ്താവിച്ച
13-44- നമ്പ്ര പട്ടാളം ഈ താലൂക്കിൽ ചെന്ന
ദിക്കുകളിൽ എത്തി [1]മുക്കാം ചെയ്ത സ്ഥലങ്ങളിലും
മറ്റും അവൎക്ക വെണ്ടുന്ന സകല സാമാനങ്ങളും
പണ്ടി മുതലായതും കടവത്തു തോണി ചങ്ങാടങ്ങ
ളും തയ്യാർചെയ്തു കൊടുപ്പിച്ചു യാതൊരു കുഴക്കും
താമസവും കൂടാതെ ഈ താലൂക്കിന്റെ അതിർ കട
ത്തി അയച്ചിരിക്കകൊണ്ടു ഈ വസ്തുത ബൊധിപ്പി
ച്ചിരിക്കുന്നു. 64 ജൂൻ 7-ാംനു എഴുതിയത.

1. *Ar. Mugám* = station, halting place.

(24) മലയാം ജില്ലാ കൽക്കട്ടരവർക
ളായ ജി. എ. ബെല്ലാഡ് സാഹി
വർകളുടെ സമക്ഷമത്തിങ്കലെക്ക.

കൊഴിക്കൊട്ട താലൂക്ക തഹശിൽദാർ രാമൻ എഴു
തിയ ഹരജി. കഴിഞ്ഞ ജൂൻ 30 --ാംനു തെ
ശിമവക 168 --ാംനമ്പ്ര കല്പന എത്തി.

അതിൽ പറയുന്ന മങ്ങി മുതലായ
കാറവ്വ കുത്തക എടുത്ത അടിച്ചിക്കൊട്ട രാമൻ മുതൽ
2 --ാളൊട്ട രണ്ടുകിസ്തിന്റെ മുതൽ പസൂലാക്കിയത
കല്പനയിൽ പറയും പ്രകാരം 375 റുപ്പിക തന്നെ
ആകുന്നു.

എന്നാൽ ആ സംഖ്യ 275 എന്നും
എലത്തൂർ പാലം കുത്തക എടുത്ത കള്ളിക്കൽ രാ
രിച്ചനൊട്ട പസൂലാക്കാൻ ഉള്ള രണ്ടു കിസ്തി
ന്റെ മുതൽ 115 എന്നും 126 --ാംനമ്പ്ര റിപ്പൊ
ട്ടിൽ കാണിച്ച പൊയത ഗുമസ്തൻ രാമമെനൊ
ന്റെ സൂക്ഷ്കുറവിനാൽ വന്നത എന്നും കാണുക
കൊണ്ടു ൨ാം പസൂത ബൊധിപ്പിച്ചിരിക്കുന്നു.

2.4

എന്നു 1864 ജൂലായി മാസം 3-ാം നു എഴുതിയതു-

1. Arabic. *Wasúl*, collection.

(25) മലയാം ജില്ലാ കല്ക്കട്ടരവര്കളായ പെല്ലാഡ് സായ്പവര്കളുടെ സമക്ഷത്തിങ്കലെക്കു-

കൊഴിക്കൊടു താലൂക്കു തഹശില്ദാര് രാമന് എഴുതിയ ഹരജി- ൪൦ മാസം 12-ാംനു ത്തെ 15-ാം നമ്പ്ര കല്പനയില് പറയുന്ന [1]പൊല്ലിസ്സ ശിക്ഷയില് ഉള്പ്പെട്ടു തടവില് ഇരിക്കുന്ന ഇരിങ്ങല്ലൂര് അംശം മെനൊന് പണിക്കു തല്ക്കാലത്തെക്കു കൊല്ലത്തു കരുണാകരമെനൊനെ വെച്ചു നൊക്കിച്ചു വരുന്നു-

ആ അംശത്തില് മെനൊന് ഉദ്യൊഗസ്ഥ യാല് പണിക്കു തടസ്ഥം നെരിടുകകൊണ്ടു മെല്പ്രകാരം $\frac{\text{തല്ക്കാലത്തെക്കു}}{\text{64 ജനവരി 6-ാം നു മുതല്ക്കു}}$ നിശ്ചയിച്ചതാകകൊണ്ടു സമ്മതിച്ചു കല്പന ഉണ്ടാവാന് അപെ

ക്ഷിക്കുന്നു. എന്നു കൊല്ലം 1864-ാമത ജനവ
രിമാസം 18-ാംനു എഴുതിയത.

I. E. Police.

(26) മലയാം കൽക്കട്ടർ മഹാരാജശ്രീ
ബല്ലാർഡ് സായ്പവർകളുടെ സമ
ക്ഷത്തിങ്കലെക്ക.

ഹജൂർ ക്ലർക്ക പുന്നൊളി കൊമുമെനൊൻ ബൊ
ധിപ്പിക്കുന്ന ഹർജി. എനിക്ക ദിനത്തിന്ന ചികി
ത്സിപ്പാൻ രണ്ടുമാസത്തെ കല്പന തന്നിട്ടുണ്ടല്ലൊ.
ദിനത്തിന്ന ചികിത്സ കഴിഞ്ഞു എതാനും ഭെദം
വന്നിരിക്കുന്നു. ഇപ്പൊൾ ഒരു മരുന്ന സെവിക്കു
ന്നത കഴിഞ്ഞിട്ടില്ല. അതു കൂടി കഴിഞ്ഞു പണിയി
ൽ ഹാജരാകെണ്ടതിന്ന 15 ദിവസത്തെ ഇടകൂടി
വെണ്ടി വന്നിരിക്കകൊണ്ടു യജമാനനവർകൾ ദ
യവു ചെയ്തു 15 ദിവസത്തെ കല്പന കൂടി ത
രുവാൻ അപെക്ഷിക്കുന്നു. 64 ആഗസ്ത 29-ാംനു.

I. E. August.

(27) മലയാം ഡിസ്ത്രിക്കു കൽക്കട്ടരവർ
കളായ ഇ. ഏ. ബല്ലാഡ സായ്പ
വർകളുടെ സമക്ഷമത്തിങ്കലെക്കു-
ഡിപ്യുട്ടി കൽക്കടർ ഹ്വപടസൻ സായ്പവർകളുടെ
കീഴിൽ പണി എടുക്കുന്ന ഗ്രമസ്തൻ ചൊയ്യി ക്കു
ണാരി ബൊധിപ്പിക്കുന്നതു- ഇനിക്കു നാട്ടിൽ
പൊയി കുഞ്ഞുകുട്ടികളെ കണ്ടും ചില അടിയന്തര
ങ്ങൾ കഴിച്ചും വരെണ്ടതിന്നു ഒന്നരമാസത്തെ ക
ല്പന അത്യാവശ്യമായി വന്നിരിക്കുന്നു-

രണ്ടുകൊല്ലമായിട്ടു ഞാൻ [2] പ്രിവി
ലിജ്ജ ലീവു വാങ്ങീട്ടില്ല- ഒരു മാസത്തിൽ അധികമാ
യി പ്രിവിലിജ്ജ ലീവു കിട്ടുന്നതല്ലെന്നു പുതിയ [3] റൂൾ
ഉണ്ടായതിന്റെ ശെഷം ഇതു ഒന്നാമതു അപെക്ഷി
ക്കുന്നതും രണ്ടുകൊല്ലത്തിന്നു ഇപ്പുറം പ്രിവിലിജ്ജ
ലീവു വാങ്ങീട്ടില്ലാത്തതും ആകകൊണ്ടു ഒന്നരമാസ
ത്തെ കല്പന സമ്മതിച്ചു കിട്ടുവാൻ അപെക്ഷിക്കു
ന്നു: 64 ദിശമ്പ്ര 22 നു-

1. *E. Deputy.* 2. *E. Privilege leave.* 3. *E. Rule.*

(28) മലയാം ജില്ലാ കൽക്കട്ടരവർകളായ ബെല്ലാഡ്യ സായ്പവർകൾ സമക്ഷത്തിങ്കലെക്കു.

കൊഴിക്കൊട്ടു താലൂക്ക തഹശിൽദാർ രാമൻ എഴുതിയ ഹർജ്ജി- ടി മാസം 25-ാംതിയ്യതി 166-ാംനമ്പ്ര കല്പനയിൽ പ്രസ്താവിച്ച പ്രകാരം ഏറനാട്ട താലൂക്കിലെ കടവു കുത്തക ഏററ അടിച്ചിക്കാട്ടു രാമൻ മുതൽ രണ്ടാളെ രണ്ടു കിസ്തിന്റെ മുതലൊടുകൂടി അയപ്പാനായിട്ടു ആ താലൂക്കിൽനിന്ന എഴുതുവന്നിട്ടില്ലാ- എങ്കിലും ഡെപ്യുടി രാമൻ പെറെ കാൎയ്യത്തിനായി ടി കച്ചെരിയിൽ ഹാജർ ഉണ്ടായിരുന്നതിനാൽ ടി സംഗതി കൊണ്ടു ചൊദിച്ചാറെ ഏറനാട്ടു താലൂക്കിൽ കെട്ടി വെപ്പാനുള്ള രണ്ടു കിസ്തിന്റെ മുതൽ തന്റെ കൂട്ടുകാരനായ കാലൂന്റെ അടുക്കൽ ബൊധിച്ചി വക്കൽ കൊടുത്തയച്ചിരിക്കുന്നു എന്നും ഇപ്പൊൾ എത്തിയിരിപ്പാൻ സംഗതി ഉണ്ടെന്നും ബൊ

ധിപ്പിച്ചിരിക്കുന്നതിനാൽ ആ മുതൽ ഏറുനാടു താലൂ
ക്കിൽ അയച്ചുവൊ ഇല്ലയൊ എന്നു അറിഞ്ഞു വെ
ണ്ടുന്നപൊലെ ചെയ്തു കൊള്ളെണ്ടുന്നതാകകൊണ്ടു
ഈ വസ്തുത ബൊധിപ്പിച്ചിരിക്കുന്നു- 64 ജൂൻ
28—ാംനു എഴുതിയതു-

---

1. *Arabic*. Kist, *an instalment (of a tax)*.

(29) മലയാം [1]ഡിസ്ത്രിക്കട്ടു മജിസ്ത്രെ
ട്ടവർകളായ ഇ- എ- ബല്ലാൎഡു
സായ്പവർകളുടെ സമക്ഷമത്തിങ്ക
ലെക്കു-

ഏറുനാടു താലൂക്കു 1—ാം ക്ലാസ്സു സബൊർഡിനെററു
മജിസ്ത്രെട്ടായ രാമുണ്ണിമാരാർ എഴുതിയ ഹർജി- ഈ
മാസം 4നു തെ 118—ാം നമ്പ്ര കല്പന കിട്ടി-
അതിൽ പറയുന്ന പ്രകാരം 65ൽ
സെഷൻ 183—ാം നമ്പ്രിൽ 11—ാം പ്രതിക്കാരൻ
ഞെട്ടപ്പുറത്തു വടക്കെവീട്ടിൽ ഇസ്മാലിനെ കണ്ടു സം
സാരിപ്പാൻ ഇട കിട്ടുമെന്നു വടക്കെവീട്ടിൽ മമ്മത

കുട്ടി മുതൽ 4-ാളെ അറിയിപ്പാൻ കഴിഞ്ഞില്ല.
ഈ അംശം അധികാരിക്കു കല്പന കൊടുക്കുകയും അ
റിയിച്ചു എന്നു. അധികാരിയുടെ മറുപടി പ
റികയും ചെയ്തിരിക്കകൊണ്ടു ഈ വസ്തുത
ബൊധിപ്പിച്ചിരിക്കുന്നു. എന്നു 1865-ാമത ദി
സെമ്പ്രമാസം 26 നു എഴുതിയതു.

I. E. District.

(30) മലയാം ഡിസ്ത്രിക്കട്ടു മജിസ്ത്രേട്ടു
വർക്കളായ ഇ. എ. ബെല്ലാഡു സാ
യ്പവർകളുടെ സമക്ഷമത്തിങ്കലെക്കു.

എർനാട്ടു താലൂക്കു 1-ാം ക്ലാസ്സു സബൊഡിനെററു
മജിസ്ത്രേട്ടായ രാമുണ്ണിമാരാർ എഴുതിയ ഹരജി.
ഈ താലൂക്കു കിഴുമുറി അംശത്തിൽ വാണക്കാട്ടു ആ
റുകൊയയുടെ കുടിയിൽ ഉണ്ടായ നെച്ചിക്കു പൊ
കമ്പൊൾ ഈ മാസം 4 നു രാത്രി കൊഴിക്കൊ
ടൻ ഇമ്പാലുവിന്റെ മകൻ 14 വയസ്സു പ്രാ
യമുള്ള കുട്ട്യാലി എന്ന കുട്ടി കല്പറമ്പു പറ

ബിയുടെ കിണററിൽ അബദ്ധമായി വീണു മരിച്ചുപൊയ പ്രകാരവും വെറെ വിധം സംശയിപ്പാൻ തക്ക സംഗതികൾ ഒന്നും ഇല്ലെന്നും കീഴൂറി അംശം അധികാരിയുടെ റിപ്പോർട്ടുകൾ മെപ്പടി കുട്ടിയുടെ ശെഷക്കാർ വൈദ്യൻ മുതലായവരുടെ കയ്യിത്തുകൾ ഇതുകളാൽ കാണപ്പെട്ടിരിക്കകൊണ്ടു വിവരം ബൊധിപ്പിച്ചിരിക്കുന്നു.

എന്നു 1865-ാമത ദിശമ്പ്രമാസം 20-നു എഴുതിയതു.

(31) മലയാം ജില്ലാ ഡിസ്ത്രിക്കു മജിസ്ത്രെട്ടവർകളായ ജി. എ. ബല്ലാർഡ്ഡ സായ്പവർകളുടെ സമക്ഷത്തിങ്കലെക്കു.

കൊഴിക്കൊട്ടു താലൂക്കു അ. രണ്ടാം ക്ലാസ്സു സബൊർഡിനെട്ടു മജിസ്ത്രെട്ടു ചാത്തുമെനൊൻ എഴുതിയ ഹർജി. കഴിഞ്ഞ സത്തെമ്പ്രമാസം 26-ാംനു 140-ാം നമ്പ്ര റിപ്പൊർട്ടൊടു കൂടി സമക്ഷമം മുമ്പാകെ അയച്ചിരിക്കുന്ന ഭ്രാന്തൻ വൊലപങ്ങൻ

കണ്ണൻനായക്കു ഇപ്പോൾ പത്തു ദിവസത്തോളമായി ഭ്രാന്തു അധികം തുടങ്ങി ജനങ്ങൾക്കു ഉപദ്രവമായി കണ്ടതിനാൽ ചെവക്കൂർ സ്റ്റെഷൻ[1] പൊലീസ്സുകാർ പിടിച്ചു ഹാജരാക്കുകയും ഭ്രാന്തും അതിനാൽ ഉപദ്രവങ്ങളും ഉള്ളതായി കാണുകയും ചെയ്തിരിക്കുന്നതിനാൽ [2]ആസ്പത്രിക്കു അയച്ചു ചികിത്സിപ്പിപ്പാൻ കല്പന ഉണ്ടാകനായി അയാളെ ഇതൊടുകൂടി അയച്ചിരിക്കുന്നു.

ശെഷക്കാർ ടി താലൂക്കിൽ ചെന്ന സ്ഥലത്തു അംശമില്ല കുറുമ്പ്രനാട്ടു താലൂക്ക കൊടക്കര അംശത്തിലാകുന്നു. ഭ്രാന്തിന്റെ വിവരം 140-ാം നമ്പ്ര റിപ്പോർട്ടോടുകൂടി അയച്ച പട്ടികയിൽ കാണിച്ചിട്ടുള്ള പ്രകാരമാകകൊണ്ടു ടി വസ്തുത ബൊധിപ്പിച്ചിരിക്കുന്നു.

എന്നു 1865 ദിസമ്പ്ര 1൹ എഴുതിയതു.

---

1. E. Station. 2. E. Hospital.

(32) മലയാം ജില്ലാ ഡിസ്ത്രിക്കട്ട മജിസ്ത്രേട്ട
വർകളായ ഇ. എ. ബെല്ലാഡ്‌ സായ്പ
ർകളുടെ സമക്ഷത്തിങ്കലെക്കു-

ഏർനാട്ട താലൂക്ക 1-ാം ക്ലാസ്സ സബൊർഡിനെററു മജിസ്ത്രേട്ടായ രാമുണ്ണിമാരാർ എഴുതിയ ഹർജി- ാരം കോടതി അതിരിൽപെട്ട ചിറക്കൊട്ടുഅംശം ചിറയിൽ ദെശത്ത ചാലിൽ പാർക്കും അമ്പാഴ ത്തൊടിയിൽ അയ്യപ്പൻ ാരം ദിശെമ്പ്രമാസം 8 നു പയിട്ടു ആറുമണിക്കു അവൻ പതിവായി ചെ ത്തിവരുന്ന പനയിമ്മേൽ കയറി ചെത്തുമ്പൊൾ അബദ്ധമായി വീണ പരുക്കെററു സംസാരിപ്പാ ൻ പാടില്ലാതെ ആകകയും അന്ന രാത്രിതന്നെ അ ത ഹേതുവാൽ മരിച്ചുപൊകയും ചെയ്തു പ്രകാ രം ചിറക്കൊട്ട അംശം അധികാരിയുടെ റിപ്പൊ ട്ടുകളാലും മരിച്ചവന്റെ ശെഷക്കാർ നാട്ടുകൈ പത്രൻ മുതലായവരൊട്ട അധികാരി വാങ്ങി അയച്ച കയ്യിത്തുകളാലും കണ്ടിരിക്കകൊണ്ടു ാരം വിവരം ബൊധിപ്പിച്ചിരിക്കുന്നു. എന്ന 1865- ാമത ദിശെമ്പ്രമാസം 21 നു മഞ്ചെരിനിന്ന എ

ഴുതിയതു-

(33) മലയാം ജില്ലായങ്ങു മജിസ്ത്രെട്ടു കച്ചെരിയിലെക്കു-

പാലക്കാട്ടു താലൂക്കു കൊടുമ്പം അംശം കിഴക്കുംപുറത്തിരിക്കും രാമസ്വാമിപട്ടർ ബൊധിപ്പിക്കുന്ന ഹർജ്ജി-

മരുന്നു കച്ചൊടത്തിന്നായി എനിക്കു 2 ലയിസ്സൻസ്സു തന്നിട്ടു ഇപ്പൊൾ 18 ദിവസമായി. ഗന്ധകം കിട്ടാഞ്ഞിട്ടു പണി മുടക്കമായിരിക്കുന്നു. മരുന്നിന്നായി വരുന്ന ആളുകൾ മടങ്ങി പൊകുന്നു. 11 തുലാം ചില്ലുപ്പാനം മരുന്നു വിൽപ്പാൻ കൈവശം ഉള്ളതു വിൽപ്പാനായി കല്പന കിട്ടാത്തതിനാൽ അതിലെക്കും മുടക്കമായിരിക്കുന്നു. അതുകൊണ്ടു സങ്കടം ഉള്ളതിനാൽ 2 തുലാം ഗന്ധകം മരുന്നു പ്രയൊഗത്തിലെക്കായി തരുവാനും 11 തുലാം ചില്ലുപ്പാനം മരുന്നു കൈവശം ഉള്ളതു വിറ്റഴിപ്പാനും ഉടനെ കല്പന ഉണ്ടാവാൻ അ

വെക്കിരിക്കുന്നു. എന്നു 1036 ധനു 22 നു എഴു
തിയതു.

---

1. E. Joint. 2. E. License.

(34) മലയാം ഡിസ്ത്രിക്ത മജിസ്ത്രേട്ടു [1]കോടതിയിലെക്കു.

കൊഴിക്കൊട്ടു താലൂക്കു [2]കസബ അംശത്തിൽ ഇരിക്കും സുബ്രഹ്മണ്യയ്യന്റെ പെൎക്കു വക്കിൽ മൊയ്തീൻ കുട്ടി 59ൽ 13_ാം നമ്പ്രാക്കു പ്രകാരം പ്രതി നഗരം അംശത്തിൽ പാൎക്കും കുഞ്ഞിപട്ടരുടെ മെൽ ബൊധിപ്പിക്കുന്ന അന്യായം.

1. അന്യായക്കാരന്റെ ഒരു വണ്ടിക്കു തൊലും തണിയും ചായവും ഇട്ടു 65 ദിശമ്പ്ര 5 നു ലെക്കു വെടിപ്പാക്കി കൊടുപ്പാൻ നിശ്ചയിച്ചു 15 രൂപ്പിക മുങ്കുറു വാങ്ങി 65 നവമ്പ്ര 15 നു എഴുതികൊടുത്ത [3]കരാറു പ്രകാരം നടന്നില്ല.

2. അതകൊണ്ടു മെപ്പടി തുക

പ്രകാരം പ്രതിയെ വരുത്തി വിസ്താരിച്ചു കരാ
റു ലംഘന കുറ്റത്തിന്നുള്ള ശിക്ഷ കൊടുപ്പാൻ
കല്പന ആകെണ്ടതിന്ന അപെക്ഷിക്കുന്നു- മെ
ൽ പറഞ്ഞ വെള്ളെക്കടലാസ്സു കരാറു ഇതൊടുകൂ
ടി ബൊധിപ്പിച്ചിരിക്കുന്നു- 65 ദിശമ്പ്ര 8 ര
എഴുതിയത.

---

1. *E. Court.* 2. *Arabic: Qasba = the chief town or village of a district or táluq.* 3. *Arabic: Qarár, agreement.*

(35) മലയാം ¹ഹെഡസിസ്റ്റാണ്ടു മജി
സ്ത്രെട്ടു കച്ചെരിയിലെക്കു.

പാലക്കാട്ടു താലൂക്ക പുതുശ്ശെരി അംശം ദെശത്തിൽ
രംഗപ്പൻ തിത്തൻ ബൊധിപ്പിക്കുന്ന ഹർജി.

മെട്ടി അംശം ദെശത്തിൽ ഷെരിക്കാം
കാടപ്പൻ മകൻ ചാമിയുടെയും മറ്റും പെരിൽ സ
ന്നിധാനത്തിങ്കൽ ഇതിന്നുമുമ്പെ ബൊധിപ്പിച്ച
ഹർജിയിലെ അപെക്ഷ പ്രകാരം താലൂക്കിൽനി

ന്ന തഹശീൽദാർതമ്പുരാക്കൾ അവർകൾ ഈ
സ്ഥലത്തിൽ വന്ന അന്വെഷിച്ചതിലും ഈ കാ
ര്യത്തിൽ എനിക്കു വെണ്ടി തെളിവു പറവാൻ
സാക്ഷിക്കാർ ഓരൊരൊ ദിക്കിലെക്കു പൊയക്ക
നാലും എനിക്കു സന്നിധാനത്തിങ്കലെക്കു നടന്ന
തെളിവു കൊടുക്കെണ്ടതിന്ന ചെല്ലുവാനത്തിന്ന
വഴി ഇല്ലാത്തതിനാലും സന്നിധാനത്തിങ്കലെ ദ
യയുണ്ടായി അന്യായം തീർക്കെണ്ടതിന്ന അപെ
ക്ഷിക്കുന്നു. എന്ന കൊല്ലം 1036-ാമത എട
വം 10നു എഴുതിയത.

I. E. Head Assistant.

(36) മലയാം മജിസ്ത്രെട്ടു കൊടതി
യിലെക്കു.

കൊഴിക്കൊട്ടു താലൂക്കു കസബ അംശം ദെശത്തു
സുബ്രഹ്മണ്യയ്യൻ ബൊധിപ്പിക്കുന്ന ഹരജി.

മെപ്പടി താലൂക്കു ചെട്ടൂരംശം
ദെശത്തിരിക്കും അമ്പുക്കുട്ടി വയനാട്ടു താലൂക്കു

പയിത്തിരിയിൽ ബ്രൌൺ സായ്പവർകളുടെ പക
ൽകൊട്ടു തൊട്ടത്തിലൊ മറെറാ വന്ന മരം ഞാൻ
തരുവാൻ എനിക്കു കരാറു എഴുതിതന്ന പ്രകാരം
നടക്കാത്തതിനാൽ 65 ജൂൻ 6൹ ൦രം കൊടതി
യിൽ ഞാൻ ബൊധിപ്പിച്ച അന്യായത്തിന്ന
പ്രതിയെ വരുത്തി വിസ്തരിച്ചു തീൎപ്പു കല്പി
ച്ചു 20 ദിവസത്തെ ഇട ജൂൻ 12൹ കൊടു
ത്തിരിക്കുന്നു. ഇന്നു ജൂലായി 18൹ ആയി
രിക്കുകകൊണ്ടു കല്പന പ്രകാരം കൊടുത്ത ഇട
കഴിഞ്ഞു 16 ദിവസം അധികമായിരിക്കുന്നു. പ്ര
തി കല്പന പ്രകാരം പണികൾ യാതൊന്നും ന
ടത്തി തന്നിട്ടില്ലാത്തതുകൊണ്ടു പ്രതിയെ വരു
ത്തി കല്പന ലംഘിച്ചതിന്നു ശിക്ഷകൊടുത്തും
എന്റെ കരാറു പ്രകാരം പണികൾ നടത്തിച്ചു
തരുവാൻ അപെക്ഷിക്കുന്നു. എന്നു കൊല്ലം
1865 ജൂലായി 18൹ എഴുതിയതു.

(37) ജായന്റു മജിസ്ത്രെട്ടു കച്ചെരിയിലെക്കു.

പാലക്കാട്ടു താലൂക്കു അകത്തെതറ അംശം ദെ

ശത്രു 1. കാവുപൻ 2. മാധവൻ ബൊധിപ്പിക്കുന്ന ഹരജി-

ഞങ്ങളുടെ ഭവനങ്ങൾക്കു അടുത്തുള്ള ഭവനങ്ങളിലും അതിരുകളിലും പുളി മുതലായ വൃക്ഷങ്ങൾ നിൽക്കുന്നതിനാൽ ആ വക മരങ്ങൾ വീണുപൊയാൽ ഭവനങ്ങൾക്കും മറ്റും നാശങ്ങൾ വരാൻ സംഗതി വരുന്നതാകയാൽ ആ മരങ്ങൾ മുറിപ്പിപ്പാനും മെപ്പടി ദെശത്തുള്ള വഴികൾ എത്രയും കുടുസ്സായി വണ്ടികൾ മുതലായതു സാധാരണയായി നടപ്പാൻ പാടില്ലാതെ വന്നിരിക്കുന്നു എന്നും അധികാരിയൊടു പലപ്പൊഴും പറഞ്ഞിട്ടും മരങ്ങൾ മുറിപ്പിക്കുകയും വഴികൾ ധാരാളമായി നടപ്പാറാക്കുകയും ചെയ്തു തന്നില്ല- അതുകൊണ്ടു സന്നിധാനത്തിലെ ദയയുണ്ടായി മെപ്പടി വൃക്ഷങ്ങൾ മുറിപ്പാനും ആ വഴികൾ ധാരാളമായി നടപ്പാറാക്കാനും കല്പന ഉണ്ടാവാൻ അപെക്ഷിക്കുന്നു. എന്ന കൊല്ലം 1036 എടവം 28നു എഴുതിയതു-

(38) മലയാം ഹെഡസിസ്ത്താണ്ടു മജിസ്ത്രെ
ട്ടു കൊടതിയിലെക്കു.

പാലക്കാട്ടു താലൂക്കു ഏരമായൂരംശം ദെശത്തി
രിക്കും മൂസ്സാക്കുട്ടി ബൊധിപ്പിക്കുന്ന ഹരജി.

ഞാനും മെപ്പടി അംശം ദെശത്തി
രിക്കും അസ്സനും തമ്മിൽ ഞാൻ കിഴക്കെ ഭാഗം
ഒരു പടി വെച്ച സംഗതിയെ പററി പരസ്പ
രം കെൾപ്പിച്ച അന്ന്യായം വിസ്തരിച്ചു തെ
മലപ്പുറം താലൂക്കു ഹെഡ്ഡപൊലിസ്സാപ്സരവ
ർകൾ കല്പിച്ച തീർപ്പു സമ്മതമല്ലാതെ മെ
പ്പടി അസ്സൻ ജ്വായണ്ടു മജിസ്ത്രെട്ടു സന്നിധാ
നം മുമ്പാകെ ബൊധിപ്പിച്ച അപ്പീൽ ഹര
ജി ൦രം സന്നിധാനത്തിങ്കൽനിന്നു നൊക്കി
തീർച്ച കല്പിച്ച പ്രകാരം കൊട്ടുരക്കുകൊണ്ടു
ആ തീർപ്പു നൊക്കി എനിക്കു മെൽസ്ഥാനങ്ങ
ളിൽ അപ്പീൽ ചെയ്യെണ്ടതാകകൊണ്ടു സ
ന്നിധാനത്തിലെ ദയവുണ്ടായി മെപ്പടി തീർപ്പു മു
ദ്രക്കടലാസ്സിൽ പകർത്തു എഴുതിച്ചും മുദ്രയും ഇട്ടു
തരുവാനായി കല്പന ഉണ്ടാവാൻ അപെക്ഷി

ർക്കന്നു. എന്നു കൊല്ലം 1037-ാമതു തുലാമാസം 22 ന.

I. III. *Head Police Officer.*

(39) മലയാം ഹെഡസിസ്റ്റാണ്ടു മജി സ്ത്രേട്ടു കൊടതിയിലെക്കു.

മെപ്പടി കൊടതി ഫയൽ 61ൽ അതിൽ 60-ാം നമ്പ്ര അന്യായം സുബ്രമണ്യൻപട്ടര ബൊധിപ്പിക്കുന്ന ഹരജി. എന്റെ വക കൂടാലപ്പാടം 66 പറക്കുനിലം നടപ്പു സംഗതിയും മറ്റും അതല്ലാതെ സബ്ബുമജിസ്ത്രേട്ടിലെ തീർപ്പു സമ്മതമല്ലാതെ ഠരം കച്ചേരിയിൽ അതിൽ ബൊധിപ്പിച്ചു മെപ്പടി നമ്പ്രായി സബ്ബുമജിസ്ത്രേട്ടു തീർപ്പു മാറ്റി നിലം വകകൾ ഞാൻ നടപ്പാനായി തീർപ്പു കല്പിച്ചിട്ടും ഉണ്ടല്ലൊ.

അതു കാഴ്ചം ഞാനും അതിൽ പ്രതി നാരായണനും തമ്മിൽ മദ്ധ്യസ്ഥന്മാര മുഖാന്തരം പറഞ്ഞു പാർപ്പിക്കുന്ന 66 പറക്കു നിലം മു

പെരത്തെ ആധാരത്തിൽ പറയുന്ന 2800 പുതി
യപണത്തിന്നായി മെപ്പടി ആളുടിൽ പ്രതി
നടന്ന അത്ഥപലിശ പററി 120 പറ നെല്ലു
കാലത്താൽ ഇനിക്കു തരുവാൻ നിശ്ചയിച്ചു
ആയപ്രകാരം ഞാൻ സമ്മതിച്ചു കാൎയ്യം തീൎന്നിരിക്കു
ന്നതാകകൊണ്ടു മെപ്പടി ആളുടിൽ 60-ാം ന
മ്പ്ര ഫയലിൽനിന്ന നീക്കുവാൻ കല്പന ഉ
ണ്ടാവാൻ അപെക്ഷിക്കുന്നു- എന്ന കൊല്ലം
1861-ാമത ദിശമ്പ്രമാസം 4ല എഴുതിയത-

(40) മലയാം മജിസ്ത്രെട്ടു കൊടതിയി
ലെക്കു-

കൊഴിക്കൊട്ടു താലൂക്കു നഗരം അംശത്തിൽ ക
ന്നമ്മൽ ചാത്തു— പ്രതി 1 മെപ്പടി താലൂക്കു
പന്നിയങ്കര അംശത്തിൽ പരപ്പനാട്ടിൽ പാൎക്കും
മൂളെക്കണ്ടി കുഞ്ഞിപൊക്കൻറമെൽ— 59
ലെ 13-ാം നമ്പ്രാക്കു പ്രകാരം ബൊധിപ്പി
ക്കുന്ന അന്യായം-

മെപ്പടി പ്രതിക്കു 1040 തുലാമാ

സം 21 നു രണ്ടു തുലാം ഓട്ടും തെമാനവും
കൂലിയും[1] കൊടുത്തതിന്നു 30 ദിവസത്തിലകത്തു
ഒ കുത്തുവിടെക്കു തീത്തുതരുവാൻ മുദ്രകടലാ
സ്സിൽ കരാറു എഴുതിതന്ന പ്രതി പൊയതി
ന്റെ ശെഷം ഇതുവരെ ചരക്കു തരാത്തതി
നാൽ എനിക്കു വളരെ നഷ്ടവും സങ്കടവും
ഉണ്ടാകകൊണ്ടു ഇതൊടുകൂടി ബൊധി
പ്പിക്കുന്ന കരാർ നൊക്കി ഈ കൊടതിയി
ലെ ദയയുണ്ടായി കരാറിൽ പറയുന്ന സാ
ക്ഷികളെയും മെപ്പടി പ്രതിയെയും കൊട
തിമുമ്പാകെ വരുത്തി വിസ്തരിച്ചു എ
ന്റെ മുതൽ വാങ്ങി തന്ന കരാറു ലംഘനം
ചെയ്ത പ്രതിക്കു തക്കതായ ശിക്ഷകൊടുത്തു
രക്ഷിക്കെണ്ടതിന്നു അപെക്ഷിക്കുന്നു - എന്നു
കൊല്ലം 1040 കക്കിടകം 9 നു എഴുതിയതു.

---

1. *Turkish.* Quli, a day-labourer. porter used in Malayalam & other Indian languages for his *hire* also.— hence, *wages* &c.

(41) മലയാം ഡിസ്ത്രിക്ടു മജിസ്ത്രേട്ടു കൊടതിയിലെക്കു.

വിക്ടോറിയ[1] കാപ്പി കമ്പനി ഏജന്റു കൊഴി
കൊട്ടിലിരിക്കും വിലിയം ക്രൈവു സായ്വിന്റെ
വെക്കിൽ കൃഷ്ണമെനൊൻ, പ്രതി കുറു
മ്പ്രനാട്ടു താലൂക്കു വടക്കര അംശം ദെശത്തു
പാർക്കും രാമൊട്ടിയുടെമെൽ [2]ഇന്ത്യൻ പിനൽ
കോഡിന്റെ 490—ാം വകുപ്പു പ്രകാരം ബൊ
ധിപ്പിക്കുന്ന അന്യായം.

മെപ്പടി കമ്പനിവക കൽ
പ്പാത്തി എന്ന തൊട്ടത്തിൽ പുതുകാപ്പി തൈ
വെപ്പാനായിട്ടു 1000 കുഴിക്കു 15 ഉറുപ്പിക പ്രകാ
രം രണ്ടു വിറു സമചതുരത്തിൽ ഉള്ള 10,000
കുഴി 1865 മെയിമാസം 31 തലകം കുത്തിതരു
വാൻ നിശ്ചയിച്ചു അതുവകക്കു 70 ഉറുപ്പിക
അടുവാൻസായി[3] വാങ്ങി 1865 മാർച്ച് 13നു
പ്രതി എഴുതിതന്ന കരാറു പ്രകാരം ഇതുവരെ
യാതൊരു പ്രവൃത്തിയും ചെയ്തിട്ടില്ല.

അതുകൊണ്ടു പ്രതിക്കാരനെ

പക്ഷത്തി വിസ്തരിച്ചു മെപ്പടി പകൎപ്പിലെ താല്പൎയ്യപ്രകാരം കരാറു ലംഘനത്തിന്നുള്ള ശിക്ഷ കൊടുപ്പാൻ അപെക്ഷിക്കുന്നു. 1865 ആഗൊസ്തുമാസം 23 ൹ എഴുതിയതു.

---

1. *E. Victoria Coffee Company.* 2. *E. Indian Penal Code.* 3. *E. Advance.*

(42) മലയാം ജ്വായണ്ടു മജിസ്ത്രെട്ടു കച്ചെരിലെക്കു.

യാക്കര അംശം കുന്നന്നൂര ദെശത്തിരിക്കും കണ്ടക്കുട്ടി, എലെപ്പുള്ളി അംശം പാറയിൽ ദെശത്തിരിക്കും കല്പൻ സുബ്രഹ്മണ്യൻ ആശാരിമക്കൾ 1 വെങ്കിടയ്യൻ 2 ശുപ്പയ്യൻ ഇവരെമെൽ ബൊധിപ്പിക്കുന്ന സങ്കടം ഹൎജി.

മെപ്പടി പ്രതികൾ ൪൦ം കഴിഞ്ഞ മെടമാസത്തിൽ കരാറുപ്രകാരം അന്യായം ചെയ്യിട്ടുള്ളതിന്ന രാജി കൊടുത്തു പൊയതി

ന്റശേഷം ഇതുവരെയും ആ രാജി[1]പ്രകാരം കല്ലുകൾ കടത്തി തന്നിട്ടില്ലായ്കയാൽ കരുപ്പണി മുടങ്ങി കിടക്കുന്നതുകൊണ്ടും വാദിക്കു മുതൽ നഷ്ടം ഉണ്ടാകകൊണ്ടും മെപ്പടി പ്രതികളെ വരുത്തി കരാറുകളിൽ പറയുന്ന കല്ലുകൾ വാങ്ങിക്കൊടുപ്പാനും മുതൽ നഷ്ടം തീൎത്തു തരുവാനും മെപ്പടി സന്നിധാനത്തിൽ അന്യായപ്പെടുത്തിൽപിന്നെ രാജി കൊടുത്തിട്ടുള്ള പകൎപ്പ ആവശ്യം ഉണ്ടാകകൊണ്ടു സന്നിധാനത്തിലെ ദയയുണ്ടായി രാജി പകൎപ്പ ഉടനെ പകൎപ്പിച്ചു കിട്ടെണ്ടതിന്ന വാദിക്കു അപെക്ഷിക്കുന്നു- എന്ന കൊല്ലം 1036-ാമത മകരമാസം 4ന എഴുതിയത-

---

1. Ar: *Rázi*, satisfied, content;- hence a deed of compromise.

(43) കൊഴിക്കൊട്ട ഡിപ്പ്ടി[1] മജിസ്ത്രെട്ട കൊടതിയിലെ ചെക്ക-

കൊഴിക്കൊട്ട താലൂക്ക നഗരം അംശത്തിൽ ഇരി

ക്കും ഒക്കൂദച്ചൻ ബൊധിപ്പിക്കുന്ന ഹരജി- ഏക്ക
ർനാട്ടു താലൂക്കു ഒളകര അംശം ചെറയിൽ ദെ
ശത്തിരിക്കും പുരപ്പുറത്തു ചാത്തുട്ടി എന്നവൻ
ഭാരം 1ക്കു 59 ഉറുപ്പിക വിലപ്രകാരം 15 ഭാരം
ഏക്കു 1864 നവമ്പ്രു 30 നു 8 ഭാരവും, 1040
ധനുമാസം 30 നു 7 ഭാരവും ഏക്കു ഇനിക്കു ഏ
ത്തിച്ചുതരുവാൻ തക്കവണ്ണം ഞാനും പ്രതിയും
തമ്മിൽ കരാറു ചെയ്കയും അതുവകക്കു 500 ഉറു
പ്പിക പ്രതിക്കു റൊക്കം കൊടുത്തു 1864 ന
വമ്പ്രു 17 നു കരാറു എഴുതി തരികയും ചെ
യ്തിരിക്കുന്നു-

അതിന്റെ ശെഷം പ്രതി കരാ
റു പ്രകാരം നടക്കാതെ മനഃപൂൎവ്വമായി കരാ
റു ലംഘിക്കയും വിഘ്നവരുത്തുകയും ചെയ്തി
രിക്കകൊണ്ടു 1859 ലെ 13_ാം നമ്പ്രു ആക്ടുപ്ര
കാരം പ്രതിക്കാരനെ വരുത്തി അവനൊടും
ഹാജരാക്കിതരുന്ന സാക്ഷികളൊടും വിസ്തരി
ച്ചു കരാറുപ്രകാരം ഉള്ള മുതലും നഷ്ടവും
വാങ്ങി തരെണ്ടതിന്നും പ്രതിക്കു ശിക്ഷ കൊ

ക്കുന്നതാം അപെക്ഷിക്കുന്നു- എന്നു 1865 എ
പ്രിൽ 24നു എഴുതിയത-

I. E. Deputy.

(44) മലയാം ഡിപ്പുട്ടി മജിസ്ത്രെട്ടു
കൊടതിയിലെക്കു-

കൊഴിക്കൊട്ടു പാൎക്കും ഉമ്മൎബൊൻ ബൊധി
പ്പിക്കുന്ന ഹരജി- ഹജൂർ ഹെഡ്ഡുശിരസ്തെ
ദാരവൎകളുടെ 40 ഉറുപ്പിക വിലെക്കുണ്ടാക്കു
ന്ന ഗഡിയാൾ അതിന്നു അല്പം കെടു ഉണ്ടാ
യിരുന്നത നന്നാക്കിച്ചു കൊടുപ്പാനായി അ
ദ്ദെഹം ഏകദെശം മൂന്നര മാസത്തൊളം മുമ്പെ
എൻ്റെ പക്കൽ തരികയും അതു നന്നാക്കി
തരാനായി ആ വക പണി ശീലം ഉള്ള ന
ഗരം അംശത്തിൽ പാൎക്കും തൊമൻ എന്നവ
ൻ്റെ പക്കൽ ഞാൻ ഒരാഴ്ച അവധി നി
ശ്ചയം ചെയ്തു കൊടുക്കുകയും അതിൻ്റെ ശെ
ഷം അയാൾ ഇതുവരെ പണി തീൎത്തുതരാ

ത്തെ ചോദിക്കുമ്പോൾ ഒക്കെയും തരാമെന്ന പറഞ്ഞു വരുന്നതെയുള്ളു-

ഇത്ര അധികം താമസിച്ചിട്ടും തരാഞ്ഞതിന്റെ അവസ്ഥ വിചാരിക്കുമ്പോൾ ആ ഗസ്ഥിയാൾ അയാൾ അപഹരിച്ചു കളഞ്ഞതായിരിപ്പാൻ സംഗതിയുണ്ടാകകൊണ്ടു മെൽ പറഞ്ഞ ആളെയും വിസ്താര സമയം ഞാൻ ബൊധിപ്പിക്കുന്ന സാക്ഷിക്കളെയും വരുത്തി വിസ്തരിച്ചു നിവൃത്തി വരുത്തി തരാനായി അപെക്ഷിക്കുന്നു. എന്നു കൊല്ലം 1865 ജൂലായിമാസം ൨ എഴുതിയതു.

(45) മലയാം മജിസ്ത്രേട്ടു മഹാരാജശ്രീ ഗ്രാണ്ടു സായ്പവർകൾക്കു.

ശ്രീമത-സകലഗുണസമ്പന്നരാന, സകലധർമ്മ പരിപാലകരാന, മിത്ര ജന മനൊ രഞ്ജിതരാന, രാജമാന്യ രാജശ്രീ പാലക്കൊട്ടു വിക്രമ ഇളയ രാജാവവർകൾ സമക്ഷം-

പള്ളുവനാട്ടു താലൂക്ക അരക്കുറുശ്ശി
അംശത്തിൽ നമ്മുടെ പാനമ്പാടിക്കു ചെന്ന കല്ല്യാ
ണ മലവാരത്തു കിരക്കുഴി പൊലെ എന്ന സ്ഥല
ത്തു പിണങ്ങയ പിടിയാനയുടെ കാൎയ്യത്തിൽ പ
ള്ളുവനാട്ടു താലൂക്കിൽനിന്നു 60 ജൂൻ 9നു ഉണ്ടാ
യ തിൎപ്പിന്മെൽ നാം പക്കിൽ മുമ്പാകരം സ്പെ
ശ്യാൽ അസിസ്റ്റാണ്ടു മജിസ്ത്രെട്ടു കച്ചെരിയിൽ
1035 മിഥുനത്തിൽ അപ്പീൽ ബൊധിപ്പിച്ച കാ
ൎയ്യം ഇതുവരെ ഒരു കൊല്ലമായിട്ടും നൊക്കി തി
ൎപ്പു കല്പിച്ചുകിട്ടായ്കകൊണ്ടും, ആ തിൎപ്പു കല്പി
ക്കെണ്ടതിന്നു ഇനിയും താമസിച്ചാൽ ആ മലവാ
രത്തിന്നു നമുക്കു എടുത്തുവരെണ്ടുന്ന മുതൽ എ
ടുപ്പാൻ നിവൃത്തിയില്ലാതെ വന്നു നഷ്ടം വരുന്ന
താകകൊണ്ടും മെൽ പറഞ്ഞ അപ്പീൽ കാൎയ്യം
താങ്കൾ തന്നെ താമസിയാതെ നൊക്കി തിൎപ്പു
കല്പിക്കുകയൊ സ്പെശ്യാൽ അസിസ്റ്റാണ്ടു മജി
സ്ത്രെട്ടിൽനിന്നു താമസിയാതെ നൊക്കി തിൎപ്പാ
ൻ കല്പന കൊടുക്കുമാറാകയൊ ചെയ്യുകയും
വെണ്ടിയിരിക്കുന്നു. എന്നു കൊല്ലം 1036-ാമത

കർക്കിടകമാസം 24നു എഴുതിയത.

I. E. Special.

(46) ഹെഡസിസ്ലാണ്ടു മജിസ്ത്രെട്ടു
കോടതിയിലെക്കു.

പാലക്കാട്ടു താലൂക്കു എലെപ്പുള്ളി അംശം ദെ
ശത്തിരിക്കും ൟഴുവൻ താമരപ്പുരക്കൽ ഉത്തണ്ടൻ
മകൻ രാമായി ബൊധിപ്പിക്കുന്ന സങ്കടം. ഹരജി-
ക്കാരൻ നടന്നു വരുന്ന പട്ടച്ചുക്കാവിൽ താഴ
ത്തൊറാ നിലം എഴുപറക്കുള്ളതിൽ വെച്ചു ക
ലശൽ ചെയ്ത പ്രകാരം തിരുമ്പാടത്തു പഴനി
ആണ്ടി മകൻ കുള്ളൻ ഠരം എടവം 28നു
എന്റെ പെരിൽ വ്യാപ്തിയായി താലൂക്കിൽ
അന്ന്യായം കൊടുത്തിരിക്കുന്നു. മെപ്പടി അന്ന്യായ
പ്രകാരം സാക്ഷികളെക്കൊണ്ടു വിസ്തരിച്ചതി
ൽ അന്ന്യായം തെളിവില്ലാതെ നീക്കിയ പ്രകാ
രവും ഞാൻ അറിഞ്ഞിരിക്കുന്നു. ഇപ്പൊൾ മെപ്പ
ടി അംശം അധികാരി നിരൂപണത്തിന്മെൽ

പൊകാൻ ആവശ്യമുള്ളതല്ലെന്നും വിത്തവല്ലി പാണ്ടി ഒഴിയെണമെന്നും പറയുന്നു. മെൽക്കൊടതിയിലെ കല്പന കാണിക്കാതെ വെറും പാക്കിനാൽ ഞാൻ നിലം ഒഴികയില്ലെന്നു പറഞ്ഞാറെ നിന്നെ കയ്യാമം വെച്ചു താലൂക്കിലെക്കു കൂട്ടി അയക്കുമെന്നും അധികാരി എന്നൊടു പറയുന്നു. അതുകൊണ്ടു സന്നിധാനത്തിലെ ദയയുണ്ടായി അഹെതുവായി അധികാരി എന്നെ വലപ്പിക്കാതെ ഇരിപ്പാൻ തക്കതായ ഒരു കല്പന ഉണ്ടായി സങ്കടം തീൎത്തു തരുവാൻ അപെക്ഷിക്കുന്നു. എന്നു കൊല്ലം 1038 കൎക്കിടകം 17 ൹ എഴുത്തൊപ്പ.

(47) മലയാം ജായന്റു മജിസ്ത്രെട്ടു കച്ചെരിയിലെക്കു.

പാലക്കാടു താലൂക്ക പുളെളത്തിരി അംശം രാമശ്ശെരി ദെശത്തു ഇരിക്കും കാമാക്ഷി എന്ന സ്ത്രീ ബൊധിപ്പിക്കുന്ന ഹരജി.

മെപ്പടി അംശം ദെശത്തു മാട

ന്നി കൊമ്പൻ എന്നവൻ എന്നൊടു രഹസ്യ
മായി സംസൎഗ്ഗം തുടങ്ങി ഇരിക്കുമ്പൊൾ 6 മാ
സം ഗൎഭം ആയിരിക്കുന്നു. ഇനിക്കു ഗൎഭം ഉണ്ടാ
യപ്പൊൾ മെപ്പടി കൊമ്പൻ എന്നവൻ
എന്നെ ഉപെക്ഷിച്ചു പൊകയും അതിനാൽ
ഞാൻ അവന്റെ കൂടയിൽ ചെന്നു എന്നെ ഉ
പെക്ഷിക്കരുതെന്നും ൧൦ ഹൈരുവാൽ എന്റെ
ജ്ജീവിക്കാൻ കൂടുന്നില്ലെന്നും നീ എന്നെ ഉപെ
ക്ഷിച്ചാൽ ഇനിക്കു കഞ്ഞി വെള്ളം കുടിപ്പാൻ
കിട്ടാതെ ഞാൻ വളരെ കുഴങ്ങുമെന്നും വള
രെ പറഞ്ഞാറെ അപ്പൊൾ അവനും അവ
ന്റെ അനുജന്മാരും മറ്റും കൂടി എന്നെ അടിക
ലശൽ ചെയ്തിരിക്കുന്നു. അതുകൊണ്ടു സന്നിധാ
നത്തിലെ ദയയുണ്ടായി മെപ്പടി കൊമ്പനെ
വരുത്തി എന്നെ അവൻ ഉപെക്ഷിക്കാതെ ക
ണ്ടു ഇരിപ്പാനൊ അതിന്നു മനസ്സില്ലെങ്കിൽ ഇ
നിക്കു പുരച്ചിലവു വാങ്ങി തരുവാനൊ കല്പന
ഉണ്ടാകെണ്ടതിന്നു. മെൽപ്രകാരം എന്നെ അടി
കലശൽ ചെയ്തതിന്നു തക്കതായ കല്പന ഉണ്ടാ

പാനം പെരുതെ അപെക്ഷിക്കുന്നു- എന്നു കൊ
ല്ലം 1036 മീനം 15 നു എഴുതിയതു-

(48) മലയാം ഹെഡസിസ്റ്റാണ്ടു മജി
ഷ്ട്രെട്ടു കച്ചെരിയിലെക്കു-

പാലക്കാട്ടു താലൂക്കു വിളയം ചാത്തന്നൂരംശം ദെശ
ത്തു അനന്തൻ നായർ ബൊധിപ്പിക്കുന്ന ഹർജി-
എന്റെ വീട്ടുതൊടിയിലുള്ള ചി
ല മരഫലങ്ങൾ എന്റെ അനന്തിരവൻ കു
ഞ്ഞികൃഷ്ണന്റെയും മാക്കിച്ചിരി കുട്ടൻ നായരുടെ
യും കൈവശം ഇരിക്കുന്നതായി താലൂക്കിൽനിന്നു
ഠരം കഴിഞ്ഞ സപ്തെമ്പ്രു മാസം 24 നു തീൎപ്പു
കല്പിക്കുകയും അതിന്മെൽ ഞാൻ അപ്പീൽ
ബൊധിപ്പിക്കയും ചെയ്തിരിക്കുന്നു- താലൂക്കിലെ
തീൎപ്പു നടത്തി കൊടുത്തിട്ടില്ല- എന്റെ അ
പ്പീൽ കാൎയ്യം തീൎന്നിട്ടില്ല- അങ്ങിനെയിരിക്കെ മെ
പ്പടി കുഞ്ഞികൃഷ്ണനും കുട്ടൻ നായരും കൂടി
5-6 ദിവസം മുമ്പെ ഞാൻ ഇല്ലാത്ത സമയ
ത്തു എന്റെ വീട്ടുതൊടിയിൽ കടന്നു 7 നാ

ളികെരം ഇട്ടുകൊണ്ടുപൊയി. ഇന്നും അവിടെ
വന്ന നാളികെരം ഇടാനും വാഴക്ക മുതലായതു
വെട്ടികൊണ്ടുപൊവാനും ഭാവിക്കുന്നു. ഞാൻ
അനുഭവിച്ചുവരുന്ന അനുഭവാദികളെ മെൽ
പറഞ്ഞവർ ഇങ്ങനെ കൊണ്ടുപൊകുന്നതിനാ
ൽ എനിക്ക വളരെ സങ്കടം ഉണ്ടു. അതുകൊ
ണ്ടു സന്നിധാനത്തിലെ ദയയുണ്ടായി അന്യായത്തിൽ
കാൎയ്യം തിരുമാനവരെ അന്യായത്തിന്റെ പ്രകാരം എ
ന്റെ തൊടിയിൽ കടന്നു യാതൊന്നും കൊണ്ടുപൊ
കാതെയിരിപ്പാൻ ഉടനെ കല്പനയുണ്ടായി സങ്ക
ടം തീൎത്തുതരുവാൻ അപെക്ഷിക്കുന്നു. എന്നു
കൊല്ലം 1037 തുലാമാസം 21 നു എഴുതിയതു.

I. E. *Appeal*.
II

(49) മലയാം ജ്വായണ്ടു മജിസ്ത്രെട്ടു കൊടതിയിലെക്കു.

പാലക്കാടു താലൂക്കു എടത്തറ അംശം ചന്ദ്ര
ശെഖരപുരം ഗ്രാമം ശംകര പട്ടർ പൈ

ധിപ്പിക്കുന്ന ഹർജ്ജി-

ഞങ്ങടെ ചന്ദ്രശെഖരസ്വാമി
ക്ഷെത്രത്തിൽ ഇമ്മാസം 15ന ! ശനിയാഴ്ച ചി
ല അടിയന്തരങ്ങൾ നടത്തിച്ചുതരുവാൻ കല്പന
ഉണ്ടാകെണ്ടതിന്ന ഈ മാസം 11ന ഞാനും മറ്റും
കൂടി ഈ കച്ചെരിയിൽ ഹർജ്ജി ബൊധിപ്പിച്ച
തിന്ന കല്പന ഉണ്ടായതിന്റെ ശെഷം നടത്തിച്ചു
കിട്ടാത്തതിനാൽ ഇന്നെത്തെ അടിയന്തരം മുടങ്ങി
യിരിക്കുന്നു-

മെൽപറഞ്ഞ അടിയന്തരം എ
ന്റെ സ്വന്തമായി ഇമ്മാസം 18ന ചൊവ്വാ
ഴ്ച ഭഗവതി ക്ഷെത്രത്തിലും 21ന വെള്ളിയാ
ഴ്ച ഗണപതി ക്ഷെത്രത്തിലും 22ന ശനിയാ
ഴ്ച അയ്യപ്പൻ ക്ഷെത്രത്തിലും ശാസ്താപ്രീതി
ചതുശ്ശതം മുതലായ നിവെദ്യങ്ങളും നെരമാ
ല എഴുന്നള്ളത്ത മുതലായ ഈശ്വര സെവക
ളും ചെയ്യാനായി വിചാരിച്ചിരിക്കുന്നതിന്ന
പൊന്ന വെള്ളി പണ്ടങ്ങൾ പാത്രങ്ങളും
ക്ഷെത്രത്തിൽ കൊണ്ടുപൊയി കഴിക്കെണ്ടതും

പലവിധക്കാരിലും കവർച്ചമുതലായ ഭയങ്ങൾ ഉള്ളതും ആകകൊണ്ടു യാതൊരു ഭയവും വിരോധവും കൂടാതെ ബന്തൊവസ്ത ചെയ്തു മെപ്പടി ദിവസങ്ങളിലും മറ്റും അടിയന്തരങ്ങൾ നടത്തിത്തരുവാൻ മെപ്പടി അംശം അധികാരിക്ക കല്പന ഉണ്ടാവെണ്ടതിന്ന അപെക്ഷിക്കുന്നു. എന്ന കൊല്ലം 1036 മകരം 15 ന.

---

1. തിയ്യതി.

(50) മലയാം സ്പെശ്യാൽ മജിസ്ത്രെട്ടു കച്ചെരിയിലെക്ക.

പൂളവനാട്ടു താലൂക്കു പലമ്പുറ അംശം ചെരക്കാപറമ്പ ദെശത്തു രയരപ്പൻ നായർ ബൊധിപ്പിക്കുന്ന ഹരജി.

മെപ്പടി അംശം അധികാരി മെനൊനും കൂടി കൊൽക്കാരനെക്കൊണ്ടു ദെ ദ്രങ്ങൾ ചെയ്യിപ്പിച്ചു സങ്കടപ്പെടുത്തിയ കാ

ഴുതിന്നു ൦രം കച്ചെരിയിൽ ബൊധിപ്പിച്ചു ഹ
രജി വിസ്തരിപ്പാനായി താലൂക്കിലെക്കുണ്ടായ
കല്പനപ്രകാരം എന്നെ സാക്ഷിക്കാരൊടുകൂടി
ഇന്നെക്കു 10 ദിവസമായി താലൂക്കിൽ ഹാജരാ
ക്കിരിക്കുന്നു.— ഇതുവരെ വിസ്തരിച്ചിട്ടില്ല- വി
സ്താരം നടത്തിവരാത്തനിമിത്തം എന്റെ വ
ക സാക്ഷികളെയും മറ്റും മെപ്പടി അംശം അ
ധികാരി മെനൊൻ സ്വാധിനമാക്കാൻ ശ്രമി
ച്ചു വന്നതിൽ ചിലർ അദ്ദെ ഭാഗത്തു ആയിരി
ക്കുന്നു. ഇനിയും ചിലർ പറയുമായിരിക്കും.
ആയവരൊടു ൦രം കച്ചെരി മുമ്പാകെ വി
സ്തരിച്ചാൽ നെർ തെളിയുന്നതല്ലാതെ താലൂ
ക്കിൽനിന്നു വിസ്തരിച്ചാൽ അധികാരി മെനൊ
ൻ ഇവരുടെ പ്രബലതയിന്മെൽ നെർ തെ
ളിയുന്നതല്ലായ്കകൊണ്ടു ൦രം കച്ചെരി മുമ്പാകെ
വിസ്തരിച്ചു നെരറിഞ്ഞു സങ്കടം തീർത്തു രക്ഷി
പ്പാൻ വളരെ സങ്കടത്തൊടുംകൂടി അപെ
ക്ഷിക്കുന്നു- വിശെഷിച്ചു മുമ്പുണ്ടായ ദെണ്ണം
നിമിത്തം കണ്ണിന്നും ദെഹത്തിന്നും ദിനം വദ്ധി

ച്ചു നടപ്പാൻ വഹിയാത്തതിനാൽ കിടപ്പാകയാൽ ഹാജരായി ബോധിപ്പിപ്പാൻ സംഗതി വരാത്തതാകുന്നു. എന്നു 1036 എടവം 3 നു.

(51) മലയാം ഡിസ്ട്രിക്ടു മജിസ്ട്രേട്ടു അവർകളായ ഇ. എച. ബെല്ലാഡ് സായ്പവർകളുടെ സമക്ഷത്തിങ്കലേക്കു.

ഏർനാട്ടു താലൂക്ക 1-ാം ക്ലാസ്സ സബ്ബ മജിസ്ട്രേട്ടായ രാമുണ്ണി മാരാർ എഴുതിയ ഹർജി. ചെറിയം വീട്ടിൽ കുഞ്ഞിക്കൃഷ്ണൻ നായരെ പാറക്കാട്ടു ഉണ്ണിരി നായർ പിശ്ശാങ്കത്തികൊണ്ടു കുത്തി കീറിന മുറികൾ എല്പിച്ചതായും മുറിക്കാരനെ പൊലിസ്സാപ്സർ മലപ്പുറത്തു ആസ്പത്രിക്ക അയച്ചതായും കുറ്റം നടന്നതു നവെമ്പ്ര 18 നു പകലാണെന്നും ഇന്നലെ 19 നു രാവിലെ എട്ടു മണിക്കു ഇനിക്കു വർത്തമാനം കിട്ടി. പൊലിസ്സകാരുടെ റിപ്പോർട്ടു ഒന്നും കിട്ടിട്ടില്ല. എങ്കിലും മെൽപ്രകാരം അറിവു കിട്ടിയ ഉ

ടനെ ഞാൻ മലപ്പുറത്തു പൊയി മുറിക്കാരനൊ
ടു കല്പിച്ചു വാങ്ങി അതിൻെറ ശെഷം ഇന്ന
ലെ വയ്യുന്നെരം ആറുമണിക്കു അവൻ മരി
ച്ചുപൊകയും ചെയ്തിരിക്കുന്നു. ഈ കാൎയ്യത്തെ
കുറിച്ചു ക്രമപ്രകാരം അന്വെഷണ വിസ്താ
രം നടത്തി നിയമപ്രകാരം പ്രവൃത്തിച്ചു കൊ
ള്ളുകയും ചെയ്യാം. വിവരം സമക്ഷമത്തിങ്കൽ
അറിവാൻ വെണ്ടി ബൊധിപ്പിച്ചിരിക്കുന്നു.
എന്ന 1865 —ാമതു നവമ്പ്രമാസം 29 നു
എഴുതിയതു.

തടവുകാരനെയും മുറി എല്പിച്ച
ആയുധവും അപ്പൊൾതന്നെ പിടികിട്ടിയതാ
യി കുറം ഉണ്ടായ 18 നു സ്റ്റെഷൻ ആപ്സ
ർ പൊലിസ്സു ഇൻസ്പെക്ടൎക്കു അയച്ച റിപ്പൊ
ൎട്ടു അദ്ദെഹം കാണിച്ചതുകൊണ്ടു അറിയുന്നു. ഡെ
പ്പിടി 2 സ്റ്റെഷൻ ഹൌസ്സാപ്സർ ഇതുവരെ ഈ
കൊടതിക്കു സംഭവം അയച്ചിട്ടില്ലാ. തു
മെൽ.

1.E. *Inspector.* 2.E. *Station house Officer.*

(52) മലയാം ഡിസ്ത്രിക്ടു മജി
സ്ത്രെട്ടവർകളായ ജി. എ.
ബെല്ലാർഡ സായ്പവർകളുടെ
സമക്ഷമത്തിങ്കലെക്കു.

ഏർന്നാടു താലൂക്ക ൧-ാം ക്ലാസ്സ സബ്ബൊർഡിനെ
റ്റു മജിസ്ത്രെട്ടായ രാമുണ്ണിമാരാർ എഴുതിയതു.
ദുർന്നടപ്പിന്ന ജാമ്യം കല്പിക്കപ്പെട്ടിട്ടുള്ള തട
വുകാരൻ മുഹ്യദ്ദീൻ ചാത്തൊലിൽ ആലി
യസ്സൻ, 1. മാതാരി മൂത്ത. 2. കിഴക്കെതൊടിയി
ൽ കിഴക്കംപറമ്പിൽ മൊയൻ ഇവരെ ജാ
മ്യം കൊടുക്കാമെന്ന ബൊധിപ്പിച്ചിരിക്കുന്ന
തായും ജാമ്യത്തിന്ന മനസ്സും യൊഗ്യതയും ഉ
ണ്ടെങ്കിൽ അവരെ അയപ്പാനായിട്ടു സമക്ഷ
മത്തിങ്കൽനിന്ന കല്പന വന്നിരിക്കുന്നു എന്നും
ജാമ്യക്കാർ ൨ാം കൊടതി അതൃക്കളിൽ പാ
ർക്കുന്നവരാകയാൽ മെൽപ്രകാരം ഇവിടെനി
ന്ന പ്രവൃത്തിപ്പാൻ തക്കവണ്ണം അതുകൊണ്ട

മെന്നും പുളുവനാട്ടു താലൂക്കു 1ാംക്ലാസ്സ സ
ബ്ബമജിസ്ത്രെട്ടു കൊടതിയുടെ നവമ്പ്ര 15൹
ത്തെ എഴുത്തു 18൹ കിട്ടിയിരിക്കുന്നു.
മെൽപറഞ്ഞവൎക്കു നൂറ്റമ്പതി
രു ഉറുപ്പികക്കു ജാമ്യൻ നില്പാൻ മുതലും യൊഗ്യ
തയും ഉണ്ടൊ എന്നു ബൊധിപ്പിപ്പാനും അവ
രെ ഹാജരാക്കാനും മഞ്ചെരി അംശം അധികാരിക്കു
18൹ കൊടുത്ത കല്പനക്കു ഇന്നുകിട്ടിയ മറുപ
ടിയാൽ മെൽപറഞ്ഞ മൊയനും, മൂത്തയുടെ മകൻ
കുഞ്ഞാലനും ജാമ്യത്തിന്നായി കൊഴിക്കൊട്ടു
നവമ്പ്ര 18൹ പൊയിരിക്കുന്നു എന്നും ജാ
മ്യം നില്പാൻ യൊഗ്യതയും മുതലും ഉള്ളവരുത
ന്നെ എന്നും കണ്ടിരിക്കകൊണ്ടു ആ റിപ്പൊൎട്ടു
ഇതൊടുകൂടി അയച്ചു വിവരം ബൊധിപ്പിച്ചി
രിക്കുന്നു. എന്നു 1865ാമത നവമ്പ്രമാസം
21൹ എഴുതിയതു.

---

1. *Arabic Zamin: a surety, security.*

(53) മലയാം ഡിസ്ത്രിക്കട്ട കൊടതി യിലെക്കു-

കൊഴിക്കൊട്ട താലൂക്ക കസവ അംശം ദെശത്തു പാക്കും നാലാംപീട്ടിൽ രാമൻ മെപ്പിടി അംശം ദെശത്തു പാണൻ കണ്ടിപറമ്പിൽ പാൎത്തുവരുന്ന അബ്ദുരഹിമാൻ എന്നവന്റെമെൽ ബൊധിപ്പിക്കുന്ന ഹരജി- മെപ്പിടി അബ്ദുരഹിമാൻ എന്നവൻ ൪൦ാം കഴിഞ്ഞ കൎക്കടകം ൭൦ നു കൊട്ടാമ്പികൾ പണി ചെയ്തു തരെണ്ടതിന്നു 6 തുലാം 20 പലം ഓട്ടും ഓട്ടുതുലാം ഒന്നിന്നു 8 ഉറുപ്പിക പ്രകാരം 65½ ഉറുപ്പിക കൂലിയുള്ളെതും 62 പലം തെമാനവും പ്രതി എന്നൊട്ട വാങ്ങി മൂന്നു മാസത്തിലിടക്കു പണി തീൎത്തു തരാമെന്നു നിശ്ചയിച്ചു മുദ്രകടലാസ്സിൽ കരാറു എഴുതി തരികയും ചെയ്തതിന്റെ ശെഷം ഇതുവരെ പ്രതി കൊട്ടാമ്പി പണി തീൎത്തു തന്നിട്ടില്ലാ- എന്നല്ല ഓട്ടും ഉറുപ്പികയും അതുവും തരുന്നില്ലാ- ചൊദിക്കുമ്പൊൾ തീൎത്തു

തരാമെന്ന പറഞ്ഞു കാലത്താമസം വരുത്തിവരുന്നു- അതുകൊണ്ടു പ്രതിയുടെ മെൽ അന്ന്യായം ഉണ്ടാകയാൽ പ്രതിക്കാരനെയും വിസ്താര സമയം ബൊധിപ്പിക്കുന്ന സാക്ഷിക്കാരെയും വരുത്തി വിസ്തരിച്ചു കരാറുലംഘനക്കുറ്റത്തിന്ന പ്രതിയെ ശിക്ഷിച്ചു അവനെകൊണ്ടു എന്റെ മുതൽ തരുവിച്ചു സങ്കടം തീൎത്തു രക്ഷിപ്പാൻ അപെക്ഷിക്കുന്നു- എന്ന കൊല്ലം 1041 കുംഭമാസം 13നു എഴുതിയതു-

---

യാദാസ്തു-

പ്രതി എഴുതി തന്ന
കരാറാധാരം ഇതൊടു
കൂടി ബൊധിപ്പിക്കുന്നു-

(54) പാലക്കാട്ടു താലൂക്കു മജിസ്ത്രെട്ടു
കൊടതിയിലെക്കു-

കൊങ്ങാട്ടു അംശം ദെശത്തു കാഞ്ഞിരി വീട്ടിൽ

വന്ന പാൎക്കുന്ന മാവിലിക്കരെ താലൂക്ക പ
ന്തളം അംശം ദെശത്ത പുത്തൻവീട്ടിൽ കുഞ്ഞ
ൻനായർ ബൊധിപ്പിക്കുന്ന സങ്കടം ഹരജി.

എന്റെ വക 2 മൂരിനെയും ഒ
രു പശുവിനെയും കൂടി ഞാൻ കണ്ണെറി ഗൊ
വിന്ദനെ മെക്കാനാക്കി പടിക്കൽ പുള്ളിമത്താ
യ എന്ന നിലത്തിൽ മെപ്പടി ഗൊവിന്ദൻ
മെക്കുന്ന സമയം മെപ്പടി അംശം ദെശത്തു
മാൎരിൻ ശങ്കുനായരും 2. അനന്തിരവൻ നാണു
നായരും 3. അച്ചുതനും കൂടി വന്ന മെയക്കുന്ന
സ്ഥലത്തിൽനിന്ന എന്റെ കാലികളെ ആ
ട്ടി ഉദയത്തിൽ ചാടിക്കാൻ വെണ്ടി കൊണ്ടുപൊകു
ന്ന സമയം മെക്കാരൻ ഗൊവിന്ദൻ ചെന്ന
തടുത്തപ്പൊൾ അവനെ രണ്ടു മൂന്ന അടിക്കു
കയും പിന്നെ അവന്റെ നിലവിളി കെട്ടു
ഞാൻ ചെന്നപ്പൊൾ പ്രതികൾ എന്നെ പി
ടിച്ചു നിൎത്തി 1-ാം പ്രതി മൂരിയുടെ മുതുകിൽ ഒ
ന്ന വെട്ടുകയും ചെയ്തപ്പൊൾ ഞാൻ മെപ്പടി
മൂരിയെ ആട്ടിയുംകൊണ്ടു അധികാരിയുടെ അടു

ക്കൽ ചെന്നപ്പോൾ അധികാരി ആ സ്ഥല
ത്തു ഇല്ലായ്കയാൽ പൊലിസ്സുകാരെ അറിയി
ച്ചു- അപ്പൊൾ താലൂക്കിൽ ഹരജി ബൊധിപ്പി
പ്പാൻ അവർ പറകയും ചെയ്തിരിക്കുന്നു- മെ
പ്പടി മൂരിയെ ഇവിടെ ഹാജരാക്കീട്ടും ഉണ്ടു-
അതുകൊണ്ടു പ്രതികളെയും ൟ സംഗതികണ്ടു
അറിയുന്ന സാക്ഷി 1. മെപ്പടി ദെശത്തു ചെറി
തൊടി നാരായണൻ നായരെയും 2- വെള്ളെപ്പറ
ത്തു ശങ്കരൻ നായരെയും മറ്റും വരുത്തി വിസ്താ
രിച്ചു പ്രതികൾ മെപ്പടി മൂരിയെ വെട്ടി മു
റി എല്പിച്ചിരിക്കകൊണ്ടു മെലാൽ ഇപ്ര
കാരം അക്രമിക്കാതെയിരിപ്പാൻ തക്കതായ ക
ല്പന ഉണ്ടാവാൻ അപെക്ഷിക്കുന്നു- എന്നു 1038
ധനു 26നു എഴുതിയതു-

(55) മലയാം ഡിസ്ത്രിക്ടു മജി
സ്ത്രെട്ടവർകളായ ജി- എ-
ബല്ലാഡു സായ്പവർകളുടെ
സമക്ഷമത്തിങ്കലെക്കു-

കൊഴിക്കൊട്ട താലൂക്ക 2-ാം ക്ലാസ്സ സബൊഡി
നെററ മജിസ്ത്രെട്ട ചൂഴ്ച്ചയി രാമൻ എഴുതിയ

1. ചൊലയിൽ നമ്പു-[2]	ഹരജി- കുററിയിൽ
2. പുൻപറമ്പിൽ അമ്മുക്കുട്ടി.	മമ്മത്തന്റെ മരണ
3. കുററിയിൽ ഉണ്ണി അച്ചുമ്മ.	കാൎയ്യത്തിൽ 1മാജ്ജ
4. ടി അമ്മുമ്മ.	നിൽ ചെത്തവരൊ
5. എരുത്തയ്യിൽ ചന്തുക്കുട്ടൻ.	ട പാൎത്തിയ പാൎവ്വൊ
6. പുതിയടത്തു പാൎക്കും ഉണ്ണീരി.	തിക്കും മണാശ്ശെരി

അംശം അധികാരിയുടെ റെപ്പൊൎട്ടുകളും നൊക്കു
കയും അമ്പെഷിക്കുകയും ചെയ്തതിൽ 2-ാംന
മ്പ്ര കാരന വെണ്ടി മരത്തിരെപ്പം കെട്ടി നി
ൎത്താൻ വെണ്ടി പൊയി വരുന്ന വഴിക്ക 1-ം 2-ം
നമ്പ്രകാരും[2] തൊണിയിലിരുന്നു മമ്മത്തൻ ഉ
ഴുത്തും കൊണ്ടു പുഴവഴിക്കു വരുന്ന സമയം
ഇരുവലത്തുപ്പുഴയിൽ മണാശ്ശെരി അംശത്തി
ൽ ചെന്ന ഓടമണ്ണ കടവിൽ എത്തിയപ്പൊ
ൾ ജൂൻ 30 നു പകൽ $4\frac{1}{2}$ മണിക്കു തൊ
ണിയുടെ തല ഒരു കററിയൊടു തട്ടി ചരിഞ്ഞു
തൊണിയിൽ വെള്ളം നിറഞ്ഞു താഴുകയും

ഒന്നും രണ്ടും നമ്പ്രക്കാർ നിന്നിക്കയറുകയും മമ്മു
ത്തൻ പുഴയിൽ മുങ്ങി ഒലിച്ചു പൊകയും
ചെയ്തതാണെന്നു കാണുന്നു.

പുഴയിൽ ആ സമയം അധിക
മായ വെള്ളവും ഒലിവും ഉണ്ടായിരുന്നതിനാൽ
മമ്മുത്തൻ മരിച്ചു പൊയതായിട്ടും പിന്നെ ആ
ളുകൾ എത്തി ശൊധന ചെയ്തിട്ടും ശവവും
തൊണിയും കിട്ടാതെ ഇരുന്ന പ്രകാരം കാണുന്ന
തു ദൂരപ്രദെശത്തു പൊയതിനാലായിരിക്കാ
മെന്നും അറിയുന്നു.

ഇപ്രകാരം അബദ്ധമായി
ട്ടു മരണം അകപ്പെട്ടതായിട്ടല്ലാതെ വെറെയാ
തൊരു സംശയവും ഇതുവരെ ചെയ്ത വി
സ്താരങ്ങളാൽ കാണപ്പെട്ടിട്ടില്ലാ
യ്കകൊണ്ടു [3] ദസ്താവെജുകൾ [4] വിസ്തൃത പ്രകാ
രം ഇതൊടുകൂടി അയച്ചു വസ്തുത ബൊധി
പ്പിച്ചിരിക്കുന്നു. എന്നു കൊല്ലം 1865-ാമ
തു സെപ്തംബ്ര മാസം 26 നു എഴുതിയതു.

1. E. Margin. 2. The person "numbered" 1 and 2 (in the margin) 3. P. Dast-áwéz- (lit. a signed document) used in Malabar for the various written proceedings etc. connected with a police-case. 4. E. List.

(56) മലയാം ഡിസ്ത്രിക്കു മജി
സ്ത്രേട്ടുവർകളായ ഇ- എ.
ബെല്ലാൎഡ സായ്പവർകളുടെ
സമക്ഷമത്തിങ്കലെക്കു-

ഏൎനാട്ടു താലൂക്കു 1-ാം ക്ലാസ്സു സബൊഡി നെററു മജിസ്ത്രേട്ടായ രാമുണ്ണിമാരാർ എഴുതിയ ഹരജി- ചീക്കൊട്ടു അംശം ദെശത്തിരിക്കും എടപ്പെരി ഉണ്ണിയാത്തൻ ഒരം ഡിസമ്പ്ര 16നു നിലമ്പൂര അംശത്തിൽ ചാവാട്ടുമലയിൽ വെട്ടികിടക്കുന്ന ഒരു വീട്ടിമരത്തിന്റെ എട മുറിക്കുമ്പൊൾ മരം മറിഞ്ഞു വലത്തെ കാൽ മരത്തിന്റെ എടയിൽപ്പെട്ടും തുടു മുറിച്ചതിൽ ഒരു കണ്ടം മരത്തി

ന്റെ തല കാലിന്മെൽ തട്ടിയും അറിയാഞ്ഞിട്ടു താ
ഴെ ചതഞ്ഞു എല്ലു മുറിഞ്ഞതായും അവിടുന്ന എടുത്തു
കൊണ്ടുപൊരുമ്പൊൾ 17ആം പുഴയിൽ തൊണിയി
ൽനിന്ന മെല്പട്ടി മുറിപാടുകളാൽ ഉണ്ണിയാത്തൻ മ
രിച്ചുപൊയി എന്നും മരം എറെ കടത്തനെ കിടന്നി
രുന്ന സമയത്തിൽ പെട്ടു എട മുറിച്ചപ്പൊൾ
അതു മറിച്ചാനം കാലിന്മെൽ തടാനം സംഗതി വ
ന്നതാണെന്നും പൊറെ വിധം മരിച്ചതായി സം
ശയിപ്പാൻ വഴിയില്ലെന്നും ഇതിനൊടു അംശം അ
ധികാരിയുടെ ഡിസമ്പ്ര 18 ആം തെറിപ്പൊട്ടാലും
മെൽ പ്രകാരം മുറിപാടുകൾ അകപ്പെട്ടപൊ
ൾ നിലവിളികെട്ടു ചാഞ്ഞുചെന്ന എടുത്തുകൊ
ണ്ടുപൊന്നവരും മരിക്കുമ്പൊൾ ഉണ്ടായിരുന്നവരും
ആയ കല്ലൂരപെട്ടിക്കൂറ കുഞ്ഞൻ(?), പറക്കൊട്ടിൽ
പൊക്കൻ ഇവരൊടും ശാപം(?) പരിശൊധിച്ച നാട്ടു
വൈദ്യനൊടും മരിച്ചവന്റെ ശെഷക്കാരൊടും
അധികാരി വാങ്ങി അയച്ചിട്ടുള്ള കച്ചീട്ടുകൾ, ശാപ
നൊക്കി എഴുതിയ യാദാസ്തു ഇതുകളാലും കാണ
പ്പെട്ടിരിക്കകൊണ്ടു ൦ ശ൦ വിചാരം ചൊയിച്ചതു

രിക്കുന്നു- എന്നു 1865-ാമത ഡിസെമ്പ്രമാസം
22 നു എഴുതിയതു-

(57) മലയാം ജ്ഞായണ്ടു മജിസ്ത്രെട്ടു
കച്ചെരിയിലെക്കു-

പാലക്കാട്ടു താലൂക്കു കൊങ്ങാട്ടു അംശം തിരുംപ
ററ ദെശത്തു തെക്കുംകാട്ടിൽ പട്ടിയിൽ പണിചെ
യ്യുന്ന ചെറുമൻ ചക്കനും മക്കൾ വെള്ളച്ചിയും
ബൊധിപ്പിക്കുന്ന അന്യായം-

നെടുങ്ങനാട്ടു താലൂക്കു കപ്പൂരക്കൊ
ട്ടു അംശം ദെശത്തു കൊങ്ങശ്ശെരി കണ്ടരമെനൊ
നവർകൾ ഇമ്മാസത്തിൽ ഞങ്ങളെ രണ്ടുമൂന്നു
പ്രാവശ്യം ബലമായി പിടിച്ചുകൊണ്ടുപൊയി
അവരുടെ പട്ടിയിൽ പണിചെയ്തു പാൎക്കെണ
മെന്നു പറഞ്ഞു നിൎബ്ബന്ധങ്ങൾ ചെയ്തുവരുന്നു-
ഇതിനാൽ ഞങ്ങൾക്കു വളരെ സങ്കടവും ബുദ്ധിമു
ട്ടും പ്രതിയുടെ മെൽ അന്യായവും ഉണ്ടു- ഞങ്ങൾക്കു
പ്രതിയുടെ പട്ടിയിൽ പണിചെയ്തു പാൎപ്പാൻ മന
സ്സില്ല- തെക്കുംകാട്ടിലെ പണിയിലൊണ് പണി

ചെയ്തു പാർപ്പാൻ മനസ്സുള്ളതു. അതുകൊണ്ടു പ്രജസംരക്ഷണം ചെയ്യുന്ന സന്നിധാനത്തിങ്കലെ ദയയുണ്ടായി മെലാൽ പ്രതിക്കാരൻ മുതലായി ഒരുത്തരും പ്രതിയുടെ പട്ടിയിൽ പണിചെയ്തു പാക്കേണമെന്ന പറഞ്ഞു ഞങ്ങളെ ബലമായി പിടിച്ചുകൊണ്ടു പൊവാതെയും ദ്രൊഹങ്ങൾ ചെയ്യാതെയും ഇരിപ്പാൻ ഉടനെ വെണ്ടുന്ന ബന്തൊവസ്തു ചെയ്തുതരുവാൻ കല്പന ഉണ്ടായി സങ്കടം തീർത്തു രക്ഷിക്കെണ്ടതിന്ന വളരെ സങ്കടത്തൊടുകൂടി അപെക്ഷിക്കുന്നു. എന്നു കൊല്ലം 1036 മെടമാസം 22 നു എഴുതിയതു.

(58) പാലക്കാട്ടു സബ്ബുമജിസ്ത്രെട്ടു കച്ചെരിയിലെക്കു.

കൊങ്ങാട്ടു അംശം അധികാരി ബൊധിപ്പിക്കുന്നതു. മെയിമാസം 9 നു ഉണ്ടായ കല്പനയും തെക്കുംകാട്ടു പട്ടിയിൽ പണിചെയ്യുന്ന ചെറുമൻ ചുക്രൻ മുതൽ രണ്ടാൾ ജ്വായണ്ടു മജിസ്ത്രെട്ടു കച്ചെരിയിൽ ബൊധിപ്പിച്ച ഹരജിയുടെ പകൎപ്പും അയച്ചതും

13ാം വഴ്യന്നാരം കിട്ടി.

ഹരജിക്കാരായ ചെറുമൻ ചു
ക്കൻ മകൾ വെളുമ്പി ഇവരെ ഹാജരാക്കി ചോദി
ച്ചതിൽ തനിക്കു തെക്കുംകാട്ടിലെ പടിക്കൽ പണി
ചെയ്തു പാർപ്പാനാകുന്നു മനസ്സ എന്ന 1-ാം ഹരജി
ക്കാരനും, തന്നെ ഒരുത്തരും പിടിച്ചു കൊണ്ടുപോ
വാൻ ഭാവിച്ചിട്ടില്ലെന്നും, ഒരു ഉപദ്രവം ചെ
യ്കിട്ടില്ലെന്നും ഹരജി ബോധിപ്പിപ്പാൻ താൻ കൊ
ടുത്തില്ലെന്നും തനിക്കു ഹരജിയിൽ പറയുന്ന കൊ
ങ്ങശ്ശേരി കണ്ടരമെനൊൻറെ പടിക്കൽ പാർത്തു പ
ണി ചെയ്വാൻ ആകുന്നു മനസ്സ എന്നും തനിക്കു
ആരും ഉപദ്രവം ചെയ്യാതിരിപ്പാൻ കല്പന വെ
ണം എന്നും 2-ാം ഹരജിക്കാരത്തിയും പറഞ്ഞിരിക്കുന്നു.

എന്നാൽ ഈ കാര്യത്തെ കുറിച്ചു
അന്വെഷിച്ചതിൽ ഹരജിക്കാർ തെക്കുംകാട്ടിലെ
പടിക്കൽ ഉള്ളവർ ആണെന്നും കുറെ നാളായി
കൊങ്ങശ്ശേരി പടിക്കൽ ഉള്ള ഒരു ചെറുമനൊടു
കൂടി അവിടെ പാർത്തു പണി ചെയ്തു വരുമ്പൊൾ
ഈ കഴിഞ്ഞ മീനമാസത്തിൽ കൊങ്ങാട്ടിൽ പൂര

ത്തിന്നായി ഇവിടെ വന്നതിന്റെ ശേഷം തെക്കംകൂ
റിൽ പിട്ടിൽ ഗുണദോഷക്കാരനായ ഏറക്കാനത്തു രാ
മൻനായർ മുതലായവർ ചില ദുർബോധന പറ
ഞ്ഞു കൊടുത്തു ഇങ്ങിനെ ഒരു ഹർജ്ജി ബോധിപ്പിപ്പാ
ൻ സംഗതി വന്നതാണെന്ന അത്രെ കാണുന്നതു-
അതുകൊണ്ടു ഹർജ്ജിക്കാരുടെ മനസ്സു പ്രകാരം അ
വർക്കു ബോധിച്ച സ്ഥലത്തിൽ പാർത്തു പണി
ചെയ്തു വരാനും അതിന്നു ആരും ഒരു വിരോധ
വും ചെയ്യാതിരിപ്പാനും തക്കവണ്ണം ആയതിന്നു ത
കൊണ്ടു ൦ര൦ വിവരം ബോധിപ്പിച്ചിരിക്കുന്നു-
എന്ന കൊല്ലം 1861-ാമതു മെയിമാസം 16 ൹
എഴുതിയതു- ഹർജ്ജി പക്കൽ മടക്കി അയച്ചിട്ടും
ഉണ്ടു- ത മെൽ-

(59) മലയാം പൊഡ്ഡസിസ്റ്റാണ്ടു
മജിസ്ത്രെട്ടു കൊടതിയിലെക്കു.

പാലക്കാടു താലൂക്കു സബ്ബമജിസ്ത്രെട്ടു ബോധി
പ്പിക്കുന്നതു- ഇതിൽ പറയുന്ന കാര്യത്തിൽ ഹർജ്ജി
ക്കാരുടെ മനസ്സു പ്രകാരം പാർക്കുന്നതിന്നു ആരും

വിരൊധിക്കാതിരിപ്പാൻ വെണ്ടുന്ന ബന്തൊവസ്ത
ചെയ്ത വിവരം ബൊധിപ്പിക്കെണ്ടതിലെക്കു
കൊച്ചാടധികാരിക്കു കല്പന കൊടുത്തതിന്നു ൦൩൦ മാ
സം 16 നു ബൊധിപ്പിച്ച ഹർജി മറുപടി നൊക്കു
മ്പൊൾ ഹർജിക്കാരെ ഒരുത്തരും വിരൊധിച്ചു കൊണ്ടു
ബന്തവസ്സനായി ഭാവിക്കുണ്ടായിട്ടില്ലെന്നും ൧-ാം
ഹർജിക്കാരൻ ഹർജിയിൽ പറയുന്ന തെക്കുംഭാഗത്തി
ലെയും രണ്ടാം ഹർജിക്കാരനും, കൊച്ചശ്ശേരി ക
ണ്ടത്തെമനൊന്റെയും പട്ടിയിലാകുന്ന പണിചെയ്തു
പാർപ്പാൻ മനസ്സു എന്നു പറകയാൽ അപ്രകാരം
പാർക്കുന്നതിന്നു ആരും വിരൊധം ചെയ്യാതെയിരി
പ്പാൻ തക്ക ബന്തൊവസ്തും ആക്കിതരികയും ചെയ്തിരി
ക്കുന്നു എന്നും കാണുന്നതാകകൊണ്ടു പ്രസ്തുത സന്നി
ധാനത്തിങ്കൽ അഭിപ്രായം ബൊധിപ്പിച്ചിരിക്കു
ന്നു. അധികാരിയുടെ റിപ്പൊർട്ട് ഇതൊന്നിച്ചു അയ
ച്ചിട്ടും ഉണ്ടു - എന്നു കൊല്ലം 1861 മെയിമാസം
21നു പാലക്കാട്ടുനിന്നു.

(60) മലയാം ഹെഡസിസ്താണ്ടു മജി
സ്ത്രേട്ടു കൊടതിയിലെക്കു.

പാലക്കാട്ടു താലൂക്കു എലപ്പുള്ളി അംശം തെ
നാരിദെശത്തു ഏറാളപ്പുരത്തിലിരിക്കും കരുക്കാ
ട്ടിൽ അമ്പുമകൻ പൊന്നു ബൊധിപ്പിക്കുന്ന സ
ങ്കടം എന്തു. മെപ്പടി ഏറാളപ്പുറിയിൽ ഏറാ
പ്പാട്ടു തമ്പുരാന്റെ വക കാടായിരുന്ന 30 പറക്കു
നിലം മുതൽ കിലവു ചെയ്തു വെട്ടി നിലം ഉണ്ടാ
ക്കി അതാവും, 50 പറക്കു പഴയ നിലവും കൂടി
ഞാൻ 30 കൊല്ലമായി നടന്ന അനുഭവിച്ചു വ
രുന്നു. അതിൽ മെപ്പടി അംശം എലപ്പുള്ളി
ഗ്രാമം കൃഷ്ണമെനൊന്റെ മകൻ അച്ചുതമെനൊ
ൻ മെപ്പടി ഞാൻ നടക്കുന്ന നിലം വിളഞ്ഞിരിക്കു
ന്ന സമയത്തിൽ അവർ മെൽ ചാർത്തു വാങ്ങെ
ണ്ടിയിരിക്കുന്നു എന്നു വെച്ചു എന്റെ വിളവി
ൽ പല ശല്യങ്ങളും ദ്രവ്യം പെച്ചിയാൽ ബലം
ചെയ്തുവരുന്ന സംഗതിക്കു പാലക്കാട്ടു താലൂ
ക്കു മജിസ്ത്രേട്ടു കൊടതിയിലും ഹെഡസിസ്താണ്ടു
മജിസ്ത്രേട്ടു കൊടതിയിലും സങ്കടങ്ങൾ ബൊ

ശിപ്പിച്ചിരിക്കുന്നു - ഞാൻ ദുർബ്ബലനാകയാൽ നി
വൃത്തിവരുത്തിയില്ല - മെപ്പടി അച്ചുതമെനൊൻ
ഒരു അന്യായം ൦൫൦ കഴിഞ്ഞ വൃശ്ചികം 1-ാം തി
ഞാൻ അന്യായം ബൊധിപ്പിക്കുമ്പൊൾ ബൊ
ധിപ്പിച്ചിരിക്കുന്നു - എന്റെ അന്യായം നിർത്തി-
അച്ചുതമെനൊന്റെ അന്യായത്തിന്ന ഇനിക്കു
താലൂക്ക മജിസ്ത്രെട്ടു കൊടതിയിൽനിന്ന 10 ഉറു
പ്പിക പിഴ കല്പിച്ചു - ഞാൻ ആ പിഴ കൊടുത്തു
തീർപ്പു വാങ്ങി ആപ്പീൽ സങ്കടം ബൊധിപ്പിപ്പാ
ൻ തീർപ്പായതിന്റെ മുതൽ ദിവസെന ഇന്ന
ത്തെ തിയ്യതി വരെയും ബൊധിപ്പിച്ചിട്ടും കി
ട്ടിട്ടില്ല - അതിനാൽ സന്നിധാനത്തിലെ കൃപ
കടാക്ഷം ഉണ്ടായിട്ടു തീർപ്പിന്റെ പകർപ്പു ഉടനെ
തരുവാനും കിട്ടിയ ദിവസം മുതൽ ആപ്പീൽ
ബൊധിപ്പിപ്പാൻ 4 ദിവസത്തെ ഇട തരു
വാനും കല്പന ഉണ്ടാവുന്നതു കൂടാതെ ഞാൻ
മെപ്പടി 30 പറക്ക നിലത്തിമെൽ വിളെഞ്ഞ
റിക്കിയിരിക്കുന്നതു കൊയ്യെടുക്കുന്നതിൽ മെ
പ്പടി അച്ചുതമെനൊൻ ഒരു ശല്യവും ചെ

ച്ചാണെന്നുപ്പാനും കല്പനയുണ്ടായി സങ്കടം തീർത്തു രക്ഷിക്കേണ്ടതിന്നു അപേക്ഷിക്കുന്നു- എന്നു കൊല്ലം 1038 മകരം 8 നു.

(60) *Part II*

പാലക്കാടു താലൂക്കു രണ്ടാം ക്ലാസ്സ്[1] സബ്മജിസ്ത്രേട്ടു എഴുതിയ ഹർജി-

ഈ ഹർജിക്കാരൻ വിധിപ്രകാരം വിഴതടച്ചു പൊയതിൽ പിന്നെ ഒരു ദിവസം എങ്കിലും ഇവിടെ ഹാജരാകയും തിരിച്ചു അപേക്ഷിക്കുകയും ചെയ്തിട്ടില്ല- അപേക്ഷിച്ചിട്ടു കിട്ടിട്ടില്ല എന്നു പറയുന്നതു വ്യാപതിയാകുന്നു- കല്പന എത്തിയ ദിവസം തന്നെ വിവരം ഹർജിക്കാരനെ അറിയിപ്പാൻ ഏല്പിച്ചിട്ടുള്ള അധികാരിക്കു കല്പന അയച്ചു- ഇന്നു ഹർജിക്കാരൻ ഹാജരായി ആകൂട്ടിൽ അവധി ജനവരി 31 നു തിരിച്ചുപൊയിരിക്കുകകൊണ്ടു പകർപ്പു കൊടുത്തു ഇന്നു മുതൽ ഒരാഴ്ചക്കകം[2] ആകൂട്ടിൽ ചെയ്താൽ എടുക്കുമെന്നു കല്പനയിൽ കാണുന്ന

വിവരം വാദിക്കാരനെ അറിയിച്ചു ആവിവ
രം തീൎച്ച പകൎപ്പിന്നു താഴെ എഴുതി പകൎച്ച
കൊടുത്തിരിക്കുന്നതാകകൊണ്ടു പ്രസ്തുത ബോധി
പ്പിച്ചിരിക്കുന്നു- എന്നു കൊല്ലം 1863 ഫിബ്രവ
രി 7നു എഴുതിയതു-

1.E. Class. 2.E. Appeal.

(61) മലയാം ഹെഡസിരസ്താദു മജി
സ്ത്രേട്ടു കൊടതിയിലെക്കു-

പാലക്കാടു താലൂക്കു എലപ്പുള്ളി അംശം ദെശ
ത്തിരിക്കും ശംഖുവൻ തിരുമംപാടത്തു പുഴ
ത്തുണ്ടി മകൻ കുളളൻ ബോധിപ്പിക്കുന്ന ഹര
ജി- എന്റെ കയ്യശമായി ഞാൻ ഏറക്കാലം
നടന്നു അനുഭവിച്ചുവരുന്നു മെപ്പടി ദെ
ശത്തു 6 പറക്കു പട്ടമക്കാവു തച്ചംപൊന്ന എ
ന്ന നിലത്തിന്റെ കാൎയ്യത്തിൽ എന്റെ ഭാഗം
ദൊഷമായി പാലക്കാടു താലൂക്കു മജിസ്ത്രേട്ടു

കൊടതിയിൽനിന്നുണ്ടായ വിധിയിന്മെൽ ഞാൻ
൦ര൦ കൊടതിയിൽ അപ്പീൽ ബൊധിപ്പിച്ചിരുന്ന
താലൂക്കമജിസ്ത്രെട്ട കൊടതിയിൽനിന്നുണ്ടായ
വിധി ദുർബ്ബലമാക്കി മെൽപറഞ്ഞനിലം കീഴ്ക്കൊ
ടപ്രകാരം ഞാൻ തന്നെ നടപ്പാൻ വിധിയുണ്ടാക
യും ആ വിധിപ്രകാരം നടപ്പാനായി കഴിഞ്ഞ മി
നമാസം //ന മെപ്പടി അംശം അധികാരി എ
ന്നെ അറിയിക്കയും അതിന്റെ ശെഷം ഞാൻ
മെപ്പടി നിലത്തു ചെന്നു കന്നുപൂട്ടിയാറെ പ്ര
തി 1. രാഘവൻ ഉത്തണ്ടൻ മകൻ രാമൻ ഞാൻ
കന്നുപൂട്ടുന്നതു വിരൊധിച്ചു എന്നെ അടികല
ശൽ ചെയ്ത കാര്യത്തിന്ന ഞാൻ താലൂക്ക മജി
സ്ത്രെട്ട കൊടതിയിൽ അന്യായം ബൊധിപ്പിക്ക
കയും പൊലീസ്സ കാര്യം തെളിയിക്കുന്നു കാണ
ന്നതിനാൽ അന്യായം നിക്കിയിരിക്കുന്നു എന്നും
നിലം നടക്കുന്നതിന്ന യാതൊരു വിരൊധം ഇ
ല്ലെന്നും എന്നൊടു കൊടതിയിൽനിന്ന കല്പിക്ക
കയും ആ പ്രകാരം ൦ര൦ മാസം ൨ന പിന്നെ
യും ഞാൻ മെപ്പടി നിലത്തു കന്നുപൂട്ടി എതാ

നം നിലം നടുത്തിന്ന സമയം മെപ്പടി പ്രതി
രാമായും പെറ്റ മകൻ രാമനും കൂടി പന്ന ക
ന്നിന്റെ അവിപ്പട്ടി അനുത്തു ധിന്നതന്നെ വി
ട്ടിരിക്കയും എന്നെ പിടിച്ചു തല്ലുകയും പാത്തെ
ററങ്ങൾ പറകയും അടിക്കകയും ചെയ്തിരിക്കു
ന്നു - അതുകൊണ്ടു കൊടതിയിലെ ദയവുണ്ടായി
മെൽപറഞ്ഞ വിധി പ്രകാരം തന്ന കൂടി നട
ന്നിന്ന പ്രതികൾ അടികലശൽ ചെയ്തിരി
ക്കകൊണ്ടു പ്രതികളെയും സാക്ഷി 1. മെപ്പടി
ദെശത്തു ഇട്ടിരാരിച്ച മെനൊക്കിനൊടമ്മയെയും 2.
പെത്തമ്പനായക്കൻ മകൻ പെരുമാൾ ശെട്ടി
യാരെയും 3 പെങ്ങെട്ടി ദെശത്തു കണ്ണെരുകൻ
മാരിമുത്തു ശെട്ടിയാരെയും വരുത്തി വിസ്തരിച്ചു
മെൽപറഞ്ഞ വിധി പ്രകാരം നിലം ഇനിക്കു
നടത്തി തരുവാനും എന്നെ കലശൽ ചെയ്തിരി
ന്ന പ്രതികൾക്കു തക്കതായ ശിക്ഷ കൊടുപ്പാനും
സങ്കടം തീർത്തു രക്ഷിപ്പാനും പുറമെ സങ്കടത്തൊ
ടു കൂടി അപെക്ഷിക്കുന്നു - എന്നു കൊല്ലം
1038 -ാമത് കർക്കടകമാസം 3 നു എഴുതിയത്.

(62) മലയാളം തെക്കെ ഭാഗം ഡിപ്പ്യു
ട്ടി മജിസ്ത്രെട്ടു കൊടതിയിലെക്ക.

പാലക്കാട്ടു താലൂക്ക പടപ്പുറത്ത അംശം കൊല്ല ങ്കൊട്ടു ദെശത്തു നടുപ്പുറത്തിൽ കാരപ്പുറത്ത ൽ താമസിക്കും കൃഷ്ണമെനൊനെന്റെ ഭാൎയ്യ പാറ്വതി ബൊധിപ്പിക്കുന്ന സങ്കടം ഹരജി.

പാറക്കൽ ശങ്കരമെനൊൻ എന്ന വൻ എന്റെ വക 27 ഉരുക്കളെ ബലമായിട്ടു കൊണ്ടുപൊകയും പത്തായം, ചെമ്പ, തൊണ്ണ, കൊറ മുതലായതു പാത്രം കൊണ്ടുപൊകയും മറ്റും ചെയ്ത സംഗതിയെ പറ്റി കഴിഞ്ഞ മെടം 19നു ഞാൻ ൧ം കൊട്ടു മുമ്പാകെ ബൊധിപ്പിച്ച ഹരജിക്ക താലൂക്കിലെക്കുണ്ടായ കല്പനപ്രകാരം ശെൻ താലൂക്കിൽ ഹാജരായി സാക്ഷി മുതലായ തെളിവു കൊടുത്തു വിസ്താരം തീൎന്നതിന്റെ ശെഷം ഉത്തരവു തീൎപ്പു കിട്ടിട്ടില്ല. പ്രതിക്കാരൻ പലരെ പ്രബലനും മറ്റും ആകയാലും ഞാൻ അന്യായക്കാരി ആകുന്നതിനാൽ എന്നെ കണ്ടെടുത്തൊ ൽ പെടുപിടിച്ചു കൊണ്ടുപൊകയും അന്യാ

ഷം രാജ്യം കൊടുത്താൽ 100 ഉറുപ്പിക തരാമെന്നും
ആജ്ഞ ചെയ്തിട്ടില്ലെങ്കിൽ നിനക്കു ദോഷമായ
തീർപ്പു തീരുന്നതു കൂടാതെ നിന്നെ രാജ്യത്തുനിന്നു
ആട്ടി പായിപ്പാനുള്ള വഴി ചെയ്യുമെന്നും പറ
ഞ്ഞപ്പോൾ സത്യത്തെയും നെഞ്ചുസിക്കുന്നതിനാൽ
ങ്ങ വിധവെനയും ഇരിപ്പാൻ പാടില്ലാതെ വ
ളരെ ബുദ്ധിമുട്ടുന്നു -

സാക്ഷിതെളിവും മറ്റും കൊടു
ത്തു വിസ്താരം കഴിക്കേണ്ടതിന്നിയും സാക്ഷി
ഹാജരാകേണം എന്നു താല്പൎയ്യത്തിൽനിന്നു കല്പി
ക്കുന്നു - എന്റെ പക്ഷ സാക്ഷികളെ പ്രതിക്കാ
രൻ കലശൽ ചെയ്തു ഭീതിപ്പെടുത്തി ഏതു ദി
ക്കിലെങ്ങോ ആട്ടി പായിച്ചിരിക്കുന്നു - കെട്ടി
യവൻ ദീനത്തിൽ അകപ്പെട്ടു കിടക്കുന്നു - അതി
നാൽ പെണ്ണും വിധവയായ ഞാൻ സഹായം ഇല്ലാ
തെ ഈ കാൎയ്യത്തിൽ വളരെ കുഴങ്ങിയും കഷ്ടപ്പെ
ട്ടു നടന്നു വലയുകയും ചെയ്യുന്നു - ഇനിയും ഈ
കാൎയ്യത്തിൽ ദേത്തിച്ചു കിട്ടാത്തതു എന്തെയും
സങ്കടമാകയാൽ കോടതിയിലെ ദയയുണ്ടായി

പ്രതിക്കാരനെയും മററുള്ളവിടെ വരുത്തി വി
സ്തരിച്ചു നെരറിഞ്ഞു എന്റെ വക ഉരുക്കളെയും
മററും വാങ്ങി തന്നു സങ്കടം തീൎത്തു കൂടി ഇരുത്തി ര
ക്ഷിക്കെണ്ടതിന്നു അപെക്ഷിക്കുന്നു - എന്നു 1038
എടവം 2 നു എഴുതിയതു-

I. E. Court:

(63) മലയാം ഹെഡസിസ്റ്റാണ്ടു മജി
സ്ത്രെട്ടു ഹെനിങ്ങടൻ സായ്പവ
ൎകളുടെ സമക്ഷത്തിങ്കലെക്കു

പാലക്കാട്ടു താലൂക്ക രണ്ടാം ക്ലാസ്സ സബാഡിനെ
ററു മജിസ്ത്രെട്ടു കൃഷ്ണമെനൊൻ എഴുതിയ ഹരജി
മസ്കൂറിൽ കാണിച്ച 1-ാം നമ്പ്ര ഹരജിക്കാരന്റെ

1863-ൽ പലവക 163- ാം ഴുവൻതിരിശം പാടത്തു പഴനിയാണ്ടി മകൻ അമ്പൂട്ടി. മെപ്പടി 202-ാം നമ്പ്ര ഹരജി ക്കാരൻ ഉത്തണ്ടൻ മകൻ ചന്തു.	ഹരജി പറയുന്ന കിഴി ക്കെട്ടു പായി 20നു യും രണ്ടാം നമ്പ്രക്കാ രന്റെ ഹരജിപ്പറ യുന്നുഗാസ്സ 6നെയും

ഉണ്ടായ കല്പനകൾ ഒന്നും. മെൽപറഞ്ഞ ഹൎജ്ജി
കൾക്കു ഹെതുവായ പട്ടമാംകാൎയ്യത്തെപ്പറ്റി 6
പറക്കുന്നിലത്തിമെൽ കന്നുപൂട്ടുന്നതു വിരൊധി
ച്ചു കലഹശാല ചെയ്ക പ്രകാരം 1-ാം നമ്പ്രപ്രകാര
ത്തിന്റെ ഇജ്ജൻ്റ കണ്ടൻ മുതൽ 2-ാൾ കൂടി രണ്ടാം
നമ്പ്രകാരൻ മുതൽ 5-ാളുടെ മെൽ 1861ൽ ഫ
യൽ 732-ാം നമ്പ്രിൽ ശം കൊടതിയിൽ
ബൊധിപ്പിച്ചു അന്യായം വിചാരണ ചെയ്തു
പൊലിസ്സ കാൎയ്യം തെളിവില്ലാതെ നിക്കയും
നിലം 1-ാം പ്രതി ചമനടപ്പാനായും അതുകൊണ്ടും
ജൂലായി മാസം 27നു കല്പിച്ചതിപ്പിന്മെൽ
അതു നമ്പ്രിൽ അന്യായക്കാരനായ 1-ാം നമ്പ്രപ്രകാര
നം അപ്പന്റെ ഇജ്ജൻ്റ കണ്ടനും കൂടി മലയാം
ജായിൻ്റ മജിസ്ത്രെട്ടു കൊടതിയിൽ 61ൽ 71-ാം
നമ്പ്രായി അപ്പീൽ ബൊധിപ്പിക്കയും അതു
കാൎയ്യത്തിൽ 63 ഫിബ്രവരി 21നു മലയാം
തെക്കെ പണ്ടം സിവില്ല മജിസ്ത്രെട്ടു കൊ
ടതിയിൽനിന്നു അതുവിധി ദുഷ്ടപ്പെടുത്തി
കല്പിച്ചതിപ്പു പ്രകാരം നടത്തിപ്പാനായി അതു

തീൎപ്പിന്റെ പുറത്തു 21-ാംനമ്പ്രായി കല്പന ഉ
ണ്ടാകയും, ആ വിവരം കക്ഷികളെ അറിയിപ്പാ
നായി ഏലപ്പുള്ളി അംശം അധികാരിക്കു മാൎച്ച
14നു കല്പന കൊടുത്തു അറിയിക്കയും ചെയ്തി
രിക്കുന്നു. അതിന്റെശെഷം ആ തീൎപ്പു പ്രകാരം
നിലം ആ അപ്പീലിൽ ജയിച്ച 1-ാംനമ്പ്രുകാരൻ
അമ്പുട്ടി നടക്കുന്നതിന്മെൽ 2-ാംനമ്പ്രു ചന്തു
വിരൊധിച്ചു കലശൽ ചെയ്ത പ്രകാരം 63ൽ
കലണ്ടര 43-ാംനമ്പ്രായി ഇവിടെ അന്യായപ്പെ
ടുകയും ആ കാൎയ്യം വിസ്തരിച്ചു ജൂൻ 26നു തെ
ളിവില്ലാതെ നീക്കുകയും ചെയ്തിരിക്കുന്നു. ആപ്പീ
ലിൽ തൊററവനായ രണ്ടാംനമ്പ്രുകാരന്റെ
തെറ്റു അതിന്മെൽനിന്നു വിടാതെ 1-ാംനമ്പ്രു
കാരൻ നടക്കുന്നതിന്മെൽ സമാധാനവിരൊധം
ചെയ്യുന്ന ഹെതുവാൽ അവനും, അതിനു എതി
രായി രണ്ടാംനമ്പ്രുകാരനും ഹരജികൾ ബൊധി
പ്പിച്ചിട്ടുള്ളതാണെന്നും മെൽപറഞ്ഞ തീൎപ്പിലെ
വിവരപ്രകാരം മെൽപറഞ്ഞനിലം 163-ാംന
മ്പ്രു ഹരജിക്കാരനായ അമ്പുട്ടി നടക്കെണ്ടതാണെ

നം അതിന്മേൽ 202-ാം നമ്പ്ര ഹർജിക്കാരനായ 2-ാം നമ്പ്ര ഹർജിക്കാരൻ ചന്തു യാതൊരു തെളിവും ബോധിപ്പിക്കുന്നതെന്നു: സന്നിധാനത്തിങ്കൽനിന്നു ഹരജിക്കാരൻ ഒരു മറുപടി കൊടുത്താൽ ശല്യം തീരുന്നതായി കാണുന്നതാകകൊണ്ടു പ്രസ്തുത ബോധിപ്പിച്ചിരിക്കുന്നു- ഹർജികൾ മടക്കി അയച്ചിട്ടും ഉണ്ടു- എന്നു കൊല്ലം 1063-ാമത ആഗസ്തമാസം 17നു എഴുതിയതു-

(64) മലയാം പ്രവിശ്യയിൽ ജായണ്ടു മജിസ്ത്രേട്ടു സന്നിധാനത്തിലേക്കു-

പാലക്കാടു താലൂക്ക കുഴൽമന്നം അംശം എരിമംഗലത്തു ഇരിക്കും ഗോവിന്ദന്റെ മകൻ കണ്ണനും രാമന്റെ മകൻ പൊക്കനും ഒണക്കന്റെ മകൻ കേളുവും കൂടി ബോധിപ്പിക്കുന്ന സങ്കടം ഹരജി-

ഞങ്ങടെ കുടികൾക്കു വടക്കു ഭാഗത്തു കുടി അരികിൽ ആലക്കിൽ കണ്ടത്തിന്റെ തെക്കെ

മൊയിൽ പൊലിക്കോടുകൾക്കും വെള്ളം മുട്ടി വരുന്ന
ഒരു കിഴക്കും, പെരുവഴി നടവരമ്പും പുരാതനമെ
ഉള്ളതു മെപ്പടി ആലക്കൽ നിലത്തിന്റെ ഉട
മസ്ഥാരനായ കുത്തന്നൂർ അംശം ദേശം ഴവൻ പാലം
പറമ്പിൽ തിത്തന്റെ മകൻ ചാമി കിഴക്കൊ
ട്ടും കിഴിവെട്ടിയുന്നും നടവരമ്പു വെട്ടി നില
ത്തോടു ചെർത്തിനാൽ സങ്കടത്തിന്ന കിഴക്കൊ
ട്ടും താലൂക്കിൽ അന്യായപ്പെട്ടു- സാക്ഷികളൊടു
കൂടി 2-3 പ്രാവശ്യം താലൂക്കിൽ ഹാജരായി
മെപ്പടി ചാമി ദ്രവ്യസ്ഥനും ദുർവ്യവഹാരി
യും ആകയാൽ നിവൃത്തിയായി കല്പന ഉണ്ടായി
ട്ടില്ല- പിന്നെ കിഴക്കും വരമ്പും ഉണ്ടാക്കാമെ
ന്നു പറഞ്ഞു വരുന്നു- ചെറുതായി മാത്രം ഒരു വ
രമ്പു ഇട്ടിരുന്നു- കിഴിവെട്ടിത്തന്നിട്ടില്ല- പലരെ
പുരാതനമെ ഉള്ളതായ നാട്ടുപെരുവരമ്പും
ഞങ്ങൾ മുതൽ പലർക്കും വെള്ളം മുട്ടി അനുഭവി
ച്ചുവരുന്ന കിഴക്കും മെപ്പടി ചാമി അവന്റെ
പ്രാബല്യത്താൽ വെട്ടിയുന്നു നിലത്തൊടു
ചെർത്തിരിക്കുന്നതു സന്നിധാനത്തിങ്കൽനിന്ന

വന്നനൊക്കിയാലും അനെപക്ഷിച്ചാലും പ്രത്യ
ക്ഷമായി അറിയാവുന്നതാകുന്നു- ഇനിക്കൊന്നു മെ
പ്പട്ടി ചാമിയും അവന്റെ ചെറുമക്കളും കൂടി
വന്നു മെപ്പട്ടി ചെറുതായി ഉള്ള വഴി വരമ്പും
വെട്ടി എടുത്തു നിലത്തൊടു ചെർത്തു നട്ടിരിക്കു
ന്നു- വഴിവരമ്പു വെട്ടിം എടുക്കരുതെന്നു മെ
പ്പട്ടി ചാമിയൊടു പറഞ്ഞെപ്പൊൾ വെട്ടി എടുക്കും
എന്നു പറഞ്ഞു- സമ്മതിച്ചിട്ടില്ല- മെപ്പട്ടിയി
വരം അധികാരി തമ്പുരാനൊടു കഴിഞ്ഞൊകൊ
ല്ലം ബൊധിപ്പിച്ചതിന്നു ചാമിയെ വരുത്തി
പറഞ്ഞിൽ മുൻപ്രകാരം ആക്കാമെന്നു പറഞ്ഞു
പൊയി- അവൻ ദ്രവ്യസ്ഥനും ദുർമ്മാർഗ്ഗിയും
ആകയാൽ സാധുക്കളായും ദിവസെനാൽ കൂലി
പ്പണി ചെയ്തു കഴിച്ചുവരുന്നവരും ആയ ഞങ്ങ
ളെ മെൽപ്രകാരം ഉപദ്രവങ്ങൾ ചെയ്തു വ
ഴിമുട്ടിക്കുന്നതിനാൽ വളരെ സങ്കടം ആകകൊ
ണ്ടു സന്നിധാനത്തിങ്കലെ കൃപാകടാക്ഷം ഉണ്ടാ
യി മെൽപ്രകാരം ഉപദ്രവമായി ചെയ്തിരിക്കു
ന്ന അക്രമങ്ങളെ നൊക്കി കീഴ്ക്കടൈ സ്ഥിതി

പ്രകാരം വെള്ളം കിട്ടിപ്പാനുള്ള കുഴിയും പല ജനങ്ങൾക്കും സാധാരണയായി നടന്നു പൊകുന്ന വഴി പരമ്പും ഉണ്ടാക്കിച്ചു തരുവാനും ഇപ്പൊൾ ചെയ്യുന്ന തക്കതായ കല്പന കൊടുത്തു സങ്കടം തീർത്തു രക്ഷിപ്പാൻ പലരെ സങ്കടത്തൊടു കൂടെ അപെക്ഷിക്കുന്നു. എന്നു 1038 മിഥുനം 21 നു എഴുതിയതു.

I. E. Province.

(65) പാലക്കാട്ടു താലൂക്കു രണ്ടാം ക്ലാസ്സ സബ്ബമജിസ്ത്രെട്ടു എഴുതിയ ഹരജി.

ഹരജിക്കാരൻ ഹരജിയിൽ പറയുന്ന സംഗതിയെ കുറിച്ചു കഴിഞ്ഞ 1861 ജൂൻ മാസം 8 നു ഇവിടെ അന്യായപ്പെട്ടിരിക്കുന്നു. എന്നാൽ ഹരജിക്കാരൻ ഹാജരായി തെളിവു കൊടുക്കാത്തതിനാൽ ആ മാസം 20 നു ആ കാര്യം നിക്കിയിരിക്കുന്നു. അതിന്റെ കാരണം അന്വെഷിക്കപ്പൊഴും അധികാരിയുടെ വിസ്താരത്തിലും ഹരജി ബൊധിപ്പിച്ച ഉട

നെ അവർ തമ്മിൽ അന്നു പറഞ്ഞു കുഴി തൊണ്ടി
കൊടുക്കാമെന്നും പരമ്പ ഇട്ടു കൊടുക്കാമെന്നും
പ്രതികൾ പറഞ്ഞു സമാധാനപ്പെടുത്തിയതിനാൽ
ആയതിന്നു ഹാജരായി തെളിവു കൊടുക്കാത്തതെന്നും,
പിന്നെ അതു പ്രകാരം ചെയ്യാത്തതിനാൽ ൟ ഹര
ജിക്കു കാരണമായതു എന്നും, ഉപദ്രവമുണ്ടെന്നും
കാണുകകൊണ്ടു അതു മുമ്പെത്തെ പ്രകാരം അനു
വദിച്ചു കൊടുക്കേണ്ടതാണെന്നു തോന്നുന്ന വസ്തുത
ബൊധിപ്പിച്ചിരിക്കുന്നു.. എന്നു 1863 അക്ടൊ
ബർ മാസം 27 ന എഴുതിയത.

(66) ഹെഡസിസ്ത്രാണ്ടു മജിസ്ത്രേട്ടു കൊടതിയിലെക്കു.

പാലക്കാടു താലൂക്കു കൊടുവായൂർ അംശം പുതു
നഗരം ദെശത്തിൽ ഇരിക്കും കൃഷ്ണമെനൊൻ മക
ൻ കെളുമെനൊൻ ബൊധിപ്പിക്കുന്ന ഹരജി.
പുതുനഗരം ബജാറിന്റെ കിഴക്കെതല വടക്കെ
പുറത്തൊരു പീടിക പിട്ടു അടുത്ത പടിഞ്ഞാറെ പീ
ടിക എന്റെ സ്വന്തമാകുന്നു. ആ പീടികയിൽ

കഴിഞ്ഞ കൊല്ലത്തിൽ അനന്തൻ മകൻ ചന്തു എ
ന്ന ചാത്തു, രാമൻ മുതലായവർ ബലമായി ക
യ്യേററങ്ങളും മററും ചെയ്തു കാര്യത്തെ കുറിച്ചു എ
ന്റെ അച്ശനും രണ്ടാം അന്ന്യായക്കാരനായി എന്റെ
അമ്മാമൻ ശങ്കരമെനൊനും കൂടി താലൂക്കു മജി
സ്ത്രെട്ടു കൊടതിയിൽ അന്ന്യായപ്പെടുകയും കയ്യെ
ററ കുററത്തിന്ന പ്രതികൾക്കു പിഴ കല്പിക്കയും
ചെയ്തതിന്റെ ശെഷം പിന്നെ അച്ശൻ മരിക്കു
ന്നവരെ ഞങ്ങടെ സിവിൽ മെൽ മെപ്പടി ശങ്ക
രമെനൊനെക്കൊണ്ടു കയ്യേറ്റം നടത്തിച്ചു വരി
കയും മരിച്ചതിന്റെ ശെഷം കയ്യേറ്റം മുടങ്ങി
പിടികിട്ടിണ്ടുമായി കിടക്കയും പിന്നെ എന്റെ
അച്ശൻ മുമ്പു കൊടുപ്പാനുള്ള 200 ഉറുപ്പിക ക
ടം പലിശ മുമ്പു എഴുതിയ ആധാരപ്രകാരം
ഒഴിച്ചു കൈവശം കൊടുക്കാഞ്ഞതിനാൽ
ആധാരത്തിലെ താല്പര്യ പ്രകാരം പിടിക ഞാനും
എന്റെ രക്ഷിതാവു പെററമ്മയും കൂടി ൦രം ക
ഴിഞ്ഞ കർക്കിടകമാസത്തിൽ കുടിക്കാരൻ ഗോപാല
മെനൊന്ന കല്പശമായി കൊടുത്തു - അദ്ദെഹത്തി

ൻെറ വിചാരിപ്പിന്മെൽ സാമാനങ്ങൾ മെടിച്ചു ഇ
പ്പോൾ മൂന്നമാസമായി കയ്യൊടം ചെയ്തുവരു
ന്നു - മുമ്പുണ്ടായ വ്യവഹാരത്താൽ ൨-ാം അന്യായം
ശങ്കരമെനൊൻ (കൂടി) കൈവശം ഉണ്ടെന്നുള്ള
ഒരു ഭാഗം പറഞ്ഞതിനെ മാത്രം വിചാരിച്ചു
ഇപ്പോൾ യാതൊരവകാശവും പിടികിട്ടാ
ത്ത ശങ്കരമെനൊൻ ൧-ാം നഗരത്തിൽ രണ്ടുകക്ഷി
കളായി ഭാഗിച്ചിരിക്കുന്ന എന്റെ വിരൊധി
കളുടെ പക്ഷമെൽ ഉൾപ്പെട്ടു ഞാൻ ചെറുപ്പമാക
യാൽ പല്ലുതക്കങ്ങളും കൊണ്ടുവന്ന ന്യായംകൊ
ണ്ടു തന്നെ തൊല്പിച്ചു പിടിക കൈവശമാക്കി
കളയാം എന്നുള്ള വിചാരത്തിന്മെൽ ൨-൪ കക്ഷി
യായി ഭവനകയ്യെറ്റത്തിന്നു ഉത്സാഹിക്കയും
ആ സമയങ്ങളിൽ ഒക്കയും സ്റ്റെഷൻ ഹൌസ്സു
കച്ചെരി ഇതിനടുത്താകയാൽ എറെകുറെത്തിനൊ
ന്നും സംഗതി വരാതെ കഴിഞ്ഞിരിക്കുന്നു - ഇപ്പോൾ
പിടിക കെട്ടുള്ളതു കെട്ടി മെയിക്കാൻ ൧-ാം കഴി
ഞ്ഞ മിഥുനം ൩/ന ചൊവ്വാഴ്ച ചെന്ന സമയം ശ
ങ്കരമെനൊനും, ൧-ാം പിടികയിൽ കയ്യെറ തുറ

തിന്നു മുമ്പിൽ ഗർഭിണിച്ച ചന്ത്രവും (കൂടി) ഏറെന്നാ
ല്ലം ഫിടികയിൽ കയ്യേറ്റം ചെയ്യുന്നവരെയും ഫിടി
ച്ച ആളെ ഭവനകയ്യേറ്റത്തിന്നു ഭാഗിക്കയും ചെ
യ്യാറെ ആ സമയവും കലശൽകെട്ടു സ്റ്റേഷനി
ൽനിന്നു ഏററ കുററങ്ങൾ ഒന്നും സംഭവിക്കാതെ
ആയിരിക്കുന്നു- മെപ്പടി ശങ്കരമെനൊനും ചന്ത്ര
വും പലപ്പൊഴും ദുരാലൊചനയിമെൽ ഫിടിക
യിൽ കയ്യേറി അക്രമങ്ങൾ ചെയ്യുന്നതാകകൊ
ണ്ടു ൦ര൦ ഫിടിക ആക്കുളതെന്നും അച്ചൻ മരി
ച്ചതിൽ പിന്നെ ശെഷം ശങ്കരമെനൊന നടപ്പുണ്ടാ
എന്നും ഇപ്പൊൾ കയ്യേറ്റം ചെയ്യുന്നതു ആരാകു
ന്നു എന്നും അതു എത്ര മാസമായി എന്നും വെണ്ടു
ന്ന അന്വെഷണങ്ങൾ ചെയ്തു പ്രതികൾ അക്രമി
ച്ചു ഫിടികയിൽ കയ്യേറാൻ തുടങ്ങുന്നതു നിൎത്തൽ
ചെയ്യും എന്നൊ അടികലശൽ ചെയ്യുന്നതിന്നും മ
റ്റും ഞാൻ വിസ്താരസമയം ബൊധിപ്പിക്കുന്ന
സാക്ഷികളെ വരുത്തി വിസ്തരിച്ചും പ്രതികൾ
ക്കു ശിക്ഷ കൊടുത്തും സങ്കടം തീൎത്തു രക്ഷിക്കെണ്ടതി
ന്നു അപെക്ഷിക്കുന്നു- എന്നു കൊല്ലം 1039-ാമ

ന്നു കന്നിമാസം 8 നു എഴുതിയതു-

(67) കൊഴിക്കൊട്ടു തെക്കു മുൻസിഫ

കൊടതിയിലെക്കു-

കൊഴിക്കൊട്ടു താലൂക്കു കസബ അംശത്തിൽ തട്ടാൻ മിത്തലെ വീട്ടിൽ വെലപ്പൻ, പ്രതി മെപ്പടി താലൂക്കു നഗരം അംശം ദെശത്തു കല്ലൂടം കായലൊടത്തു അമ്മുക്കുട്ടി-

1037 മെടം 5 നു പ്രതി ഞനിക്കു എഴുതിതന്നതും ആ കൊല്ലം മിഥുനം 30 നു വിലക്കു ത്തു തരെണ്ടിയിരുന്നതും ആയ 10 ഉറുപ്പികയുടെ ആധാരം പറെക്കു താഴെ കാണിക്കും പ്രകാരം പലിശകൂടെ 11 ഉറുപ്പിക 12 അണ തരിയിപ്പാൻ അന്ന്യായം.

മുതൽ	×ക. 10 — " — "
മാസത്തിൽ നൂറിന്നു 2 .	
പ്രകാരം പലിശ	" 1 — 12 — "
വകരണ്ടിൽ .	ക. 11 — 12 — "

മെൽ പറഞ്ഞ മുദ്രകടലാസ്സാധാരം ഹാ

ജരാക്കിയിരിക്കുന്നു.

ഇതിൽ പെരെഴുതിയ അന്യായക്കാര
നായ ഞാൻ ഇതിൽ എഴുതിയിരിക്കുന്നതു എ
ന്റെ അറിവിലും വിശ്വാസത്തിലും അടങ്ങ്ി
ടത്തൊളം ഒക്കയും സത്യമായിട്ടുള്ളതാകുന്നു.
എന്നു ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. എന്നു
1038 ധനു 26നു എഴുതിയതു.

---

1. *Arabic. Munsif (lit. equitable) An uncovenanted civil judge.*

x. ക. *stands for* ഉറുപ്പിക. *of which it will be noticed it is the last letter.*

(68) കൊഴിക്കൊട്ടു ജില്ലാ സെഷൻ[1]
കൊടതിയിലെക്കു.

59ൽ[2] ക്രിമിനാൽ 79-ാം നമ്പ്ര അന്യായം. കുറ്റ
നാട്ടു താലൂക്കു പൊക്കിളം അംശം കാക്കുരു ദെശ
ത്തു കൃഷ്ണാണ്ടാട്ടു കിട്ടിരാമൻ എഴുത്തച്ഛൻ ബൊ
ധിപ്പിക്കുന്ന അന്യായഹരജി.

മെപ്പടി നമ്പ്രിൽ തടവുകാരൻ

മെപ്പടി താലൂക്ക അംശം ദെശത്ത കിളുത്താംചെടി
ക്കൽ അനന്തൻ എഴുത്തശ്ശനെ വിട്ടയപ്പാൻ ഉ
ണ്ടായിട്ടുള്ള കല്പനമെൽ താഴെ കാണിക്കുന്ന സം
ഗതികളാൽ അപ്പീൽ ചെയ്യുന്ന.

തടവുകാരൻ ജനശെഖരനൊ
ടെ എന്റെ ഭവനത്തിൽ വന്ന അതിക്രമിച്ചു
ആ ഭവനം ശുദ്ധം മാററിച്ചെരെ നഷ്ടവും സ
ങ്കടവും അനുഭവിച്ചിട്ടുള്ള അവസ്ഥ വിസ്താര
ത്താലും ആ സ്ഥലത്ത വന്ന അന്വെഷണം ചെ
യ്തിരിക്കുന്ന അപ്പസർമാരുടെ റിപ്പൊൎട്ടാലും പെണ്ണും
ചണ്ണും തെളിഞ്ഞിരിക്കയാലും ആ കാൎയ്യം ഇപ്പൊത്ത
ത്ത ആകുന്ന എന്ന [3]സബൊൎഡിനെററുക്രിമിനാൽ
[4]ജഡ്ജി സായ്പവൎകളും പറഞ്ഞിട്ടുള്ളതാകയാലും കാൎയ്യം
നടന്ന സമയത്ത തടവുകാരൻ മുൻസിഫ കൊട
തിയിൽ ആയിരുന്ന എന്ന കാണിച്ച തെളിവ
ണ്ടാക്കിതീൎന്നതാകയാലും തടവുകാരനെ വിട്ടയ
പ്പിച്ചതമല്ല. അതുകൊണ്ടു മെപ്പടി തീൎപ്പു മാ
റിതിരുത്തുവാൻ അപെക്ഷിക്കുന്നു. എന്ന

1034 മിഥുനം 1൹ എഴുതിയതു

---

1. E. Session. 3. E. Subordinate.
2. E. Criminal. 4. E. Judge.

(69) കൊഴിക്കൊട്ടു ജില്ലാസിവിൽ
കൊടതിയിലെക്കു.

പൊന്നാനി താലൂക്കു പൊന്നാനി അംശം കിടപ്പ
നാട്ടുദെശത്തു ശങ്കരപാറിയർ പൊക്കുവതിൽ
ശങ്കരമെനൊൻ 60ൽ 27-ാം നമ്പ്ര അന്യായപ്ര
കാരം ബൊധിപ്പിക്കുന്ന ഹരജി.

ഹരജിക്കാരന്റെ കാരണവന്മാ
രായ കിട്ടൂർ പാറിയത്തു അച്യുതപാറിയരും അന
ജൻ ശങ്കരപാറിയരും 1036ൽ മരിച്ചുപൊയിരി
ക്കുന്നു- അവരുടെ പിന്തുടർച്ചാവകാശവും സക
ല മുതലും അടക്കി അനുഭവിച്ചു വരുന്നതും ഈ
ഹരജിക്കാരനാകുന്നു- മെൽ പറഞ്ഞ രണ്ടാൾക്കു
കിട്ടുവാനുള്ള ചില കാറിയിടം വായ്പ പിരിപ്പാ
ൻ വ്യവഹാരപ്പെടെണ്ടതാകകൊണ്ടു അതിന്നു

വെണ്ടി മെപ്പടി ആക്ടു[2] പ്രകാരം ഉള്ള ഒരു
[3]സ്ട്ടിഫിക്കെട്ടു തരുവാൻ കല്പന ഉണ്ടാവാൻ അ
പെക്ഷിക്കുന്നു- സ്ട്ടിഫിക്കെട്ടിനു വെറെ ആ
രും അപെക്ഷിച്ചിട്ടില്ല- സത്യം ചെയ്തു കൈ[4]ഫി
യത്തു കുറനാട്ടു[5] തുക്കിടി മുൻസിഫ കൊടതിമു
മ്പാകെ കൊടുക്കുന്നു- എന്നു 1039-ാമതു മീനമാ
സം 5ന എഴുതിയതു-

---

1. E. Civil.
2. E. Act.
3. E. Certificate.
4. Arabic. Kaifiyat. statement.
5. Hind. Ṭukṛá = a portion, division. (here, a portion of a district or Zila.)

ഹരജിക്കാരനൊടു സത്യത്തിന്മെൽ എ
ടുത്ത വാമൊഴി-

ഞാൻ സട്ടിഫിക്കെട്ടു കിട്ടെണ്ട
തിനായി അപെക്ഷിച്ചിട്ടുള്ളതു ഒരു കൊല്ല
ത്തിൽ പിരിവാനുള്ള 380 ഉറുപ്പികയുടെ മു
തലിമെലാണ- അതിൽ 280 ഉറുപ്പിക മറി

ച്ച അച്യുതപാരിയക്കും ശങ്കരപാരിയക്കും കൂടി
പിരിഞ്ഞുകിട്ടാനുള്ള കടം മുതൽ ചെൎക്കുന്നു- 100
ഉറുപ്പിക കടം പാട്ടയുടെ പലിശയും ഇടക്കാ
ത്ത വസ്തുക്കളുടെ ഒരു കൊല്ലത്തെ അനുഭവ
വും കൂടി ഒരു കൊല്ലത്തിൽ പിരിപ്പാനുള്ള
സംഖ്യയാകുന്നു- ഠരം വായിച്ച പ്രകാരമാണ
ഞാൻ പറഞ്ഞത- 1864 ആഗസ്ത 22 ന.

№ 2.

രണ്ടാം സാക്ഷി അച്യുതപിയത്തു ഗൊവിന്ദ
മെനൊനൊട്ടു സത്യത്തിന്മെൽ എടുത്ത വാ
മൊഴി.

ഹരജിക്കാരനെയും ഹരജിക്കാ
രന്റെ കാരണവൻ അച്യുതപാരിയരെയും അ
നുജൻ ശങ്കരപാരിയരെയും ഞാൻ അറിയും- അ
ച്യുതപാരിയരും ശങ്കരപാരിയരും ഇപ്പൊൾ
ഇല്ല- മരിച്ചുപൊയിരിക്കുന്നു- മരിച്ചതു 1036ൽ
ആണെന്ന തൊന്നുന്നു- മാസം തിയ്യതി ഇന്നിക്കു
നിശ്ചയം ഇല്ല- മരിച്ച അച്യുതപാരിയരുടെയും

ശങ്കരവാരിയരുടെയും അടുത്ത അവകാശി ഹ
ൎജ്ജിക്കാരൻ തന്നെയാകുന്നു- വെറെ അവകാ
ശികൾ ആരും ഇല്ല- മരിച്ചുപൊയ അച്യുത
വാരിയരുടെയും ശങ്കരവാരിയരുടെയും വക
യായിട്ടുള്ള കുററികടം വാശ്ശികൾ പിരിച്ചു
അനുഭവിച്ചുവരുന്നതു ഹൎജ്ജിക്കാരൻ തന്നെ
യാകുന്നു- ഞാൻ ഹൎജ്ജിക്കാരന്റെ സമിപവാസൻ
ആകകൊണ്ടു വിവരങ്ങൾ സകലവും എനിക്കു
അറിവുള്ളതാകുന്നു- 1864 ആഗസ്തു 22 ന.

(70) കൊഴിക്കൊടു ജില്ലാ സിവിൽ കൊടതിയിലെക്കു-

ഏറനാട്ടു തുക്കിടി മുൻസിഫ് കൊടതിയിൽ
1863ൽ 256-ാം നമ്പ്രിൽ 1-ാം പ്രതി ഏറനാ
ട്ടു താലൂക്ക മമ്പാട്ടു അംശത്തിൽ കാരക്കുന്നാലെ
അത്താൻ പെക്കു വക്കിൽ സെയതാലി മുൻഷി-
ബൊധിപ്പിക്കുന്ന ഹൎജ്ജി-

മെൽ നമ്പ്രവിധിമെൽ ബൊ
ധിപ്പിച്ച അപ്പീൽ ഹൎജ്ജിയിൽ 1സല ശരിയ

ല്പായുകൊണ്ടു നന്നായി വരുന്ന കോടതിക്കു ബൊ
ധിപ്പിക്കെണമെന്നു കല്പിച്ചു കഴിഞ്ഞ ഫിബ്രവ
രി 22 നു മടങ്ങി തന്നിരിക്കുന്നു.

സല[1] ശരിയായി കണക്കുകൂട്ടി നോക്കി
യപ്പോൾ 32 ഉറുപ്പിക കടലാസ്സിൽ ആപ്പീൽ ബൊ
ധിപ്പിക്കേണ്ടതാകയാൽ ആപ്പീൽ ഹരജ്ജി എഴുതി
യ 8 ഉറുപ്പിക കടലാസ്സു കഴിച്ചു 24 ഉറുപ്പിക അ
യപ്പാൻ ഹരജ്ജിക്കാരനു എഴുതി അയച്ചു. ഫിബ്ര
വരി 3 നു മാത്രം ഉറുപ്പിക അയക്കയാലും മാൎച്ചു
1 നു മുതൽ 8 ദിവസത്തെക്കു തൊൻകല്പന വാങ്ങു
കയും 8 നു മുതൽക്കു സെഷൻ കൊടതി തുടങ്ങുകയും
ചെയ്കയാലും കല്പിച്ച പ്രകാരം ആപ്പീൽ ബൊധി
പ്പിപ്പാൻ ഇടവരാത്തതാകുന്നു. അതുകൊണ്ടു ഇതൊ
ടുകൂടി ബൊധിപ്പിക്കുന്ന ആപ്പീൽ എടുപ്പാൻ അ
പെക്ഷിക്കുന്നു. എന്നു 1039 മീനം 3 നു എഴുതിയതു.

---

1. *Sala*, *value*, *valuation* (? *Arabic* *Salá*, *silá*, *information*)

(71) കൊഴിക്കൊട്ടു സിവിൽ കൊടതിയിലെക്കു.

കൊഴിക്കൊട്ടു പടിഞ്ഞാറെ കൊവിലകത്തു വലിയതമ്പുരാൻ അവർകൾ പെൎക്കു പെൎത്തിൽ രാമൻ മെനൊൻ ബൊധിപ്പിക്കുന്ന അൎജ്ജി.

വള്ളുവനാട്ടു താലൂക്ക നടുവട്ടം അംശത്തിൽ 1. മെലെതൊടി കൊവുണ്ണി നെടുങ്ങാടി 2. മൂക്കുണ്ണി നെടുങ്ങാടി ഇവരെ മെൽ 1033 കന്നി 23 ന്നു തെ ആധാരം വക മുതൽ പലിശ കൂടിയുള്ള ദ്രവ്യം വാങ്ങിക്കുവാൻ പട്ടാമ്പി തൃക്കൊടി മുൻസിഫിൽ തമ്പുരാൻ അവർകൾ ബൊധിപ്പിച്ച-ഢ വ്യവഹാരം ആധാരത്തിലെ അവധി മുതൽ 3 കൊല്ലം കഴിഞ്ഞുപൊകയാൽ ഫയലാക്കാൻ പാടില്ലെന്നു ൩൪ം ഫിബ്രവരി 9 നു മുൻസിഫ ഡൈരി കല്പിച്ചിരിക്കുന്നു.

1. ഡൈരിയിൽ പ്രസ്ഥാവിച്ച 1859ൽ 14-ാം നമ്പ്ര ആക്ടു 1-ാം വകുപ്പു 10-ാം പണ്ഡം ഇങ്ങിനെയുള്ള ആധാരങ്ങൾക്കു സംബന്ധിക്കുന്നതല്ല- ഇങ്ങിനെയുള്ള കാൎയ്യത്തിൽ മെപ്പ

ടി 1-ാം ചെട്ടിപ്പു 16-ാം ഖണ്ഡമാക്കുന്ന സംബന്ധി
ക്കുന്നതു- ആവ്യവസ്ഥ [2]ഹൈക്കോട്ടിൽനിന്ന 1863
ജൂലായി 20നു കല്പിച്ചതായ 63ൽ 3-ാം നമ്പ്ര
ചിട്ടിയാൽ കല്പിച്ചിട്ടുണ്ടു-

2 മെൽ പ്രകാരം നിയമമായിരി
ക്കുമ്പോൾ മെപ്പടി അന്ന്യായത്തെ മുൻസിഫ ഉ
പെക്ഷിച്ചതു ശരി അല്ല-

അതുകൊണ്ടു മെപ്പടി അന്ന്യാ
യം [3]ഫയൽ ചെയ്യാൻ മുൻസിഫിന കല്പനയുണ്ടാ
ക്കെണ്ടതിന്ന അപെക്ഷിക്കുന്നു- എന്ന 1039
മീനമാസം 3നു എഴുതിയതു-

---

1. *E. Diary (Official diary of the proceedings of the Court)* 2. *E. High court.* 3. *E. File.*

(72) കോഴിക്കോട്ടു ജില്ലാമുൻസിഫിൽ
കോടതിയിലെക്കു-

പൊന്നാനി താലൂക്ക കല്ലുമംഗലം അംശം
പെരിങ്ങനം ദെശത്തിരിക്കും കൊമ്മി [1]പ്രിൻ

സിപ്പാൽ [2] സദിരമിൻ കൊടതിയിലെ ൨-ാം ഗുമ
സ്ഥനായിരുന്ന കൊലൊത്തുംപറമ്പിൽ അച്ചുത
മെനൊൻ ബൊധിപ്പിക്കുന്ന ഹർജി-

കൊച്ചി ഫ്രിൻസിപ്പാൽ സദിര
മിൻ അവർകൾ എന്നെ പണിയിൽനിന്ന ഡി
സ്മിച്ചതിന്മെൽ അപ്പീൽ ബൊധിപ്പിപ്പാനായി
ഞാൻ ൰ം തൊഴിക്കൊട്ടു എത്തി എന്നെനി
ക്കയ ദൈണ്ടി വരുത്താൻ ഹർജി ബൊ
ധിപ്പിച്ചതിന്റെ ശെഷം ഇനിക്ക എതാനും ദി
വസം മുമ്പെ തുടങ്ങിരുന്ന ശരീരസൌഖ്യക്കെട
അധികമായി എണീപ്പാനും നടപ്പാനും കൂടി പാ
ടില്ലാതെ പലദിവസം ബുദ്ധിമുട്ടി കിടന്ന
പൊകയും എന്നെ തിവണ്ടി കയറ്റി വീട്ടിൽ
കൊണ്ടുപൊയി ചികിത്സിച്ചു ഇപ്പൊൾ ഏ
കദെശം ദീനം ഭെദം വന്ന എങ്കിലും ചെ
യ്തിരിക്കുന്നതും ആയവസ്ഥ ൰ം ദിക്കിൽ പ
കർപ്പും പ്രമാണമായവക്ക അറിവുകളും ആ
ക്കുന്നു-

ഈ ഹെതുവാൽ ഇതുവരെ ക്രമപ്രകാരം തീൎപ്പിൽ കൊടുപ്പാൻ സംഗതിവരാഞ്ഞതുകൊണ്ടു ദയ ഉണ്ടായി ഈ തെളിവുപാൎത്ത എന്റെ തീൎപ്പിൽ സ്വീകരിപ്പാൻ കല്പന ആകകൊണ്ടെത്രെ അപെക്ഷിക്കുന്നു. 1864 മാൎച്ച 23 ൹.

---

1. E. Principal. 2. Sudr Amin (Arabic Sudr Preeminence, here chief: Amin, a trustee commissioner) Sudr Amins are a class of uncovenanted Judges, Superior to Munsifs and next below the covenanted Civil and Sessions Judges.

(73) ചാവക്കാട്ടു തുക്കിടി മുൻസിഫ
കൊടതിയിലെക്കു.

പൊന്നാനിതാലൂക്ക ബ്രഹ്മകുളം അംശം കാക്കശ്ശെരിദെശത്തു കാക്കശ്ശെരിപടിഞ്ഞാറെ മഠത്തിൽ രാമനാഥപട്ടർ മകൻ വെങ്കിടെശ്വരപട്ടർ.	അന്യായം.

മെപ്പടി താലൂക്ക ചാവക്കാട്ടു അംശം
പെരുന്നാട്ടു ദെശത്തു കാണം പഴഞ്ഞി
യിൽ കുടിലുങ്കൽ വെലുനായർ. } പ്രതി-

59ലെ 8—ാം നമ്പ്ര ഹുക്കു 26—ാം

വക്കുപ്പു പ്രകാരം ബൊധിപ്പിക്കുന്ന അന്ന്യായം.

1. പ്രതി എനിക്കു 1038 കന്നി 12 തലകത്തു തരുവാൻ നിശ്ചയിച്ചു 1037 മിഥുനം 13 ൹ എഴുതിയ കടപത്രപ്രകാരം ഇതുവരെ ഒന്നും തന്നിട്ടില്ലാത്തതിനാൽ 1038 കന്നി 13 ൹ മുതൽ വ്യവഹാരകാരണം ആരംഭിച്ചു.

2. അതുകൊണ്ടു പ്രതിയെ വരുത്തി വിസ്തരിച്ചു താഴെ എഴുതുന്ന കണക്കു പ്രകാരമുള്ള സംഖ്യ മെലാൽ പലിശ ശിലവു സഹിതം തരുവാൻ വിധി ഉണ്ടാവാൻ അപെക്ഷിക്കുന്നു.

ആധാര പ്രകാരം മുതൽ   രൂ. 35 — " — "

അതിന്ന ആധാരം എഴുതി
യ മുതൽ ഇതുവരെ തിങ്ങളി
ൽ നൂറ്റിന്ന ഒന്ന പ്രകാരം
പലിശ.   " 10 — 1 — 6

വകരണ്ടിൽ   രൂ. 45 — 1 — 6.

അന്യായപ്പെട്ട മുദ്രകടലാസ്സാധാരം ഇതൊടുകൂ
ടി ബൊധിപ്പിച്ചിരിക്കുന്നു. എന്ന 1040 ആമത
വൃശ്ചികമാസം 8 നു എഴുതിയത.

ഇതിൽ എഴുതിയിരിക്കുന്നത ഒ
ക്കെയും എന്റെ അറിവിലും വിശ്വാസത്തിലും
അടക്കപ്പെട്ടെടത്തൊളം സത്യമായിട്ടുള്ളതാണെന്ന
അന്യായക്കാരനായ ഞാൻ ഇതിനാൽ സാക്ഷ്യ
പ്പെടുത്തുന്നു. ത ലെമത്.

(74) കൊഴിക്കൊട്ടു ജില്ലാ സെഷ
ൻ കൊടതി സന്നിധാനത്തിങ്ക
ലെക്കു.

പാലക്കാട്ടു താലൂക്കിൽ കൊടുവായൂർ അംശം പുതുന

ഗരം തെരുവിൽ 1. കണ്ടൻകുട്ടിയുടെ മകൻ ഇമ്പിച്ചി
കുട്ടി മുതൽ 4-ാൾ കൂടി ബൊധിപ്പിക്കുന്ന അപ്പി
ൽഹരജി - തന്നെ അടികലശൽ ചെയ്തിരിക്കുന്നു
എന്നു വെച്ചു ഞങ്ങളൊടു കൂടി 10-ാളെ മെൽ മെ
പ്പടി പുത്തനഗരം തെരുവിൽ കല്യകുമത്തി ശെ
ക്കുമിരാൻ മകൻ നാകുരുമിരാൻ മെപ്പടി പുത്ത
നഗരം ആമിൻ കച്ചെരിയിൽ ബൊധിപ്പിച്ച
അന്ന്യായം വിസ്തരിച്ചു ആയതു മജിസ്ത്രെട്ടിൽനി
ന്നു അഞ്ചിതുറുപ്പിക പിഴ കൊടുക്കെണമെന്നു
1857 ഡിസെമ്പ്ര 31നു 122-ാം നമ്പ്രായി തീൎപ്പു
കല്പിച്ചു പിഴ വാങ്ങിയിരിക്കുന്നതു നെരിന്നും ന്യാ
യത്തിന്നും വിരൊധവും ഞങ്ങൾക്കു സങ്കടവും ആ
കയാൽ ആയതു മാററി തരുവാനുള്ള സംഗതികളെ
താഴെ ബൊധിപ്പിക്കുന്നു-

1. അന്ന്യായ സാക്ഷികളുടെ കല്പിത്തിൽ അ
ന്ന്യായക്കാരനെ ഞങ്ങൾ അടികലശൽ ചെയ്തി
രിക്കുന്നു എന്നു അവൻ പറഞ്ഞു കെട്ടതല്ലാതെ
ഞങ്ങൾ അന്ന്യായക്കാരനെ അടികലശൽ ചെയ്യുന്ന
തു അവർ കണ്ടിട്ടില്ലെന്നായിരിക്കുമ്പൊൾ അന്ന്യാ

യഭാഗം തെളിവെന്നുറപ്പിച്ചു ജ്ജിയിൻ കല്പിച്ച
തിന്ന യൊജിച്ചു ജായന്റു മജിസ്ത്രേട്ടു ഞങ്ങ
ൾക്കു പിഴ കല്പിച്ചത എററവും നെരുകെടാകു
ന്ന എന്ന വിസ്താരം കൊണ്ടു തന്നെ തെളിയുന്ന
താകുന്നു.

2. അന്യായക്കാരനൊടു 4-ാം പ്ര
തി ശിന്നശാന്തുരാവുത്തനും 8-ാം പ്രതി കൊണ്ടാ
ര മൈതുരാവുത്തനും അടിച്ചു എന്നും പറയുന്ന
തല്ക്കു 4-ാം പ്രതി കൊച്ചി കൊട്ടയിലും 8-ാം
പ്രതി കൊയമ്പത്തൂർ ജില്ല അപനാശിയിലും
കച്ചൊടത്തിന്ന പൊയി താമസിച്ച വിവരവും
സാക്ഷിക്കളാൽ തെളിവു കൊടുത്താരെന്ന അപെ
ക്ഷിച്ചത അംഗീകരിക്കാതെ ഞങ്ങൾക്കു പിഴ ക
ല്പിച്ചത വിഹിതമല്ല.

അതുകൊണ്ടു ആദ്യവിസ്താരം മു
തലായത വരുത്തിനൊക്കി വിസ്തരിച്ചു ജായന്റു
മജിസ്ത്രേട്ടു തീൎപ്പു മാററി ഞങ്ങളൊടു വാങ്ങിയ
പിഴ മടക്കി തരുവാൻ കല്പന ഉണ്ടാകെണ്ടതിന്ന
അപെക്ഷിക്കുന്നു. എന്ന 1033-ാമത മകരമാ

സം. 11ന്റെ വാഷ്തിക്ക-

(75) കൊഴിക്കോട്ടു ഡിസ്ത്രിക്ട സെഷൻ
കൊടതി സന്നിധാനത്തിങ്കലെ
ക്കു-

കൊഴിക്കോട്ടു താലൂക്കിൽ കച്ചേരി അംശം കുറു
മ്പ്രനാട്ടുശേരി കുന്നമ്മെൽ തൊമരക്കണ്ടിയിൽ
സെസ്സുട്ടി ബൊധിപ്പിക്കുന്ന അപ്പീൽ ഹർജി.

1. അന്യായം ചെറുമൻ നീലി
ചാടത്തുപറമ്പിൽ പാർക്കും കണ്ണുക്കുട്ടി മുതൽ 2-ാൾ
ഒരു അടികലശൽ കാര്യത്തിൽ എന്റെ മെൽ ആ
മീൻ കച്ചേരിയിൽ ബൊധിപ്പിച്ച പൊല്ലീസ്സു
നിമിത്തം ആമീന്റെ ശിപാർശ പ്രകാരം മജി
സ്ത്രേട്ടിൽനിന്നു ഞാൻ അഞ്ചുറുപ്പിക പിഴകല്പി
ച്ചു പസ്സാക്കിയിരിക്കുന്നു.

2. മെപ്പടി കാര്യത്തിൽ ഞാൻ ഉൾ
പ്പെട്ടിട്ടില്ലെന്നു എന്റെ സാക്ഷികളാൽ വെടി
പ്പായി തെളിയിക്കുകയും അന്യായക്കാരും ആ ഭാ
ഗത്തെ സാക്ഷികളും അന്യോന്യ വ്യത്യാസമായി

ബൊധിപ്പിക്കകയും ചെയ്തിരിക്കുന്ന അപെക്ഷ
ക്ക ഇനിക്ക വിധ കല്പിച്ചുത ഒട്ടും വിഹിതമായി
ട്ടുള്ളതല്ല-

3. അധികാരിയുടെ റിപ്പൊർട്ടി
നെ പ്രമാണിച്ചു തുകയിൻ ബൊധിപ്പിച്ചു റി
പ്പൊർട്ടിനെ സ്വീകരിച്ചുകൊണ്ട മജിസ്ത്രെട്ടിൽ
നിന്ന ഇനിക്ക വിധ കല്പിച്ചിരിക്കുന്നത. ഇതി
ന്നമൂലമായ അധികാരിയുടെ റിപ്പൊർട്ടത്തിൽ
എന്റെ നടപ്പുദൊഷത്തെ കുറിച്ചു പ്രസംഗി
ച്ചിട്ടുള്ളത ഒക്കെയും ഇല്ലാത്തതെന്ന സക്ഷാർ
വിക്കാവിനാൽ തന്നെ ദൃഷ്ടാന്തപ്പെടുന്നതാകുന്നു.

അതുകൊണ്ടു മെൽ എഴുതിയ
സംഗതികൾ ഒക്കെയും വിചാരണചെയ്തും ഇതൊ
ടുകൂടി ബൊധിപ്പിക്കുന്ന മജിസ്ത്രെട്ടിന്റെ
കല്പും വെറെ ൩ം കാൎയ്യം സംബന്ധമായ സക
ലറിക്കാവ്യുകളും നൊക്കിയും മെപ്പടി വിധ ദുബ്ബ
ലമാക്കി തുകയും മടക്കി തരുവാൻ കല്പന ഉണ്ടാകെ
ണ്ടതിന്ന അപെക്ഷിക്കുന്നു. എന്ന 1035 കർക്കട

൦ം 19ന എഴുതിയത.

I. E. Records.

(76) കോഴിക്കോടു ജില്ലാ സെഷൻ
കോടതിയിലെക്കു.

ജായന്റു മജിസ്ത്രേട്ടിലെ 57ൽ അപ്പീൽ 10-ാം ന തീർപ്പു സമ്മതമല്ലായ്കയാൽ അയതും അതിന്ന മുമ്പുള്ള ഹെഡ പൊലീസ്സാപ്സരുടെ തീർപ്പും മാറുവാൻ പാലക്കാടു താലൂക്ക പുത്തൂർ അംശം വൈദ്യനാഥപുരം പറവായ്ക്കലെടത്തിൽ അച്ചുതൻനായരുടെ പെങ്ങൾ പക്കിൽ നാരായണയ്യൻ ബോധിപ്പിക്കുന്ന അപ്പീൽ ഹരജി.

൧ാം. വാദിക്കുന്ന ക്ഷേത്രം ഹരജിക്കാരന്റെ ഇടത്തിലേക്കുള്ളതെന്ന അദ്യവിസ്താരത്തിൽ കക്ഷിക്കാർ എല്ലാവരും സമ്മതിച്ചിരിക്കുന്നു. 30-ാമതു കൊല്ലം മുതൽക്കെ അന്ന്യായക്കാരൻ അവിടെ അന്നാഭിഷെകം കഴിച്ചു വരുന്നുള്ള എന്ന അദ്ദേഹം സമ്മതിക്കുകയും ചെയ്തി

റിക്കുന്നു - ശ്രീ ദെവസ്വവക ശ്രീക്ഷെത്രത്തിൽ
ഹരജിക്കാരന്റെ മനസ്സുപൊലെ അടിയന്തരാ
ദികൾ കഴിക്കെണ്ടതും കഴിപ്പിക്കെണ്ടതും അല്ലാ
തെ അനാവകാശിയായിട്ടുള്ള ശ്രീമൂത്തനായക്കാര
ന്നു അവിടെ അന്നാഭിഷെകം കഴിപ്പാൻ ഒരു അ
വകാശം ഉണ്ടെന്നു വെച്ചു വ്യവഹാരത്തിന്നു പു
റപ്പെട്ടതും ഇരുപരിഷയും കൂടി തമ്മിൽ യൊജി
ച്ചു നടത്തിക്കെണമെന്നു ഹെഡ്ഡുപൊലിസ്സാപ്സരും
ഇരുഭാഗക്കാരും കഴിക്കുന്നതിന്നു വിരൊധിക്കെണ്ട
തു വിഹിതമെന്നു ന്യായമുണ്ടാക്കി പ്രസ്തുത സാക്ഷ്യപർക
ളും കല്പിച്ചതു സങ്കടം ഇതുകൊണ്ടു വിസ്താരങ്ങൾ
നൊക്കി മെപ്പടി തീർപ്പുകൾ മാറ്റി ശ്രീക്ഷെത്ര
ത്തിൽ ഹരജിക്കാരന്റെ മനസ്സുപ്രകാരം അടി
യന്തരാദികൾ നടത്തിച്ചുതരത്തക്കവണ്ണം കല്പന ഉ
ണ്ടാകെണ്ടതിന്നു അപെക്ഷിക്കുന്നു - എന്നു കൊല്ലം
1033 വൃശ്ചികം 26 നു എഴുതിയതു.

(77) കോഴിക്കോടു ജില്ലാ സിവിൽ
കോടതിയിലെക്കു-

പൊന്നാനി താലൂക്കു പൊന്നാനി അംശം കടവു നാട്ടുദെശത്തു കിഴൂർ വാരിയത്തു ശെഖരവാരിയർ പെങ്കുവക്കീൽ ശങ്കരമെനൊൻ ബൊധിപ്പിക്കുന്ന ഹരജി-

ഹരജിക്കാരൻ കുറനാട്ടു മുൻസിഫ കൊടതിയിൽ ഉമെദവാരൻ ആയിരുന്നു. ആമീൻപണി കമിശൻപണി ശം വകകൾ എടുത്തും സിവിൽപണി മുതലായതുകൾ നല്ല ശീലമുള്ള ആളും 50 ഉറുപ്പിക വരെയുള്ള ഉദ്യൊഗങ്ങൾക്കും മുൻസിഫ കൊട്ടു വക്കീൽപണിക്കും ഉപയൊഗമായ ആളെന്നു സർട്ടിഫി വക പരിക്ഷ കൊടുത്തു ജയിച്ച ആളും ആകുന്നു-

ഹരജിക്കാരനെ പരിക്ഷയിൽ എടുത്തിരിക്കുന്ന എന്ന ഗവമെണ്ടുവക 60 അക്ട (ന്റെ) 4 ഒന്നത്തെ സപ്ലമെണ്ടു ഗജറ്റിൽ 17-ാം ഭാഗം 81-ാം നമ്പ്രായി ചെയ്തു പ്രസിദ്ധപ്പെ

ടുത്തുകയും ചെയ്തിരിക്കുന്നു - ഹരജിക്കാരനെ
പൊലെ ആകൊല്ലം പരിക്ഷയിൽ ജയിച്ചി
ട്ടുള്ള ശെഷം എല്ലാവരെയും ഉദ്യൊഗങ്ങൾക്കു
നിശ്ചയിച്ചുപൊയിരിക്കുന്നു - ഹരജിക്കാരന്റെ
പാശ്ചാത്യ ചില അത്യാപത്തുകളും മറ്റും പരിക്ഷ
യാൽ ഇതുവരെ ഹരജിക്കാരന്റെമെൽ പറഞ്ഞ
അവസ്ഥകൾ യജമാനൻ അവർകളുടെ ദൃഷ്ടി
യിൽ അകപ്പെടുത്തുവാനും ഗുണത്തെ സിദ്ധിപ്പാ
നും എടവരാതെയിരുന്നതാണ - അതുകൊണ്ടു
കൊടതിയിലെ ദയ ഉണ്ടായി ഹരജിക്കാരന്റെ
മെൽപറഞ്ഞ സംഗതികളും 4 ഗജട്ടും നൊക്കി ക്രാ
നാട്ടു മുൻസിഫ കൊടതിയിൽ // വക്കീലന്മാർ
ഉള്ളതിൽ ഒരാളെ പിരിച്ചുപൊയിരിക്കുന്നപ്ര
കാരം ഹരജിക്കാരൻ അറിഞ്ഞിരിക്കകൊണ്ടു ആ
വക്കീൽ പണിക്കു ഹരജിക്കാരനെ നിശ്ചയിപ്പാൻ
കല്പന ആകെണ്ടതിന്ന അപെക്ഷിക്കുന്നു - എ
ന്ന 1039 മീനം 5 ന എഴുതിയതു -

---

1. E. *Commission*. 2. E. *Uncovenanted Service*.

3. E. Supplement. 4. E. Gazette.

(78) കൊഴിക്കൊട്ടു ജില്ലാ സെഷൻ
കൊടതിയിലെക്കു-

നെടുങ്ങനാട്ടു താലൂക്കു പനമണ്ണ അംശം പൊറ്റൂര
ദെശത്തു മങ്ങൊട്ടു പാറക്കാട്ടു രാമൻനായർ ബൊധി
പ്പിക്കുന്ന അപ്പീൽ ഹരജി-

റെയിൽവെ ഇഞ്ചിനിയർമാരെ
അടികലശൽ ചെയ്ത പ്രകാരം ഉണ്ടായ പൊലിസ്സു
കാര്യത്തിൽ ഞാനും കൂടി ഉണ്ടായിരുന്നു എന്നു വെ
ച്ചു ഇനിക്കു ജായണ്ടു മജിസ്ത്രെട്ടിൽനിന്നു 25 ഉറു
പ്പിക പിഴ കല്പിച്ചിരിക്കകൊണ്ടു ആയതിപ്പൊൾ മാ
റ്റി പിഴ മടക്കി തരുവാനുള്ള സംഗതികൾ താ
ഴെ കാണിക്കുന്നു-

1-ാം കാര്യത്തിൽ ഉണ്ടായി എന്നു
പറയുന്ന കലശലിന്നു ഞാൻ കൂടീട്ടില്ലെന്നു ജാ
യണ്ടു മജിസ്ത്രെട്ടു അവർകൾതന്നെ സമ്മതിക്കുന്നു-
അങ്ങിനെ ഇരിക്കെ ആ സമയം ഞാൻ കൂടി ഉണ്ടാ
യിരുന്നു എന്നു അന്യായക്കാർ പറയുന്ന പക്ഷ

നെ തെളിവായി സ്വീകരിച്ചു ഇനിക്കു പിഴ ക
ല്പിച്ചതു ഒട്ടും ശരി അല്ല.

2. എന്നുമാത്രം അല്ല ആ ഉണ്ടാ
യി എന്നു പറയുന്ന കലശൽ സമയം ആ ദിന
ത്തിൽ കിടപ്പായിരുന്നു എന്നും ഞാൻ ആ സ്ഥല
ത്തു പ്രവെശിച്ചിട്ടില്ലെന്നും സാക്ഷികളാൽ തെ
ളിയിക്കയും പിഴ കല്പിപ്പാൻ മൂലമായ കാൎയ്യം തി
യ്യനെ 2 ബന്തൊബസ്തിൽ വെച്ചു എന്നാകയും
അങ്ങിനെ ബന്തൊബസ്തിൽ വെച്ചു എന്നു പറ
യുന്ന കാൎയ്യത്തിൽ ഞാൻ പ്രവെശിച്ച പ്രകാരം
യാതൊരു തെളിവുകൊണ്ടും സ്ഥാപിക്കാതെയി
രിക്കുകയും ചെയ്തിരിക്കുമ്പൊൾ ജ്വായണ്ടു മജി
സ്ത്രെട്ടു അവർകൾ പിഴ കല്പിച്ചതു ക്രമമായി
ട്ടില്ല.

ആയതുകൊണ്ടു ദസ്താവെജുകൾ സ
കലവും പാൎത്തു മെപ്പടി തീൎപ്പു മാറ്റി ഇനി
ക്കു കല്പിച്ച പിഴ മടങ്ങി തരുവാൻ കല്പനയു
ണ്ടാകെണ്ടതിന്നു അപെക്ഷിക്കുന്നു. എന്നു

കൊല്ലം 1033 ആമത ഇടവമാസം 8 നു എഴുതി
യത-

---

1. E. Railway Engineers. 2. P. Band-o-bast.
Security, detention.

(79) കോഴിക്കൊട്ട ജില്ലാ സെഷൻ
കോടതി മുമ്പാകെ.

57ൽ ക്രിമിനാൽ ഫയൽ 43-ാംനമ്പ്രിൽ തടവുകാരൻ ജൊൻ ആലിസ്സ അലെക്സണ്ടർ ബൊധിപ്പിക്കുന്ന അപ്പീൽ ഹരജി-

എന്റെമെൽ ചുമത്തിയിരിക്കുന്ന കുറ്റം ശരി അല്ലെന്നും വിട്ടയക്കെണ്ടത എന്നും ഞാൻ താഴെ പറയുന്ന സംഗതികളാലും വിസ്താരം പരത്തി നൊക്കുമ്പൊഴും തെളിയും-

1-ാമത ഒരു സാക്ഷിക്കാരന്റെ വാക്കിനാൽ ആകുന്ന എന്റെമെൽ കുറ്റം ചുമത്തിയിരിക്കുന്നത. ആ സാക്ഷിക്കാരനും ഞാനും ഒരു സാക്ഷിയുടെ അടുക്കൽ പണിയും അ

വനും മറ്റുചില പണിക്കാരും ഇനിക്കു ശത്രു വാണെന്നും വിവരമായി എന്റെ കല്പിതത്തിൽ ഞാൻ ബൊധിപ്പിച്ചിട്ടുണ്ടു.

2-ാമതു കളവുവക എന്നു പറയുന്നവയിൻ കുപ്പി എന്റെ പക്കൽ വെച്ചു പിടിച്ചതായി ഒരു സാക്ഷി പറയുന്നുണ്ടു- ഞാൻ ബൊധിപ്പിച്ച സാക്ഷികളുടെ വാക്കിനാലും ആ സാക്ഷിക്കാരനാലും എന്നാലും ആ സ്ഥലത്തു വയിൻ കുപ്പി കൊണ്ടുവന്നിടുവാൻ കഴിയുന്നതു അല്ലെന്നു തെളിവായിരിക്കുന്നു-

3-ാമതു. എന്നതന്നെയുമല്ല ഠരം കാര്യത്തിലെ സാക്ഷിക്കാരും മറ്റും എന്നൊട്ടു പല വിരൊധം ഉള്ളവർ ആകയാൽ ആ രാഗദ്വെഷം നിമിത്തം അവർ എന്റെ മെൽ ഠരം ഭാരം ഉണ്ടാക്കി ചമച്ചതാണെന്നു എന്റെ കല്പിതത്തിൽ പറഞ്ഞിരിക്കുന്നതു കൂടാതെ ആ ഭാഗവും എന്റെ സാക്ഷികളാൽ തെളിഞ്ഞിട്ടുണ്ടു-

4-ാമതു ഈ പ്രകാരം തെളിവായിരിക്കുമ്പൊൾ അതിന്നവിപരീതമായി എന്റെ

മെൽ ൦ര൦ ക്കറാം ചുമത്തിയതു വച്ചെതായ സങ്ക
ടം ആകകൊണ്ടു വിസ്താരം വരുത്തി നൊക്കി
എന്റെമെൽനിന്ന ൦ര൦ വിധി മാററിതരുന്ന
തിന്ന ഞാൻ അപെക്ഷിക്കുന്നു - 1858 ജനവരി
6നു എഴുതിയതു -

(80) അപ്പീൽ യാദാസ്തു -

പാലക്കാട്ടു തുക്കിടി മുൻസിഫ കൊടതിഫയൽ
61ൽ നമ്പ്ര 387 അന്ന്യായം - പാലക്കാട്ടുതാ
ലൂക്ക കൊപ്പം അംശം കിഴെമുറിയിൽ കിഴെ
വീട്ടിൽ പൊക്കന്റെ മകൻ കറുവൻ - പ്രതി -
മെപ്പടി കിഴെമുറിയിൽ കൃഷ്ണൻനായരുടെ മ
കൻ കെളുനായർ -

മെപ്പടി വ്യവഹാരത്തിൽ പാ
ലക്കാട്ടു തുക്കിടി മുൻസിഫ കൊട്ടിന്റെ 64 അക്ടു
മ്പ്ര 5നു തെ വിധിമെൽ അന്ന്യായക്കാരനു
വെണ്ടി വക്കീൽ ശെഷൻപട്ടർ താഴെ കാണി
ക്കുന്ന കാരണങ്ങളിമെൽ അന്ന്യായപ്പെട്ട സംഖ്യ
ഉറുപ്പിക 64 സലയായി 59ൽ 8-൦ നമ്പ്ര ആക്ടു

333_ാം വകുപ്പു പ്രകാരം കൊഴിക്കൊടു ജില്ലാസിവിൽ കൊട്ടിലെക്കു ബൊധിപ്പിക്കുന്ന ആക്ഷെപ്പത്തിൽ എന്തെന്നാൽ -

1. അന്യായംവക സാക്ഷികളാൽ അന്യായ പ്രകാരം വെടിപ്പായി തെളിയിച്ചിരിക്കുമ്പൊൾ അന്യായം തള്ളിയതു ശരിയല്ല.

2. കണക്കുതീർത്തപ്പൊൾ ഒടുവിൽ ഉണ്ടായ ഇടപാടു നടന്നിട്ടു 6 കൊല്ലം കഴിഞ്ഞിട്ടില്ല.

3. അന്യായത്തിൽ പറയുന്ന പ്രകാരമുള്ള ചരക്കുകൾ കൊടുക്കുന്നതിന്നു കച്ചൊടക്കാർ ആധാരം എഴുതിവാങ്ങുന്ന നടപ്പുതന്നെ ഇല്ല.

4. അന്യായത്തിൽ പറയുന്നതിൽ അധികം കാലം താമസിച്ചിട്ടും ആധാരം ഇല്ലാത്ത ഇടപാടുവക കണക്കു തീർത്തു എന്നും അപ്പൊൾ ബാക്കി കണ്ട സംഖ്യ താൻ ഇനിയും അന്യായക്കാരന്നു കൊടുപ്പാൻ ഉണ്ടെന്നും പ്രതിക്കാരൻ സമ്മതിക്കുന്നതുകൊണ്ടുതന്നെ കാലതാമസംകൊണ്ടും ലക്ഷ്യം വാങ്ങാത്തതുകൊണ്ടും മുൻസിഫ പ്രസ്താവിക്കുന്നതു നിസ്സാരമെന്നു ദൃഷ്ടാന്തമായിരിക്കുന്നു.

5. അന്യായത്തിന്നു എതിരായി പ്രതി
ക്കാരൻ യാതൊരു തെളിവും കൊടുത്തിട്ടില്ല- വി
ധിച്ചെ മുതൽ തീർപ്പിൽവരെയുള്ള പലിശ ഉ
പെക്ഷിച്ചിരിക്കുന്നു. എന്നു 1864 നവെമ്പ്ര
4നു എഴുതിയത്.

(81) പാലക്കാട്ടു ഇരിക്കും മുൻസിഫ
കൊടതിയിലെക്കു.

പാലക്കാട്ടു താലൂക്കു കൊപ്പം അംശം സുൽത്താൻപെട്ടയിൽ ഇരിക്കും അണ്ണാചലമുതലിയാർ മകൻ സൊമസുന്ദരമുതലിയാർ.	അന്യായം.
കൊച്ചിശ്ശിമ തത്തമംഗലത്തിന്റെ മെപ്പടി പാലക്കാട്ടു താലൂക്കു അകത്തെത്തറ അംശം കൊട്ടക്കാട്ടു ദെശത്തു ഇപ്പൊൾ സ്ഥിരമായി പാൎത്തുവന്നനാവറുമീരാരാവുത്തൻ.	പ്രതി.

59ൽ 8-ാം നമ്പ്രാക്കു 26-ാം ചെക്കു

പ്പ പ്രകാരം ബോധിപ്പിക്കുന്ന അന്യായം.

ശ്രീമൂൎഭഗവതി മഠപാരത്തിൽ

ഞാൻ കരാർ ചെയ്ത പാട്ടം മുറിപ്പിച്ചു സ്ഥല

ത്തു കൂടക്കുന്ന സിലിപ്പർ പലക ।ക്കു കാൽ ഉറു

പ്പിക പ്രകാരം 200 ഉറുപ്പിക ആമാസം 30 തിയ്യ

തികത്തു കാഞ്ഞിരക്കടവിൽ കൊണ്ടുവന്നു തരാമെ

ന്നും തന്നില്ലെങ്കിൽ നൂറിന്നു 2 ഉറുപ്പിക

പ്രകാരം പലിശയും കൂട്ടി ചോദിക്കുമ്പോൾ

കൊടുപ്പാൻ സിദ്ധാൎത്ഥി വൎഷം [2] തൈമാസത്തി

ന്നു 1037 മകരം 8 നു പ്രതി ഇന്നിക്കു കരാർ

എഴുതിതന്ന [3] അഡ്വാൻസായി താഴെ പറയു

ന്ന സംഖ്യ വാങ്ങിയിരിക്കുന്നു. ആ കരാറു പ്ര

കാരം അവധിക്കു പലക കടത്തിത്തരികയൊ

വാങ്ങിയമുതലും പലിശയും തരികയൊ ചെ

യ്തിട്ടില്ല. ചോദിക്കുമ്പോൾ പലിശയും മുതലും

തരാമെന്നു പറഞ്ഞുവരുന്നതെയുള്ളു. ഒടുവിൽ

ഠരം തുലാം കന്നിയിലും ചോദിച്ചിരിക്കുന്നു.

മുതൽ ക 25 . .

കരാറിലെനിയമപ്ര . . .

കാരം ഇതുവരെ പലി . . .

ശ ക. 28 — ണ.5 — സ്സൂൽ. . .

ഉപെക്ഷിച്ചുക.3 — „ 5 — 3. . . . .

കഴിച്ചു ——————— ക.25 „ .

പകരണ്ടിൽ ——— ക. 50 — . — „

മെലാലത്തെ പലിശ ചിലവുകളൊടുകൂടി പാണ്ടിതരുവാൻ അപെക്ഷിക്കുന്നു. 1040 തുലാം 5 നു.

---

1. E. Sleeper. 2. Name of a Tamil month, the plaintiff being a Tamilian uses the Tamil Calendar. 3. E. Advance.

(82) മലയാംജില്ലാ കൊഴിക്കൊടു
സെഷൻ കൊടതിയിലെക്കു.

ഏറനാടുതാലൂക്കിൽ തിരുവാലിഅംശം ദെശ
ത്തു കിഴക്കെപ്പാട്ടു കൃഷ്ണവാരിയർ സ്പെശ്യാൽ മ
ജിസ്ത്രെട്ടിൽനിന്നു കല്പിച്ചതിന്മെൽ അപ്പി
ലായി ബൊധിപ്പിക്കുന്ന സങ്കടം ഹരജി.

1857 നവെമ്പ്ര 24 നു 248-ാംനമ്പ്ര
അന്യായക്കാരൻ മെപ്പടി അംശം കച്ചെരിയിൽ
മെപ്പടി സംഗതിക്കു ബൊധിപ്പിച്ച അന്യായവും
അധികാരിയുടെ റിപ്പൊൎട്ടും കൂടി നൊക്കുമ്പൊൾ
മെപ്പടി നമ്പ്ര അന്യായം ഫയലിൽ ചെൎക്കെ
ണ്ടതായ യാതൊരു ആവശ്യം പൊലിസ്സു കച്ചെ
രിക്കു കാണുന്നില്ലാത്തതു കൂടാതെ അന്യായക്കാര
ൻ പറഞ്ഞതു അല്ലാതെ കണ്ടിട്ടില്ലെന്നു സാക്ഷി
കളെ വാക്കും ഒരിക്കലും വിശ്വസിക്കെണ്ടതായി
കാണുന്നില്ല.

2. 248-ാംനമ്പ്ര അന്യായക്കാര
ന്റെ ഒരു അനാവശ്യം മാത്രം സ്വീകരിച്ചു ഞ
ന്റെ ഭാഗം ഉള്ള തെളിവിനെയും സത്യത്തെയും

ഉപെക്ഷിച്ചു ഞാൻ തറവാട്ടിൽ അല്ലു പൊരുന്നതും
കിണററിൽനിന്ന വെള്ളം എടുക്കരുതെന്നും തന
ന്നെ മറച്ചു ഹെയ്യപൊലിസ്ത്താപ്പർ കല്പിച്ചതീ
ർപ്പു മാററി തരുവാനായി: സ്ലെപ്പുത്രാൽ അസിസ്താ
ണ്ടു മജിസ്ത്രെട്ടിൽ ബൊധിപ്പിച്ച ഹരജിയെ
കുറിച്ചും ഹെയ്യപൊലിസ്ത്താപ്പർ നടത്തിയ ദസ്താ
വെജുകൾ പരിശൊധിക്കാതെ കല്പിച്ച ഒരുമറു
പടി എന്നു സന്നിധാനത്തിങ്കൽ വ്യക്തമായി ദൃ
ഷ്ടാന്തപ്പെടുന്നതാണ്.

3. മജിസ്ത്രെട്ടിൽനിന്ന പ്രവെ
ശിപ്പാനും ഒരു കല്പന കൊടുപ്പാനും സംഗതി ഇ
ല്ലെന്നും കല്പിച്ച മറുപടിക്കു വിപരീതമായ
248-ാം നമ്പ്ര അന്ന്യായത്തിന്ന ഹെയ്യപൊലി
സ്ത്താപ്പർ കല്പിച്ചതീർപ്പു ശരി എന്നു കല്പിച്ചതും
വിഹിതമല്ല.

4. ഠരം സന്നിധാനത്തിങ്കലെ ദ
യഉണ്ടായിട്ടു അംഗം മുതൽ ഠരം നമ്പ്ര കാര്യത്തിൽ
നടന്നിട്ടുള്ള സകല റിക്കാട്ടുകളെയും പരിശൊ
ധിക്കുന്നെരത്തിങ്കൽ മജിസ്ത്രെട്ടിൽനിന്ന ഹെയ്യ

പൊലീസ്സായ്പരുടെ തീൎപ്പു സ്ഥിരപ്പെടുത്തിയിക്കുന്നു എന്നു കല്പിച്ചു മറുപടി മാററി തരുവാൻ പലരെ സങ്കടത്തൊടും കൂടി അപെക്ഷിക്കുന്നു- എന്നു 1033-മത മീനമാസം 3 നു എഴുതിയതു-

(83) കോഴിക്കോട്ടു ജില്ലാ സെഷൻ കോടതിയിലെക്കു-

